


മുഖചിത്രം: വൈക്കം മുഹമ്മദ് ബഷീർ
ഫോട്ടോ : പുനലൂർ രാജൻ

**NAKSHTHRA RAJYAM**
(Monthly Magazine)
2008 December 1
Reg. No. 2008/11/2718/D/

Issue 1 Volume 2

*Chief Editor, Publisher & Own*
**E. Radhakrishnan Kommeri**

*Inside Art:*
**Rakesh**

**Nakshthra Rajyam**
24/1704 A, Raj Building,
Byepass Road,
Mankave, Kozhikode - 07
Kerala, India.
Mob : 9744233997
9847649567

**Price Rs. 10.00**

**നക്ഷത്ര രാജ്യം തപാലിൽ ലഭിക്കാൻ വരിക്കാരാവുക.**

# എഡിറ്റോറിയൽ

## വായന മടുത്ത മലയാളി മനസ്സ്

അന്യസംസ്ഥാനങ്ങളെ അപേക്ഷിച്ച് അക്ഷരാഭ്യാസം തികഞ്ഞവരായതുകൊണ്ടു മാത്രമാണ് മലയാളികളെ ഭാരതത്തിലാകമാനമുള്ള ജനങ്ങൾ അറിയപ്പെടുന്നത്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലഘട്ടങ്ങളിലെപോലെ കേരളത്തിൽ നിന്ന് തന്നെ തേയിലയും ഗ്രാമ്പുവും കാപ്പിയും ഏലക്കയും ചുക്കും കുരുമുളകും നാളികേരവും ഇറക്കുമതി ചെയ്യേണ്ട സ്ഥിതിവിശേഷം "ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങൾക്കോ" അറബ് രാഷ്ട്രങ്ങൾക്കോ യൂറോപ്യൻ രാഷ്ട്രങ്ങൾക്കോ ഇന്നില്ല. തൊഴിൽമേഖലയിലെ മനുഷ്യശക്തി ഉപയോഗപ്പെടുത്താൻ വേണ്ടി ഗൾഫുനാടുകളും അന്യ സംസ്ഥാനങ്ങളും യൂറോപ്യൻ രാഷ്ട്രങ്ങളും സമയാസമയങ്ങളിൽ മലയാളികളെ ഉപയോഗപ്പെടുത്താറുണ്ടെന്നതൊഴിച്ചാൽ മലയാളികളേയും അവരുടെ മനുഷ്യശക്തിയേയും ഇന്നാർക്കും വേണമെന്നില്ല.

മറ്റു പല ഭാഷകളും സംസാരിക്കാനറിയുന്നവരും സംസാരിക്കുന്നവരുമായ അന്യസംസ്ഥാനക്കാർ മലയാളഭാഷയെ പുച്ഛത്തോടെ വീക്ഷിക്കുന്നു എന്നു പറഞ്ഞു വിലപിക്കുന്ന മലയാളികൾ ധാരാളം കേരളത്തിലങ്ങോളമിങ്ങോളമിന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലുള്ളവരും കേരളീയരായി ധാരാളമുണ്ടതുപോലെ കേരളസംസ്ഥാനത്ത്. പക്ഷേ ഒരു കേരളീയനെക്കുറിച്ച് പറഞ്ഞാൽ അവന്റെ കുട്ടികളുടെ വിദ്യാഭ്യാസകാലങ്ങളിൽ ഒരു ശരാശരി മലയാളിക്കുപോലും ഇന്ന് തന്റെ വീട്ടിനടുത്തുള്ള ഗവൺമെൻറ് സ്കൂളുകളോടും മലയാളം മീഡിയം സ്കൂളുകളോടും എന്തിനേറെ മലയാളം ഭാഷയോടുപോലും പുച്ഛമാണ്. കേരളത്തിനു തെക്കുള്ളവർ പറയുന്ന മലയാളത്തോട് വടക്കുള്ളവർക്കു പുച്ഛം. വടക്കുള്ള മലയാളിയുടെ സംസാരം തെക്കുള്ളവർക്കു പരിഹാസം. അങ്ങിനെയുള്ള മലയാളി അന്യദേശക്കാരേയും അന്യസംസ്ഥാനക്കാരേയും കുറിച്ച് പരാതി പറഞ്ഞ് വിലപിക്കുന്നതുകൊണ്ടെന്തു ഫലം?. ഇത്തരക്കാരാണ് മലയാളഭാഷയുടെ ശോഷണത്തെക്കുറിച്ച് പറഞ്ഞ് മുതലകണ്ണീരൊഴുക്കാറുള്ളത്. തന്റെ മകനെ അല്ലെങ്കിൽ മകളെ മാനേജ്മെന്റ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കുവാനാണിവരാഗ്രഹിക്കുന്നത്. മലയാളഭാഷക്ക് പരിമിതിയും ശോഷണവുമുണ്ടത്രെ.!

തന്റെ കുട്ടികൾക്ക് മലയാളം നല്ലവണ്ണം വായിക്കാനറിയില്ല എന്നു പറയുന്നത് പോലും ഒരു പൊൻതൂവലായാണ് ഇത്തരക്കാർ തലയിലേറ്റികാണുന്നത്. തന്റെ കുട്ടികൾക്ക് പഠിക്കാൻ വീട്ടിൽ കമ്പ്യൂട്ടറുകളുണ്ട്. പത്രങ്ങൾക്കും മാഗസിനുകൾക്കുപകരം പ്രാഥമിക വിജ്ഞാനത്തിന് ടെലിവിഷനുകളുണ്ട് എന്നു പറയുന്നതിൽ അഭിമാനിക്കുകയും ഊറ്റംകൊള്ളുകയും ചെയ്യുകയാണ് അവർ.

ഇതുപോലുള്ളവർ സ്വന്തം സന്തതികളുടെ വിദ്യാഭ്യാസത്തേയും മാതൃഭാഷയായ മലയാളത്തേയും അപമാനിക്കുകയാണ് ചെയ്യുന്നത്. വായനാശീലം ഇല്ലാതെ ബുദ്ധിവികാസം നടക്കാറില്ല. മെമ്മറിയിൽ അറിവ് വിജ്ഞാനമായി പാകപ്പെടുത്തി സ്റ്റോറു ചെയ്യാറുമില്ല. എന്തുകൊണ്ടെന്നാൽ കണ്ണുകൊണ്ട് കാണുന്ന അറിവ് തലച്ചോറിൽ വച്ച് വിജ്ഞാനമായി സംസ്കരിച്ചെടുക്കുവാൻ സമയമില്ലാതാകുന്നതുകൊണ്ടാണങ്ങനെ സംഭവിക്കുന്നത്. അതിനുള്ള പ്രധാന കാരണം ടെലിവിഷൻ കാണുന്ന സമയത്ത് കണ്ണുകളിലൂടെ തലച്ചോറും പഞ്ചേന്ദ്രിയങ്ങളും അതിദ്രുതമായി പ്രവർത്തിക്കുന്നതുകൊണ്ടാണ്. അറിവ് സംസ്കരിച്ചെടുക്കുമ്പോഴാണല്ലോ വിജ്ഞാനമാകുന്നത്.

"എന്നാൽ വായനാവേളയിൽ" വായനയിലൂടെ കിട്ടുന്ന അറിവ് വിജ്ഞാനമായി മെമ്മറിയിൽ പാകപ്പെടുത്തി കാലാകാലങ്ങളിലേക്ക് തലച്ചോരിൽ സ്റ്റോറുചെയ്യുന്ന പ്രക്രിയക്കു ധാരാളം സമയം കിട്ടുന്നുണ്ട്. ഏതൊരാളും വായനാസമയങ്ങളിൽ കണ്ണുകളോടൊപ്പം തലച്ചോറുകൂടി സ്റ്റെയിൻ ചെയ്തുപയോഗിക്കാറുള്ളതുകൊണ്ടാണതിനു വഴിയൊരുങ്ങുന്നത്.

നാമെന്തു പയും. കണ്ണുകളും തലച്ചോറും ചേർന്ന് അറിവിനെ സംസ്കരിച്ചെടുത്ത് ബുദ്ധിയിലെത്തിക്കുന്ന വായനകൊണ്ടുണ്ടാകുന്ന നേട്ടങ്ങളെ മറന്ന് – കണ്ണുകളിലൂടെ പഞ്ചേന്ദ്രിയങ്ങളേയും തലച്ചോറിനേയും പ്രവർത്തിപ്പിക്കുന്ന മന്ദബുദ്ധികളായ കുട്ടികളെ വാർത്തെടുക്കുന്നതിനെ തന്റെ കുട്ടികൾക്ക് വേണ്ടി ചെയ്യുന്ന ത്യാഗമായി കരുതി മറ്റുള്ളവരുടെ മുന്നിൽ നെഞ്ചു വിരിച്ചു നടക്കുന്ന രക്ഷിതാക്കളെ കുറിച്ച്.

മലയാളിക്ക് വായനാശീലം കുറഞ്ഞതിനെക്കുറിച്ച് പറഞ്ഞ് വിലപിക്കുകയും പുസ്തകവില്പനാമേള ഇടക്കിടെ സംഘടിപ്പിക്കുകയും ചെയ്തതുകൊണ്ട് പുസ്തകവായനശീലം തിരിച്ചുവരണമെന്നില്ല. പുസ്തകവായനാഗുണം തിരിച്ചറിഞ്ഞ് പുസ്തകത്തെ സ്നേഹിക്കുന്ന ഒരു തലമുറയെ വളർത്തിയെടുക്കുകയാണ് വേണ്ടത്.

**– ചീഫ് എഡിറ്റർ**



പ്രകാശനം

# നക്ഷത്രരാജ്യം

മാസിക







കോഴിക്കോട്: ടൗൺഹാളിൽ 2008 സെപ്തംബർ മാസം 28 -ാം തിയ്യതി ഞായാറാഴ്ച വൈകു : 6 മണിക്ക് ആരാധ്യ കോഴിക്കോട് മേയർ ശ്രീ. എം. ഭാസ്കരൻ നക്ഷത്രരാജ്യം മാസികയുടെ ആദ്യ പ്രതി ശ്രീ. ടി. വി. ബാലൻ അവർകൾക്കു നൽകികൊണ്ട് പ്രകാശനം നിർവ്വഹിച്ചു.


സമൂഹത്തിൽ മാഗസിനുകൾക്കുള്ള സ്ഥാനത്തെയും - വായനാ ശീലം കൊണ്ടുണ്ടാകുന്ന സാംസ്ക്കാരിക നേട്ടങ്ങളേയും കുറിച്ച് നക്ഷത്രരാജ്യം മാസികയുടെ ആദ്യപ്രതി ശ്രീ. ടി. വി. ബാലൻ (സി. പി.ഐ ജില്ലാ സിക്രട്ടറി)അവർകൾക്കു നൽകികൊണ്ട് ആരാധ്യമേയർ ശ്രീ. എം. ഭാസ്ക്കരനും ആദ്യപ്രതി സ്വീകരിച്ചുകൊണ്ട് ശ്രീ. ടി. വി ബാലൻ അവർകളും ചടങ്ങിൽ അധ്യക്ഷം വഹിച്ചുകൊണ്ട് ശ്രീ. കെ. വി. പ്രഭാകരൻ അവർകളും (ആദ്യലക്കം മാസികയിലെ നോവലെറ്റ് 'അഗ്നിനിലങ്ങളിൽ മഞ്ഞു ചെയ്യുന്നു') പ്രഭാഷണം നടത്തി.








പ്രമുഖസാഹിത്യകാരായ ശ്രീ. കെ.വിഷ്ണു നാരായണൻ, ഭാസിമലാപറമ്പ്, മുണ്ട്യാടി ദാമോദരൻ. മറ്റകരസുകുമാരൻ നായർ, സുരേന്ദ്രൻ വടക്കിനാലിൽ മുതലായ പ്രസംഗികർ നക്ഷത്രരാജ്യം മാസികക്ക് സർവ്വവിധ ഉയർച്ചയും ഭാവുകങ്ങളും നന്മയും ആശംസിച്ചുകൊണ്ട് പ്രസംഗിച്ചു







മാസിക പ്രകാശന ചടങ്ങ് കൃത്യം 7 മണിക്ക് ചീഫ് എഡിറ്ററുടെ നന്ദി പ്രകടനത്തോടെ അവസാനിച്ചു

തുടർന്ന് സ്റ്റേജിൽ വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ് കലാപരിപാടികൾ അവതരിപ്പിച്ചു.

■

കഥ



യു.എ. ഖാദർ

# കിനാവുകളിൽ സ്വർണ്ണത്തരികൾ

അവളുടെ മുഖം വല്ലാതെ വിളർത്തിട്ടുണ്ടെന്ന് തോന്നുന്നു. ചോരനിറം തിളങ്ങിയിരുന്ന ചുണ്ടുകൾ പോലും മഞ്ഞളിച്ചിട്ടുണ്ട്. ആ പഴയ പ്രസരിപ്പുകാരി- മുമ്പിലെ സോഫയിൽ താടിക്കു കൈ ഊന്നി തളർന്നിരിക്കുന്ന ഈ സ്ത്രീ...., അവളാണോ!.... ആരോടുമല്ലാതെ പതുക്കെ, അയാൾ പറഞ്ഞു. എന്തോ പന്തികേട് സംഭവിച്ചിരിക്കുന്നു.

അവളുടെ ജീവിതത്തെ ആരോ പറ്റെ പിഴിഞ്ഞു തുടങ്ങിയിട്ടുണ്ട്. പഴയ പ്രസരിപ്പുകളും ആഹ്ലാദതിമർപ്പുകളും ആരോഗ്യവും നഷ്ടപ്പെട്ടു - അയാൾക്ക് കഠിനമായ വേദന തോന്നി. അമൂല്യമെന്ന് നിനച്ചിരുന്ന, അനർഘമെന്ന് വിശ്വസിച്ചിരുന്ന, ഒന്നു കൈമോശം വന്നിരിക്കുന്നു. ശാന്തയുടെ വിളർത്ത മുഖം കാണെക്കാണെ തളർന്ന സ്വരത്തിൽ സാവധാനത്തിൽ അയാൾ പറഞ്ഞു. "ഞാൻ നഷ്ടപ്പെട്ടവനാണ്. ഖേദകരമായ നഷ്ടം പറ്റിയവൻ......"

അയാൾ ഇരിക്കുന്ന സോഫയുടെ അരികിലേക്ക് ടീപ്പോയി നീക്കിയിട്ട് ശാന്ത ചോദിച്ചു.

എന്താ സ്വപ്നം കാണുകയാണോ?. കാപ്പി ആറിത്തണുക്കുന്നു.....

നേരാണോ, കിനാവുകളുടെ സ്വർണ്ണമായ ആ ശാന്ത തന്നെയാണോ ഇപ്പോൾ സംസാരിച്ചത്. തീർച്ചയായും അവളുടെ ശബ്ദത്തിന് കേടു പറ്റിയിട്ടില്ല. ശബ്ദനാളത്തെ പരുക്കേൽപ്പിക്കാൻ ആർക്കും സാധിച്ചിട്ടില്ല. ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന കാലം ആരെയാണ് മനഃപൂർവ്വം ദ്രോഹിച്ചിട്ടുള്ളത്?. അയാൾ ചിന്തിച്ചു. ശാന്തയെ- മനസ്സിനു കുളിരു നല്കാറുള്ള കാമിനിയെ- സദാ ദ്രോഹിച്ചുകൊണ്ടിരിക്കുന്നത് അവളുടെ ജീവിതം തന്നെയാണ്. ആ ജീവിതത്തിന് നിറപ്പകിട്ടു നല്കാറുള്ള ആർക്കെല്ലാം അതിൽ പങ്കില്ല!.

കനത്ത പ്രഹരമേറ്റവനെ പോലെ അയാളൊന്നു പുളഞ്ഞു. വലിച്ചു തീർത്ത സിഗരറ്റു കുറ്റി ആഷ്ട്രേയിൽ എരിയുന്നുണ്ട്. പുകച്ചുരുളുകളിലേക്കും. ചൂടാറാത്ത കാപ്പിയിൽ നിന്നുയരുന്ന ആവിയിലേക്കും, ശാന്തയുടെ മുഖത്തേക്കും നോട്ടമയച്ചുകൊണ്ട് അയാൾ പറഞ്ഞു.

കുടിയ്ക്കാം. ധൃതിയൊന്നുമില്ലല്ലോ. ചൂടില്ലാത്ത കാപ്പിയാണ് ഇപ്പോഴിപ്പായി ഞാൻ കൂടുതലിഷ്ടപ്പെടുന്നത് .

അവളുടെ മുഖം ഒന്നുകൂടി വിളറി എന്താ അങ്ങനെ പറയുന്നത്?.

അതേ ; ശാന്തേ - ചൂടില്ലാത്ത തണുത്ത കാപ്പി .

അപ്പോൾ ഈ തണുത്ത കാപ്പിയോടുള്ള പ്രേമം എന്നു മുതല്ക്കാണ് തുടങ്ങിയത്?.

അവൾ പൊട്ടിച്ചിരിച്ചു. ആ ചിരിക്കു പോലും പഴയ അഗ്നിജ്വാലയില്ല. പണ്ട് അവളുടെ ചരിമലരുകൾ കിനിയുന്ന ചൂടേറ്റ് വിയർത്ത് കുളിക്കാറുണ്ടായിരുന്നു. ഉരുകാറുണ്ടായിരുന്നു.

പറയൂ- ഈ പ്രേമം വെറും നാട്യമാണോ?.

ഏതു പ്രേമം?. അയാൾക്കു പറയാൻ തോന്നി. ജീവിതത്തിന് ചൂടുണ്ടായിരുന്ന കാലഘട്ടത്തിൽ തുടങ്ങിയ യാതൊരടുപ്പവും വെറും നാട്യങ്ങളല്ല. അന്നത്തെ തണുപ്പിൽ ഒന്നു കൂടി ഒട്ടിപിടിപ്പിക്കാനും, പൂപ്പൽ ബാധിച്ച് ദ്രവിച്ച് നശിച്ച് ഇല്ലാതാകാനും വേണ്ടിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ചൂടിൽ നിന്നാരംഭിച്ച് തണുത്ത് വിറങ്ങലിച്ച് അവസാനിക്കുക.

അവസാനത്തിന്റെ ആപൽക്കരമായ തുടക്കമാണോ ശാന്തയുടെ ഈ വിളർച്ച?. അയാൾ സാവധാനം എഴുന്നേറ്റു. സ്വീകരണ മുറിയുടെ അറ്റത്തെ ഡ്രസ്സിംഗ് ടേബിളിൽ ഘടിപ്പിച്ച നീലക്കണ്ണാടിയിൽ സ്വന്തം രൂപം പ്രതിബിംബിക്കുന്നത് കാണാം. ഇല്ല, ഉറപ്പാർന്ന ശരീരത്തിന് പരുക്കൊന്നും പറ്റിയിട്ടില്ല. ഉട



വോ, ചതവോ ഏശിയിട്ടില്ലാത്ത അവയവങ്ങൾ. ചുകന്ന വരകൾ സ്പഷ്ടമായി തെളിയുന്ന കണ്ണുകൾ പോലും വിളിച്ചോതുന്നത് ഊർജ്ജ്വസ്വലനാണ് എന്നല്ലേ?. യൗവ്വനത്തെ ബന്ധിച്ചു നിർത്തിയ ഊർജ്ജസ്വലത!. അവൾ ചോദിക്കുന്നതു കേട്ടു:

ഉം – എന്തു പറ്റി ഇന്ന്.... പതിവില്ലാത്ത ഒരു മൗനം. ഒരു ഗൗരവം . എനിക്കറിയാം . ഇപ്പോൾ... .   .

അയാൾ അത്ഭുതപ്പെട്ടു. എന്താണിവൾക്കറിയുന്നത്... ?.

ഇപ്പോഴിപ്പായി ഇവിടെ വരാൻ പോലും നിങ്ങൾക്കു മനസ്സില്ല. പണ്ടത്തെ ആവശമെന്നും.... ഇല്ല. ഈ മാറ്റം.

അയാൾക്ക് ഒന്നും മിണ്ടാൻ സാധിച്ചില്ല. അഥവാ വല്ലതും പറയുന്നതിന് മുമ്പായി അവൾ തന്നെ കയറിപ്പറഞ്ഞു.

"എനിക്കറിയാം– ഇപ്പോൾ എന്നെ നിങ്ങൾക്ക് ഇഷ്ടപ്പെടുന്നില്ലായിരിക്കും. ഞാനറിയുന്നുണ്ട്. ഒന്നും ഒളിച്ചുവെക്കേണ്ടതില്ല. ഞാനിവിടെ ഇരിക്കുന്നുവെങ്കിലും കാണേണ്ടതും കേൾക്കേണ്ടതുമെല്ലാം അറിയാൻ എനിക്ക് സാധിക്കും".

അയാൾ ഒരു കുറ്റവാളിയെ പോലെ എല്ലാം ശ്രദ്ധിച്ചു കേട്ടു.

"ആഫീസിൽ ഒരു പുതിയ സെക്രട്ടറിയെ നിശ്ചയിച്ചിരിക്കുന്നു. അല്ലേ; അവളുടെ പേർ പോലും എനിക്കറിയാം. എന്നോടൊന്നും പറഞ്ഞില്ലെങ്കിലും ഞാനറിഞ്ഞിരിക്കുന്നു. ബിയാട്രീസ് .... അതല്ലേ?...

അയാൾക്ക് ദാഹിക്കുന്നുണ്ടായിരുന്നു. ടീപ്പോയിൽ നിന്നും കപ്പെടുത്ത് അയാൾ മോന്തി. കാപ്പി മതിയായില്ല എന്ന തോന്നൽ, തൊണ്ടആകെ വരണ്ടുണങ്ങുന്നു, ആരോഗ്യം നശിച്ച ഒരു യുവതിയുടെ വാക്കുകൾക്ക് ഗ്രീഷ്മകാലത്തെ മധ്യാഹ്ന വെയിലിനേക്കാൾ കാഠിന്യമുണ്ടോ?.

"ഞാനിവിടെ ഒരുത്തി വേദന തിന്നുകയാണെന്നു നിങ്ങൾ മറക്കുന്നു–" ശാന്തയുടെ കണ്ണുകൾ കലങ്ങുകയാണ്. അവളുടെ സംസാരം സിരകളെ നൊമ്പരപ്പെടുത്തുകയാണെന്ന് പെണ്ണ് മനസ്സിലാക്കാത്തതെന്തേ?. അവളുടെ മേനിയിൽ പൂശിയ വില കൂടിയ വാസന ദ്രവ്യങ്ങളുടെ സുഗന്ധം പഴയ കിനാവുകളിലേക്ക് വലിച്ചുകൊണ്ടു പോവുകയാണെന്ന് അയാൾക്ക് അപ്പോൾ തോന്നി.

അവൾ ഒന്നുകൂടി ജീവൻ വെച്ചിട്ടുണ്ടല്ലോ. അല്പ നേരം എന്തോ ആലോചിച്ച് അവൾ പറഞ്ഞു.

"എന്റെ ഗോപിനാഥൻ ഇനി എനിക്കു വേണ്ടി വളരെയൊന്നും വിഷമിക്കേണ്ടി വരില്ല – എത്രാമത്തെ തവണ വരുമ്പോഴായിരിക്കും എന്റെ വീർപ്പു പോവുക എന്ന് എണ്ണിത്തുടങ്ങിക്കോളൂ. പിന്നെ നിങ്ങളും നിങ്ങളുടെ പുതിയ ബന്ധങ്ങളും....".

അവൾ ശക്തിയായി ചുമച്ചു. ചുമ അവളുടെ മെലിഞ്ഞ ശരീരത്തെ തകർക്കുമെന്നു തോന്നി. ആ രംഗം അയാളുടെ മനസ്സിനെ വിഷമിപ്പിച്ചു. പടുത്തുയർത്തിയ വിശ്വാസങ്ങളുടെ പളുങ്കു മന്ദിരം തകരുന്നു. ഉടഞ്ഞ സ്ഫടികത്തുണ്ടുകളുടെ അടിയിൽ ഒരു സ്ത്രീ ശരീരം കീറിയും മുറിഞ്ഞും – മരണവേദനയനുഭവിക്കവേ വിളിച്ചു പറഞ്ഞതു പോലും അയാൾ കേട്ടു.

"എന്റെ ഗോപിനാഥാ നിങ്ങൾ കൂമ്പാരമുയർത്തിയ വിശ്വാസ പ്രമാണങ്ങളുടെ കുപ്പിച്ചില്ലുകൾ എന്റെ ശരീരത്തെ തകർത്തതു കണ്ടുവോ?. കീറി മുറിഞ്ഞ ഈ ദേഹം ഒരിക്കൽ നിങ്ങൾ താലോലിക്കുകയും തലോടുകയും ചെയ്തത് ഓർമ്മയുണ്ടോ–?".

സോഫയിൽ തളർന്നിരുന്നു കിതയ്ക്കുന്ന ശാന്തയുടെ കൈകൾ അയാൾ സാവധാനം തടവിക്കൊടുത്തു. അവളുടെയരികെ ചേർന്നിരുന്നു. അവളെ മാറിൽ ചേർത്തു കിടത്താൻ അയാൾ ആഗ്രഹിച്ചു. അപ്പോൾ ഉള്ളിലിരിക്കുന്ന ആരോ വിലക്കുന്നു. അതാവുമോ മനസ്സാക്ഷി.... !.

മനസ്സാക്ഷി– ശരീരത്തിന്റെ രക്ഷക്കു വേണ്ടി സാക്ഷി പറയാറുള്ള മനസ്സാക്ഷി – മന്ത്രിക്കുന്നുവെന്നു തോന്നി.

വരട്ടെ.... ആഗ്രഹങ്ങൾക്കനുസൃതമായി ജീവിതത്തെ തിരിച്ചുവിടാൻ സമയമായിട്ടില്ല. അയാൾ അവളുടെ കൈകൾ തടവുന്നത് നിർത്തി. വിറയാർന്ന ശബ്ദത്തിൽ ചോദിച്ചു – ശാന്തേ– തുറന്നു പറയൂ; നിനക്ക് എന്തു പറ്റി?.

അത് കേട്ടതു കൊണ്ടാവാം അത്ഭുതഭാവത്തിൽ അവളയാളെ നോക്കിയത്. അയാളുടെ വട്ടമുഖത്ത് ഊറി നില്ക്കുന്ന ശോകരസം അവളെ വിസ്മയം കൊള്ളിച്ചു. എന്തിനീ അഭിനയം എന്നു ചോദിക്കാൻ മനസ്സു വെമ്പി. അവളെ കുലുക്കി വിളിച്ച് ഇടറിയ ശബ്ദത്തിൽ അയാൾ പറയുന്നു:

ശാന്തേ!. നീ മനസ്സിലാക്കുന്നില്ല എനിക്ക് സഹതാപമുണ്ട്. നിനക്കെന്താണ് പറ്റിയത്?. മനസ്സിലുള്ളത് എന്താണെന്ന് തുറന്നു പറയൂ..... എന്നോട് എന്തിന് മറച്ചുവെയ്ക്കണം. നമ്മൾ തമ്മിൽ.... .

അവൾ അയാളെ തന്നെ തുറിച്ചു നോക്കിയിരുന്നു.

"എല്ലാം തുറന്നു പറഞ്ഞാൽ നിനക്കു നന്ന്. രോഗമറിയാതെ എങ്ങിനെ ചികിത്സിക്കും?. നിന്റെ രോഗം – നല്ല വിശ്രമം ആവശ്യമാണെന്ന് ഡോക്ടർ പറയുന്നു. മനസ്സിന് നല്ല വിശ്രമം നല്കണമെന്ന്. എന്നിട്ടും നീ വേണ്ടാത്തതൊക്കെ ചിന്തിച്ച് മനസ്സ് പുണ്ണാക്കുന്നതെന്തിന്?"

അവൾക്ക് ഒന്നും മറുപടി പറയാനുണ്ടായിരുന്നില്ല.

"ഇത്രയൊക്കെ വിചാരപ്പെടാൻ എന്താണുള്ളത്. നിന്നെ ആരാണ് വേദനിപ്പിക്കുന്നത്. എന്താണ് വിഷമിപ്പിക്കുന്നത്. നേരാം വണ്ണം ആഹാരം കഴിക്കാറില്ലാ എന്നു ആയ പറയുന്നു. പണ്ടത്തെ പോലെ ക്ലബിലൊന്നും കാണാത്തതെന്താണെന്ന് മിസ്സിസ് ലീലാ ബാനർജി ഇന്നലെയും ചോദിക്കുകയുണ്ടായി. മിനിയാന്ന് "ബോറിങ്ങി"ൽ നിന്ന് ഡാൻസ് കഴിഞ്ഞ് മടങ്ങുമ്പോൾ....

ശാന്തയുടെ കണ്ണുകൾ തെളിയുകയാണ്.....

''മിനിയാന്ന്'' ബോറിങ്ങിൽ ഡാൻസുണ്ടായിരുന്നുവോ?. അർധരാത്രി എത്ര മണിയായിക്കാണും ട്വിസ്റ്റ് അവസാനിക്കാൻ? നിങ്ങളുടെ സെക്രട്ടറി ആ ആംഗ്ലോ ഇന്ത്യക്കാരി പെണ്ണ് എത്ര പേരോടൊത്ത്. അവളുടെ നാശം പിടിച്ച ആ ഡ്രൈവിങ്ങ്.

''കളയൂ; നിന്റെ ഈ വേണ്ടാത്ത വിചാരങ്ങൾ. നിനക്ക് വിശ്രമമാണാവശ്യം. അതുമിതും ചിന്തിച്ച്....." അയാൾ ഒന്നു കൂടി സ്വരം താഴ്ത്തിക്കൊണ്ട് പറഞ്ഞു. "നീ മരുന്നുകളും മറ്റു ചിചട്ടയായി കഴിയ്ക്കണം''. ''ഇങ്ങനെ ആയാൽ മതിയോ? എനിക്ക് പിന്നെ ആരാണുള്ളത്....".

അയാൾ വീണ്ടും കുറേ പറഞ്ഞു. ഒരു വിലാപ കാവ്യം ഉള്ളിൽ തട്ടും വിധം വായിക്കുന്ന ഒരു പുസ്തക പ്രേമിയെ പോലെ. അയാൾ സോഫയിൽ നല്ലവണ്ണം ചാരിച്ചിരുത്തി. അവളുടെ നെറ്റിയിലും തലയിലും സാവധാനം തടവികൊടുക്കവേ വീണ്ടും അയാൾ ചോദിച്ചു:

''നിന്റെ രോഗത്തെക്കുറിച്ച് എന്നോടു പറഞ്ഞു കൂടെ – നിന്റെ മനസ്സിലെ വേദനകൾ വേറെ ആരോട് പറയാമെന്നാണ് നീ കരുതുന്നത്?''

"ദൈവത്തോട് –"

അവൾ പതുക്കെ ചിരിച്ചു: ഇനി അഥവാ ദൈവത്തിന് ഞാൻ പറയുന്നതു കേൾക്കാൻ നേരമില്ലെങ്കിൽ പിശാചിന് കേൾക്കാൻ സമയമുണ്ടാകും. കഥകൾ കേൾക്കാൻ ആഗ്രഹമുള്ളവനാണത്രെ ചെകുത്താൻ. അവൾ കുടുകുടാ ചിരിച്ചു.

"നീ എന്തൊക്കെയോ പറയുന്നു–" അയാൾ നിരാശപ്പെട്ടു.

"ഞാനോ– ?"

അവൾ മെല്ലെ, ചോദിക്കുന്നു. "ഗോപിനാഥ് – പറയൂ, ഞാൻ രോഗിയാണോ?"

അയാൾക്കു മറുപടി പറയാൻ കഴിഞ്ഞില്ല.

അവൾ വീണ്ടും ചോദിക്കുകയാണ്: "മിനിയാന്നു ഞാൻ സ്വപ്നം കണ്ടു. നിങ്ങളെന്നെ വിവാഹം കഴിക്കുകയില്ല എന്ന്..."

അവൾ ആവേശപൂർവം തുടർന്നു: ''നേരാണൊ മിസ്റ്റർ ഗോപിനാഥ്!. എന്നെ ഇപ്പോഴും ഒരു വെപ്പാട്ടിയായി– ഛെ; ഞാനങ്ങനെ പറയുന്നില്ല; ഒരു സ്നേഹിതയായി വെച്ചുകൊണ്ടിരിക്കാൻ തന്നെയാണോ ഭാവം....?. ഞാൻ മരിക്കുന്നതു വരെ –".

അയാൾക്കു ശ്വാസം മുട്ടുന്നതായി തോന്നി. ശരീരം വിയർത്തൊലിക്കുകയാണ്. മുകളിൽ കറങ്ങിക്കൊണ്ടിരിക്കുന്ന പങ്കയ്ക്ക് കാറ്റില്ലാ എന്നുണ്ടോ?. അയാൾ മുറിയുടെ മൂലയിൽ സ്ഥാപിച്ചിരിക്കുന്ന റേഡിയോഗ്രാമിന്റെ അരികെ ചെന്നു നിന്നു. അതിനു മുകളിൽ വെച്ച നീഗ്രോ നർത്തകിയുടെ പ്രതിമ കുറച്ചു നേരം നോക്കി. റേഡിയോഗ്രാമിന്റെ റിക്കാർഡ് പ്ലെയർ സ്വിച്ചിട്ടു. പിയാനോവിന്റെ മേളത്തിനനുസൃതമായി റിക്കിനിൽസൻ പാടുന്നു. റിക്കി നിൽസൻ– ശാന്തയുടെ ഏറ്റവും ഇഷ്ടപ്പെട്ട ഗായകനാണ്. റിക്കി നിൽസൺ പാടുമ്പോഴൊക്കെ അവളുടെ കാലുകൾ ചലിക്കും. ഷൂസ് നിലത്തു തട്ടി താളം പിടിക്കും. അവൾക്ക് ഗാനത്തിന്റെ ലഹരിയോടൊപ്പം നൃത്തം വെച്ചാലേ മനസ്സമാധാനമുള്ളൂ.

റിക്കി നിൽസന്റെ മധുരമുള്ള തടിച്ച ശബ്ദം ഉയരുകയാണ്: ദീസ്... സ്പാനിഷ്.... ഗേൾസ്.... ആർ.... ലൗലി.....

അയാൾ അവളെ നോക്കി. ശാന്തയിൽ ആ ഗാനം വല്ല വ്യതിയാനവും സൃഷ്ടിക്കുന്നുവോ?. അവളുടെ മുഖം തെളിയുന്നുവോ?.

ഇതാ, നിന്റെ പാട്ടുകാരൻ സ്പാനിഷ് പെൺകുട്ടികളെക്കുറിച്ച് പാടുന്നു..... കളിക്കമ്പകാരികളാണത്രെ സ്പാനിഷ് കുസൃതികൾ.... എന്താ- ? .

"നിങ്ങൾ എന്റെ സ്വപ്നത്തെക്കുറിച്ചെന്താണൊന്നും പറയാത്തത്?".

''നിനക്ക് അസുഖമൊന്നും തോന്നുന്നില്ലെങ്കിൽ വരു..ഡാൻസ് ചെയ്യാം". അയാൾ അവളെ ചോദ്യങ്ങളിൽ നിന്നും മുക്തയാക്കാൻ ശ്രമിച്ചു.

"പറയൂ... എന്റെ സ്വപ്നം...."

അയാൾ ഭയപ്പെട്ടിട്ടെന്ന പോലെ പറഞ്ഞു:

"നിന്റെ സുഖക്കേട് ഭേദമാവട്ടെ. എന്നിട്ടല്ലേ അതിനെ പറ്റി.... ഇപ്പോൾ നിൽസന്റെ ഗാനത്തിനൊത്ത്" -

''ഈ സുഖക്കേട് എന്താണെന്നു ഗോപിനാഥിനോട് ഇനിയും ഞാൻ പറയണമോ?" അവൾ ചോദിച്ചു. അയാൾ പെട്ടന്നു നിയന്ത്രണം വിട്ടു മറുപടി പറഞ്ഞു: "വേണ്ടാത്ത വിചാരങ്ങളാണതെല്ലാം. ശരീരം ശ്രദ്ധിക്ക്. ആദ്യം അതാണുണ്ടാവേണ്ടത്. ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ....".

"ഈ ചുമരിടിഞ്ഞു വീഴാൻ പോവുകയാണോ?"

"അതല്ല.... ആ പഴയ മൊഴി ആവർത്തിക്കുകയായിരുന്നു."

"അഥവാ അങ്ങനെ വീഴുകയാണെങ്കിൽ അതിനെ താങ്ങി നിർത്താൻ ഒരാലംബം ആവശ്യമല്ലേ. ഓ. ശരി; നിങ്ങൾ ഭയപ്പെടുന്നു. അതിടിഞ്ഞു വീഴുമ്പോൾ നിങ്ങളതിന്റെ ചുവട്ടിൽ പെട്ടു മരിച്ചുപോകുമെന്നു നിങ്ങൾ ഭയപ്പെടുന്നു. ഇല്ലേ?.'' അവൾ സോഫയിൽ നിന്നും പതുക്കെ എഴുന്നേറ്റു വേച്ചു വേച്ചു നടന്നു ചെന്നത് ബെഡ്ഡിലേക്കാണ്. അവളതിന്മേൽ മലർന്നു കിടന്നുകൊണ്ട് അയാളെ വിളിച്ചു.:

ഗോപിനാഥ്- നിങ്ങൾ വന്നിട്ട് കുറേ നേരമായില്ലേ..... വരൂ.... എന്റെ അടുത്തു വന്നിരിക്കു

അയാൾ അവളുടെ അരികെ ചെന്നിരുന്നു. റേഡിയോഗ്രാം പതുക്കെ പാടുകയാണ്:

''ഐ... ഫീൽ.... മൈ വേൾഡ്...."

ക്ലിഫ് റിച്ചാർഡാണ് പാടുന്നത്. ബിയാട്രീസിന്റെ എപ്പോഴുമുള്ള സംസാരം ക്ലിഫ് റിച്ചാർഡിന്റെ റോക്ക് എൻ റോൾ ഗാനങ്ങളെക്കുറിച്ചാണെന്നു അയാളോർത്തു.

"ആ ഗാനം നിങ്ങൾക്കിഷ്ടപ്പെടുന്നുവോ?" ശാന്തയുടെ ചോദ്യം. അയാൾ അവളെ നോക്കി. മുന്തിരയ തരം ബെഡ് ഷീറ്റ് വിരിച്ച കിടക്കമേൽ വാടിയ ഒരു പൂമാല പോലെ അവൾ കിടക്കുന്നു. പനിനീർപൂക്കൾ വിരിഞ്ഞാടുന്ന ചിത്രങ്ങളുള്ള തലയണയുറ വിളർത്ത മുഖത്തിന് യാതൊരു വിധ ഭംഗിയും നല്കിയിട്ടില്ല. എങ്കിലും അവൾ പൂശിയ മുന്തിയ വാസനദ്രവ്യങ്ങളുടെ മണം അയാളെ ലഹരി പിടിപ്പിച്ചു.

"ഗോപിനാഥ് എന്തു മദ്യമാണ് ഇപ്പൾ ഇഷ്ടപ്പെടുന്നത്?"

അവൾ കുടുകുടാ ചിരിക്കുന്നു. പറയൂ - ഞാനറിയാത്തതല്ലോ ഒന്നും., എന്തു തരം മദ്യമാണ് ഇപ്പോൾ വേണ്ടത്?. അയാളുടെ കഴുത്തിൽ അവൾ കൈകൾ അണച്ചുകെട്ടി മുഖം അടുപ്പിച്ചുകൊണ്ടു ചോദിച്ചു: "ഉം, പറഞ്ഞുകൊള്ളൂ.... എന്തിന് മടിക്കുന്നു. എന്തും തരാൻ മടിച്ചവളല്ലല്ലോ ഈ ശാന്ത..."

വാസനദ്രവ്യങ്ങളുടെ ഗന്ധം അയാളെ ലഹരി കൊള്ളിച്ചു. അയാൾ പതുക്കെ പറഞ്ഞു. ത്രീ സ്റ്റാർ റം....

"ത്രീ സ്റ്റാർ - ?" അവൾ പൊട്ടി ചിരിച്ചു. മെല്ലെ എഴുന്നേറ്റു വാൾഡ്രോഫ്സ് വലിച്ചു തുറന്നു കൊണ്ടു പറഞ്ഞു. നേരാണോ?...... ത്രിസ്റ്റാർ തന്നെയാണോ ഇപ്പോൾ കുടിക്കാൻ ഇഷ്ടം?

അയാൾ അത്ഭുതപ്പെട്ടു. വാൾഡ്രോഫിന്റെ മുകൾ തട്ടിൽ ത്രിസ്റ്റാർ റം ബോട്ടിലുകൾ. അവൾ ഇളം ചിരി തൂകി പറയുന്നതു കേൾക്കാം.

"നിങ്ങളൂഹിക്കുന്നതും നിങ്ങളാഗ്രഹിക്കുന്നതും എനിക്കറിയാം. എന്നിട്ടും നിങ്ങൾ പറയുന്നു.... വിവാഹത്തെക്കുറിച്ച് രോഗം ഭേദമായിട്ട് ചിന്തിക്കാമെന്ന്. ആരുടെ രോഗം?. അവൾ തളർന്നു കിതച്ചു ബഡ്ഡിലേക്ക് ചാഞ്ഞു. അവൾ പറഞ്ഞു: ''കുടിക്കൂ... അതു മുഴുക്കെ കുടിക്കൂ... എന്നിട്ട് എന്റെ ശരീരം തകരുമാറ് കെട്ടിപിടിക്കൂ.... ഈ തണുത്ത കവിൾത്തടങ്ങൾ ചുടാകുന്നതു വരെ ചുംബിക്കൂ... നിങ്ങളാണെന്റെ ചൂട്... അതേ.... നിങ്ങൾ"

അയാൾ സ്തംഭിച്ചു നിന്നു. അവൾ കിടക്കയിൽ മലർന്നു കിടക്കുകയാണ്. അപൂർണ്ണമായ ജീവിതാഭിലാഷങ്ങളുടെ ശോകാദ്ധ്യായമാണോ ഈ ശാന്ത!. അയാൾ പറഞ്ഞു:

"നിന്റെ തടിയിളകരുത്. നിന്റെ രോഗം-"

"രോഗം" -

അവൾ കിടക്കയിൽ നിന്നും ചാടിയെഴുന്നേറ്റു. "നിങ്ങളാ കുപ്പി കാലിയാക്കൂ ഗോപിനാഥ്.... നിങ്ങൾ അതിന് വേണ്ടിയല്ലേ ഇവിടെ വന്നത്?. എന്നത്തെയും പോലെ... ആ കുപ്പി കാലിയാക്കൂ.. എന്നിട്ട് ഈ കിടക്കയിൽ തളർന്നു വീഴൂ...."

ശാന്തേ - അയാൾ പതുക്കെ

**വിവാഹ ക്ലാസിഫൈഡ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ബന്ധപ്പെടുക.**

**നക്ഷത്രരാജ്യം**
**മാസിക ക്ലാസിഫൈഡ്**

**ചാർജ്ജ് 390/-**

**ഫോൺ: 9847649567**
**9744233997**

*ചീഫ് എഡിറ്റർ*

വിളിച്ചു.

"ഉം-?"

"ഡോക്ടറോട് വരാൻ പറയട്ടെ-"

"ഡോ-ക്ടർ... ?"

അവൾ പതുക്കെ നിന്ദാസൂചകമായി അയാളെ നോക്കി. മദ്യം സ്ഫടിക ഗ്ലാസിലേക്കൊഴിക്കവേ പറഞ്ഞു: "മദ്യപിച്ച ഗോപിനാഥിന്റെ ഭ്രാന്താണ് എനിക്ക് കാണേണ്ടത്. ആ ഭ്രാന്തൻ ചാപല്യങ്ങളാണ് എന്റെ ഔഷധം.-".

''ശാന്തേ - നാളേ-'' അയാൾ മുരണ്ടു.

"കേൾക്കൂ.... ഭ്രാന്തനായ കാമുകന്റെ കോപ്രാട്ടികൾ കണ്ട് ചിരിച്ചു മദിച്ചാൽ എന്റെ എല്ലാ രോഗവും മാറും.... എന്തിന് മടിച്ചു നില്ക്കുന്നു.... കുടിച്ചു കുട്ടിക്കരണം മറിയൂ... ചങ്ങാതീ-"

അവൾ മന്ദഹസിക്കുകയും നെടുവീർപ്പിടുകയും ചെയ്തു.

"ഡോക്ടർ വന്നാൽ നിന്റെ ശരീരം...." പതുക്കെ അയാൾ തുടർന്നു: "നല്ലവണ്ണം ഒന്നു പരിശോധിക്കണം-"

അവൾ മലർന്നു കിടന്നു കേൾക്കുകയാണ്. അവളുടെ നെറ്റിയിൽ ഉതിർന്നു വീണ അളകങ്ങൾ മാടിയൊതുക്കിക്കൊണ്ട് അയാൾ പറയുന്നു: "നിന്റെ രോഗം ഭേദമായാലോ...".

"എന്ത്-?"

''അതെ; ശാന്തേ!. നിന്റെ രോഗം.... ഭേദമായാലേ...."

അവൾ കിടക്കയിൽ നിന്നും ചാടി എഴുന്നേറ്റു. കിടക്കയുടെ അരികിൽ ചേർന്നിരിക്കുന്ന അയാളെ പിടിച്ചുന്തിക്കൊണ്ടു ഗർജ്ജിച്ചു: "കടന്നു പുറത്തു പോകൂ.... ഈ മുറിയിൽ നിന്ന്.....".

ആകെ ചുമന്നു തുടുത്തിരിക്കുകയാണവൾ. കണ്ണുകൾ തുറിച്ചിട്ടുണ്ട്. ഏതോ ഒരു ഭാവപകർച്ച പൈശാചികമായ ഒരു ഭാവ വിശേഷം- അവളുടെ മുഖത്ത് ഊറിക്കൂടിയിരിക്കുന്നു!. അവൾ ഉച്ചത്തിൽ കയർത്തു: ''കടന്നു പുറത്തു പോകൂ-"

അയാൾ അന്തം വിട്ടു നിന്നു. മേശപ്പുറത്തെ റം ഒരു വലിക്ക് മോന്തി. ഗ്ലാസിൽ ഉരുകാൻ ബാക്കിയുള്ള ഐസ് കട്ടകൾ അയാൾ കടിച്ചിറക്കി. അവളുടെ കിടക്കയിൽ അവളുടെയരികെയിരിക്കാൻ വെമ്പിയ അയാൾ വിളിച്ചു: "ശാന്തേ... നിനക്ക്...."

"പിശാചേ..." അയാളുടെ ശക്തിയാർന്ന കരവലയത്തിൽ നിന്നും കുതറി മാറാൻ യത്നിച്ചു കൊണ്ട് അവൾ മുരണ്ടു: "പിശാചേ... രോഗിയായ പിശാചേ....."

അയാൾ അവളെ ആവേശപൂർവം ചുംബിക്കാൻ പരിശ്രമിച്ചു. മുറുകെ കെട്ടിപുണർന്നു കൊണ്ട് കിടക്കയിൽവീണു. സംഭ്രാന്തനായി അയാൾ ചോദിച്ചു: നീ എന്നെ വെറുക്കുകയാണ്... ?

''പോകൂ ഈ മുറിയിൽ ഇനിയും രോഗാണുക്കൾ നിറയുന്നതിന് മുമ്പ് കടന്നു പുറത്തുപോകൂ...". അയാളുടെ കരവലയത്തിൽ നിന്നും രക്ഷപ്പെടാനാകാതെ ഏല്ലിച്ചു നേർത്ത ആ ശരീരം പിടയുകയാണ്. വിയർപ്പിൽ കുളിച്ച അവളുടെ മുഖം അയാൾ തെരുതെരെ ചുംബിച്ചു. വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു:

"ശാന്തേ... നമ്മുടെ വിവാഹം... അതെ; അതിനെക്കുറിച്ച് നമുക്ക് ഇപ്പോൾ സംസാരിക്കാം... നിന്റെ തീരുമാനത്തിന് ഞാനെല്ലാം വിട്ടുതരുന്നു...."

അയാൾ അവളെ കുലുക്കി വിളിച്ചു വികാരവിവശനായി എന്തെല്ലാമോ പറഞ്ഞു. പക്ഷേ കിടക്കയിൽ തളർന്നു കിടക്കുന്ന ശാന്തയുടെ കണ്ണുകൾ അതു കേൾക്കേ തുറക്കുകയുണ്ടായില്ല. കുറച്ചു നിമിഷം മുമ്പ് അവളോട് പറഞ്ഞ വാചകം അപ്പോൾ അയാളുടെ മനസ്സിലേക്ക് തേട്ടിവന്നു: ശാന്തേ... നിനക്ക് വിശ്രമമാവശ്യമുണ്ട്. ധാരാളം വിശ്രമം...

അതവൾ അവസാനം അംഗീകരിച്ചിരിക്കാം.....

■

സീലുകൾ മിനിറ്റുകൾക്കകം
DTP
Arabic , English, Malayalam, Hindi
PRINTING POINT
the Complete printing Solutions
Markaz Complex, Mavoor Road, Calicut
Tel: 9846093417, 0495 3042883

സിനിമാപംക്തി

ഇ. രാധാകൃഷ്ണൻ കൊമ്മേരി

# ചലച്ചിത്രവും ആസ്വാദകരും



സത്യനും, പ്രേംനസീറും, മധുവും, വിൻസന്റും, രാഘവനും, സുകുമാരനും, സോമനും, സുധീറും മോഹനും നായകന്മാരായി മലയാളസിനിമ അടക്കിവാണിരുന്ന കാലഘട്ടത്തിനുശേഷം മലയാളസിനിമയുടെ സുവർണ്ണകാലമായി മലയാള സിനിമാപ്രേമികൾ വാഴ്ത്തുന്നത് 1980നും 1990നും ഇടയിൽ റിലീസ് ചെയ്ത മലയാള ചലച്ചിത്രകാലഘട്ടത്തെയാണ്.

അക്കാലത്ത് മോഹൻലാൽ നായകനായി പ്രദർശനത്തിനെത്തിയ ദൗത്യവും, താളവട്ടവും, ചിത്രവും, ഇരുപതാം നൂറ്റാണ്ടും, രാജാവിന്റെ മകനും മറ്റു ഒരുപിടി നല്ല ചിത്രങ്ങളും – മമ്മൂട്ടി നായകനായി പ്രദർശനത്തിനെത്തിയ യാത്രയും, യവനികയും, ന്യൂഡൽഹിയും മറ്റു ഒരു പിടി നല്ല ചിത്രങ്ങളും, അമോൽപലേക്കർ നായകനായി ഇറങ്ങിയ ഓളങ്ങളും ഉൾപ്പെടെ വിജയകരമായി പ്രദർശനത്തിനെത്തിയ ചലച്ചിത്രങ്ങളുടെ ഒരു വമ്പൻ നിര തന്നെയുണ്ട് മലയാളചലച്ചിത്രപ്രേമികൾക്കു കുളിരു കോരിയിടുന്ന ഒരു നനുത്ത പ്രഭാതമായിയെന്നെന്നും മനസ്സിൽ ഓർക്കുവാൻ.

“പ്രമുഖരായ സാഹിത്യകാരുടെ പേനാതുമ്പിൽ നിന്ന് ഉതിർന്നു വീണ നോവൽസാഹിത്യങ്ങളിലെ




കഥാപാത്രങ്ങൾക്ക് ജീവൻ നൽകി" നോവൽവായനക്കാരായ മലയാളികൾ എന്നെന്നും മനസ്സിൽ ഒരു മർമ്മരം പോലെ കോരിതരിപ്പോടെ സൂക്ഷിച്ചിരുന്ന കുറെ അധികം സിനിമകളായിരുന്നു അഭിനയചക്രവർത്തിയായ സത്യനും നസീറും, മധുവും, വിൻസന്റും, സുകുമാരനും, മോഹനും സോമനുമെല്ലാം അഭിനയിച്ചുജീവിച്ച് മലയാളിയുടെ മനസ്സിനെ അത്യുംഗശൃംഗത്തിലെത്തിച്ച അക്കാലത്തെ മലയാളസിനിമകൾ.

"പമ്മന്റെ ചട്ടകാരിയിലെ മോഹനും സോമനും, ലക്ഷ്മിയും'', "തകഴി ശിവശങ്കരപിള്ളയുടെ അനുഭവങ്ങൾ പാളിച്ചകളിലേയും ചെമ്മീനിലേയും സത്യനും നസീറും മധുവും ഷീലയും", പി. വൽസലയുടെ നെല്ലിലെ നസീറും കനകദുർഗ്ഗയും, പാറപുറത്തിന്റെ പണിതീരാത്ത വീടിലെ നസീറും ശോഭനയും നന്ദിതാബോസുമൊക്കെ ഇതിനൊരുദാഹരണങ്ങളാണ്. ഈ ഗണത്തിൽപെടുന്ന സിനിമകൾ വേറെയും ധാരാളം പ്രദർശനത്തിനെത്തിയിട്ടുണ്ട്. "അതിൽ പ്രധാനമായുള്ളത് നാടൻപ്രേമം, മയിലാടുംകുന്ന്, മകനേ നിനക്കുവേണ്ടി, നക്ഷത്രങ്ങളെ സാക്ഷി, രണ്ടു പെൺകുട്ടികൾ, വാരിക്കുഴി, നിഴലാട്ടം, അരനാഴിക നേരം, ദേവി, മായ, തുലാഭാരം, നീലകുയിൽ, ഭാർഗ്ഗവിനിലയം, ചെകുത്താന്റെ കോട്ട, മരം," പേരുകൾ ഇങ്ങനെ പോകുന്നു. പ്രമുഖരായ നോവലിസ്റ്റുകളുടെ നോവലുകൾ സിനിമയായ മലയാള സിനിമയുടെ സുകൃതകാലം നമ്മുടെ മനസ്സിൽ ഇന്നും പച്ചവിരിച്ചുനിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. മലയാള സിനിമയുടെ ഇപ്പോത്തെ അവസ്ഥക്ക് കാരണക്കാരെ അന്വേഷിച്ചാൽ ആരായിരിക്കും അത്?




തീർച്ചയായും ആസ്വാദകനല്ല മലയാളസിനിമയുടെ ഇന്നത്തെ അവസ്ഥക്ക് കാരണം. സിനിമ ഇങ്ങനെയാകണമെന്ന് തീരുമാനിക്കുന്നതിൽ തിരകഥാകൃത്തിനൊപ്പം നടനും സംവിധായകനും നിർമ്മാതാവിനും ഉൾപ്പെടെ പങ്കുണ്ടെന്നുള്ളത് പരമമായ ഒരു യാഥാർത്ഥ്യമാണ്. അതിലൊരു പ്രധാന കാരണം മലയാളസിനിമാ ആസ്വാദകരായ സാധാരണക്കാരുടെ മനസ്സറിയാതെ "തങ്ങൾ നിർമ്മിക്കുന്നതെന്തും ആസ്വാദകൻ ഉൾക്കൊള്ളുമെന്ന ചിലരുടെ മൗഢ്യയായ ധാരണകളാണ് മലയാളസിനിമയുടെ ഇന്നത്തെ അവസ്ഥക്കു പ്രധാന കാരണമായുള്ളത്.'' സ്ക്രീനിലാണെങ്കിൽപോലും സഹോദരന് അല്ലെങ്കിൽ സഹോദരിക്ക് റൗഡികളുടെ കൈയിൽ നിന്ന് നല്ല ചൂടുള്ള അടി വീണുകൊണ്ടിരിക്കുന്നതുവരെ - റൗഡിയുടെ കത്തി സഹോ





ദരിയുടെ അല്ലെങ്കിൽസുഹൃത്തിന്റെ വയറിനടുത്ത് ചെന്നെത്തുന്നതുവരെ വലിയ ദൂരത്തല്ലാതെ നിൽക്കുന്ന നായകൻ കോളറും തെറുത്ത് കേറ്റി സ്ലോമോഷ്യനിൽ നടന്നുവരുന്ന സിനിമ കണ്ടാൽ കണ്ടുകൊണ്ടിരിക്കുന്നവനു പിന്നെയെന്തു തോന്നും? അസ്വാദകനെന്താ ഞരമ്പുകളിൽ രക്തഓട്ടവുമില്ലേ? ബുദ്ധിയും?. സിനിമയിൽ ലയിച്ചിരിക്കുന്ന ആസ്വാദകനെ യുക്തിക്കു നിരക്കാത്ത കാര്യങ്ങൾ നിരത്തി മനസ്സിനെ ചഞ്ചലപ്പെടുത്തുന്നതുതന്നെയാണ് മലയാളസിനിമയുടെ പരാജയത്തിനു പ്രധാനമായ ഒരു കാരണമെന്ന് സ്കൂളിന്റെ പടിക്കൽ മഴയത്തുപോലും കയറിയില്ലാത്തവനുപോലും മനസ്സിലാകുമല്ലോ?

മനസ്സെന്നത് വിവരമില്ലാത്തവർക്കും വിവരമുള്ളവർക്കുമൊക്കെയൊരുപോലെയാണ്. കാരണങ്ങളുടെ നീട്ടം നീണ്ടു പരന്നങ്ങനെ കിടക്കുകയാണ്. യുക്തിക്കു നിരക്കാത്ത രംഗങ്ങളും കാര്യങ്ങളും കാണുമ്പോൾ കഥയിൽ ലയിച്ചിരിക്കുന്ന ആസ്വാദകന്റെ മനസ്സ് കഥയിൽ നിന്ന് തെന്നിമാറി ഇങ്ങനെയൊക്കെ ഉണ്ടാകുമോ? ഇങ്ങനെ യൊക്കെ സാധിക്കുമോ എന്നു ചിന്തിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. സിനിമയിലേക്ക് പിന്നെ അവന്റെ മനസ്സെത്തുന്നതുവരെ അവന്റെ മനസ്സിൽ യുക്തിചിന്തകളാണ് സംഘർഷഭരതിമാക്കുന്നത്. ഇങ്ങനെയൊന്നുമല്ലാത്തതുകൊണ്ട് തന്നെയാണ് പണ്ടുള്ള സിനിമകളെല്ലാം വിജയകരമായി ഓടിക്കൊണ്ടിരുന്നതും ആസ്വാദകരുടെ കൈയ്യടികൽ നേടിയെടുത്തതും. ടെലിവിഷൻ മാത്രമല്ല സിനിമയുടെ ഇന്നത്തെ അവസ്ഥക്കു കാരണമെന്നു അറിഞ്ഞ് ആസ്വാദകനെ പമ്പരവിഡ്ഢിയായി മാത്രം കണക്കാക്കാതെ നിർമ്മിക്കുന്ന ലോ ബജറ്റ് സിനിമകൾ പോലും തിയേറ്ററുകൾ നിറഞ്ഞു ഓടി തകർക്കുന്നതുകാണാൻ മറക്കരുത് ഇളംമുറക്കാരും ട്രെൻറിനായി അലയുന്നവരും. ■




ചെറുകഥ, നോവൽ, കവിത, ലേഖനങ്ങൾ, കോമിക്സ്, നോവലറ്റ്
വിജ്ഞാന സാഹിത്യങ്ങൾ രചനകൾ ക്ഷണിച്ചുകൊള്ളുന്നു

ഫോണിലൂടെ ബന്ധപ്പെട്ടശേഷം രചനകൾ നേരിട്ടോ തപാലിലൂടെയോ അയച്ചുതരുക.

**നേരിട്ട് ബന്ധപ്പെടുന്നതാണഭികാമ്യം**

അഡ്രസ്സ്: ചീഫ് എഡിറ്റർ/പബ്ലീഷർ **നക്ഷത്രരാജ്യം** മാസിക
24/170(A) Raj Building, Bypass Road, Mankave, Kozhikode-673 007
Mob: 9847649567, 9744233997

നോവലെറ്റ്

തുടർച്ച

# അഗ്നിനിലങ്ങളിൽ മഞ്ഞുപെയ്യുന്നു



കെ.വി. പ്രഭാകരൻ

*(കഴിഞ്ഞലക്കം കഥ ഇതുവരെ)*

*ഹരിയാന. ഫത്തേബാദ് ജില്ലയിലുള്ള റാത്തിയയിൽ ലാംബ ഗ്രാമത്തിലെ കർഷകതൊഴിലാളി കുടുംബമാണ് ബച്ചൻസിങ്ങിന്റേത്. ബച്ചൻസിങ്ങിന്റെ അച്ഛനും അമ്മയും കർഷകതൊഴിലാളികളാണ്. അടുത്ത കുടിലിലെ മാലിഖാണ് ബച്ചൻ സിങ്ങിന്റെ അടുത്ത സുഹൃത്ത്. രാവിലെ തന്നെ മാലിഖ് വന്ന് ബച്ചൻസിങ്ങിനെ വിളിച്ചുണർത്തി ജോലിക്ക് വരാൻ നിർബന്ധിക്കുകയായിരുന്നു. പക്ഷേ ക്രൂരനായ മേസ്തിരിയെ മുഖമടിച്ച് ഒന്നു കൊടുത്തിട്ടാണ് തലേന്നാൾ ബച്ചൻസിങ്ങ് ജോലിസ്ഥലത്ത് നിന്ന് മടങ്ങിയത്. ആഗ്രാമം ഭൂപ്രഭുക്കന്മാരുടെ കിരാതഭരണത്തിൽ ഞെരിഞ്ഞരിമരുകയാണ്. കർഷകത്തൊഴിലാളി സ്ത്രീകളെ മാനഭംഗം പെടുത്താലും കീഴ്പെടുത്തലും ഭൂപ്രക്കന്മാരുടെ അവകാശമായാണ് അവർ കരുതുന്നത്. ബച്ചന് ഇതിനോടെല്ലാം എതിർപ്പുണ്ട്. പക്ഷേ ഗ്രാമത്തിലുള്ളവർ ഭയവിഹ്വലരാണ്. മേസ്തിരിയെ മറ്റൊരു കുടിലിന്റെ മുന്നിൽ വെച്ച് ബച്ചൻ സിങ്ങ് കല്ല് കൊണ്ടടിച്ചു പരുക്കേൽപിച്ചു. മേസ്തിരിക്ക് പകരം മകൻ പാഞ്ചു മേസ്തരിയായ് വന്നു. അച്ഛനെക്കാളും ക്രൂരനും തെമ്മാടിയുമാണ് പാഞ്ചു. ബച്ചൻസിങ്ങിന്റെ സ്ക്കൂൾ സഹപാഠികൂടിയാണ് പാഞ്ചു. പാഞ്ചു അച്ഛനെ കല്ലകൊണ്ടടിച്ചരോട് പകരം വീട്ടാൻ പദ്ധതി തയാറാക്കി. ബച്ചൻ സിങ്ങിന്റെ മുറപ്പെണ്ണ് ഗംഗ വീട്ടിലെ ദാരിദ്ര്യം കാരണം വയലിൽ പണിക്കിറങ്ങി. പാഞ്ചു ഗംഗയെ കയറി പിടിച്ചത് ബച്ചൻ സിങ്ങും പാഞ്ചുയും തമ്മിലുള്ള സംഘർഷമായി വളർന്നു.തൊഴിലാളികൾ ഭയം വെടിഞ്ഞ് ബച്ചന്റെ കൂടെ സംഘടിച്ചു.*

## അഞ്ച്

ആകാശത്തിൽ സൂര്യൻ കത്തിനിന്നു.

അവരുടെ മുഖങ്ങളിലുടെ വിയർപ്പ് ചാലുകൾ ഒഴുകി കിളക്കുന്ന മണ്ണിൽ വീണു. വിയർപ്പിലെ ഉപ്പുരസം മണ്ണിലേക്ക് ഊർന്നിറങ്ങി.

ബച്ചന്റേയും മാലിഖിന്റേയും മൺവെട്ടികൾ മണ്ണിലേക്ക് ആഴ്ന്നിറങ്ങിക്കൊണ്ടിരുന്നു. എങ്ങും അദ്ധ്വാനത്തിന്റെ ശീൽക്കാരങ്ങൾ.

മണ്ണ് ചുമക്കുന്ന തൊഴിലാളി സ്ത്രീകൾ.

എലൈസ പാടുന്ന അവരുടെ ചുണ്ടുകൾ.

അകലെ ജലാശയത്തിൽ നിന്നും ഒഴുകിയെത്തിയ കാറ്റ് അവ



രിലെ ക്ഷീണത്തിന് അൽപാമാ ശ്വാസം പകർന്നു.

പാഞ്ച എല്ലാം നോക്കിക്കൊണ്ട് അവർക്കിടയിലൂടെ നീങ്ങി. അൽപം കഴിഞ്ഞ് ഒരു മരത്തിന്റെ തണലുപറ്റി അവൻ നിന്നു.

ബച്ചൻ സിങ്ങിന്റെ കണ്ണുകളും പാഞ്ചയുടെ കണ്ണുകളും ഒന്നിടഞ്ഞു അത്രമാത്രം.

ബച്ചൻ പണി തുടർന്നു.

പാഞ്ച ഒരു സിഗരറ്റ് കത്തിച്ച് പുകയൂതിവിട്ടു. അവന്റെ നോട്ടം ബച്ചനിൽ തന്നെയായിരുന്നു. ബച്ചൻ തലയുയർത്തി നോക്കിയപ്പോൾ തന്നെ ഇമവെട്ടാതെ നോക്കുന്ന പാഞ്ചയെക്കണ്ടു. എന്താണീ നോട്ടത്തിന്റെ അർത്ഥം. അവനാലോചിച്ചു. പിന്നീട് മാലീഖീനോട് പറഞ്ഞു.

"മാലിക്. ആ തെണ്ടി നമ്മളെത്തന്നെ നോക്കുന്നത് കണ്ടില്ലേ."

''നമ്മളെയെന്തിന് നോക്കാൻ.... മാലിഖ് ചോദിച്ചു."

''അറിയില്ല... അതാ നോക്കൂ.... അവൻ നമ്മളെ സംശയദൃഷ്ടിയോടെ നോക്കുകയാ...."

"എന്തിന് സംശയം..."

''ഹേയ് ഒന്നിനുമില്ല....'' ബച്ചന്റെ ശബ്ദത്തിനു വിറയലുണ്ടായിരുന്നു. താനാണ് അത് ചെയ്തതെന്ന് മേസ്തിരി അറിഞ്ഞുകാണുമോ. അക്കാര്യം അയാൾ പാഞ്ചയോട് പറഞ്ഞിട്ടുണ്ടാകുമോ. പാഞ്ചയുടെ ഈ വരവിന്റേയും നോട്ടത്തിന്റേയും കാരണം അതായിരിക്കുമോ.

ബച്ചന് അതുവരെയുണ്ടായിരുന്ന ഉത്സാഹമെല്ലാം കുറഞ്ഞു. മൺവെട്ടി വഴിതിപ്പോകുന്നു. കാലുകൾക്ക് ശക്തിക്ഷയംസംഭവിക്കുന്നതുപോലെ. തൊണ്ട വരളുന്നു. വയറിൽ ഒരെരിച്ചിൽ. മൂത്രമൊഴിക്കണമെന്ന് ശങ്ക.

''എടാ മാലിഖേ അവൻ നമ്മളെ എന്തിനോ സംശയിക്കുന്നുണ്ട്... നോക്കൂ...."

"എന്തിന് സംശയിക്കാൻ...." എന്നു ചോദിച്ചുകൊണ്ട് മാലീഖ പാഞ്ച് നിൽക്കുന്നിടത്തേക്ക് നോക്കി. പാഞ്ച അവരെ ശ്രദ്ധിച്ചു നില്ക്കുന്നതാണ് മാലിഖും കണ്ടത്. മാലിഖ് പുറകിലേക്ക് തിരിഞ്ഞു നോക്കി. അവർക്കു പിന്നിൽ അൽപകലെയായി ജോലി ചെയ്യുകയാണ് ഗംഗ. മാലിഖ് പാഞ്ചയുടെ നേരെയും ഗംഗയുടെ നേരേയും കണ്ണുകൾ പായിച്ചു. അവന് കാര്യം മനസ്സിലായി. ഗംഗയുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി നോക്കിനില്ക്കുകയാണ് പാഞ്ച.

"എടാ അവൻ നമ്മളെയല്ല ശ്രദ്ധിക്കുന്നത്."

"പിന്നെ" ബച്ചൻ സംശയത്തോടെ ചോദിച്ചു.

മാലിഖ് കണ്ണുകൊണ്ട് ബച്ചന്റെ ശ്രദ്ധ ഗംഗയിലേക്ക് തിരിച്ചു. നോക്കൂ ഗംഗയുടെ സൗന്ദര്യം ആ നായിന്റെ മോൻ ഊറ്റിക്കുടിക്കുകയാ.

ബച്ചൻ പല്ലുകൾ ഞെരിച്ചു. കൈയിലിരുന്ന മൺവെട്ടികൊണ്ട് പാഞ്ചയുടെ തല അടിച്ചുപൊളിച്ചാലോ എന്നവന് തോന്നി. മാലിഖിന്റെ അമ്മാവന്റെ മകളാണ് ഗംഗ. റാണീകൂർ എന്നാണവളുടെ യഥാർത്ഥ പേര്. ഗംഗയെന്ന് എല്ലാവരും വിളിക്കും. വെൺനിലാവിന്റെ നിറമുള്ള അവൾ ഗംഗാദേവിയെപ്പോലെ സുന്ദരിയാണെന്നാണ് എല്ലാവരുടെയും അഭിപ്രായം. ബച്ചൻസിങ്ങിനുവേണ്ടി വിവാഹമുറപ്പിച്ച പെണ്ണാണ് അവൾ.

അവളന്ന് ആദ്യമായി പണിക്കിറങ്ങിയതാണ്. പാടത്ത് പണിക്കു വരരുതെന്ന് ബച്ചൻ പലതവണ അവളെ വിലക്കിയിട്ടുണ്ട്. പക്ഷേ വീട്ടിലെ ദാരിദ്ര്യം രോഗികളായ അപ്പനേയും അമ്മയേയും സംരക്ഷിക്കേണ്ട ചുമതല. അതുകൊണ്ട് വീട്ടിനുള്ളിൽ അടങ്ങിയിരിക്കുവാൻ അവളുടെ മനസ്സ് അനുവദിച്ചില്ല. ജോലി സ്ഥലത്ത് കൂട്ടായി മാലിഖും ബച്ചനും ഒക്കെയുണ്ടല്ലോ. ആ സമാധാനത്തിൽ തന്നെയാണ് അവളും പാടത്ത് പണിക്ക വരേണ്ടെന്ന് അവളോട് പറയണം. പാടത്ത് വന്നാലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് അവളെ ബോധ്യപ്പെടുത്തണം.

അപ്പന് കിട്ടിയതുപോലെ മകനും ഒരടികിട്ടിയാലെ പാഞ്ചയും പാഠം പഠിക്കുകയുള്ളൂ. അതേതായാലും തന്റെ കൈകൊണ്ടുതന്നെയാകട്ടെയെന്ന് ബച്ചൻ ഉറപ്പിച്ചു.

ഉച്ചക്ക് ഉണക്കറൊട്ടിയും ഉള്ളിയും പാതി വെന്ത ഉരുളക്കിഴങ്ങും കഴിക്കുമ്പോൾ ഗംഗ അരികിലുണ്ടായിരുന്നു. അപ്പോൾ കാര്യങ്ങൾ പറയണമെന്ന് ബച്ചൻ മനസ്സിൽ കരുതി. പിന്നീടത് വേണ്ടെന്ന് വെച്ചു. ഏതായാലും വൈകീട്ട് ജോലി കഴിഞ്ഞ് മടങ്ങുമ്പോഴാകട്ടെ എന്നു കരുതി മിണ്ടാതിരുന്നു. റൊട്ടിയും കഴിച്ച് ഗംഗ അവിടെ നിന്നും എഴുന്നേറ്റ് പോയി. ബച്ചനും മാലീഖും ഒരു മാവിന്റെ ചുവട്ടിൽ വിശ്രമിക്കാനായി കിടന്നു.

അൽപ്പം കഴിഞ്ഞപ്പോൾ ഒരു നിലവിളി കേട്ടു. അത് ഗംഗയുടേതായിരുന്നു. ഭക്ഷണം കഴിഞ്ഞ് വിശ്രമത്തിലായിരുന്ന കർഷകത്തൊഴിലാളികൾ നാലുപാടും ചിതറി ഓടി. എവിടെ നിന്നാണ് നിലവിളി ഉയർന്നത്. വയലിന്റെ കരയിലെ ഉയർന്നു നിൽക്കുന്ന മണൽതിട്ടക്ക് പുറകിൽ നിന്നായിരുന്നു നിലവിളിയുടെ ശബ്ദം. ബച്ചൻസിങ്ങും മറ്റ് തൊഴിലാളികളും അവിടേക്ക് കുതിച്ചു.

പാഞ്ചയുടെ പിടിയിൽ കിടന്ന കുതറുന്ന ഗംഗയെയാണ് അവർ കണ്ടത്. ബച്ചൻസിങ്ങ് പാഞ്ചയുടെ ദേഹത്തേക്ക് ചാടി വീണു. പാഞ്ചയുടെ പിടിയിൽനിന്ന് മോചിതയായ ഗംഗാ പൊട്ടിക്കരഞ്ഞുകൊണ്ട് ബച്ചൻസിങ്ങിന്റെ മാതാവിന്റെ മുതുകിൽ തലചായ്ച്ചു. അവർ അവളെ ആശ്വസിപ്പിച്ചു. ബച്ചൻസിങ്ങ് പാഞ്ചയെ അവിടെ നിന്നും അടിച്ചോടിച്ചു. നോവേറ്റ സർപ്പത്തെപ്പോലെയാണ് അവൻ അവിടെനിന്നും ഓടിപ്പോയത്.

"ഇന്നാരും ഇനി പണിക്കിറങ്ങേണ്ട..."

ബച്ചൻസിങ്ങിന്റെ ആജ്ഞയ്ക്കുമുമ്പിൽ എല്ലാവരും തരിച്ചുനിന്നു. അവരത് അക്ഷരംപ്രതി അനു

സരിക്കുകയായിരുന്നു. അവരുടെ കൺമുമ്പിൽ അത്തരമൊരു സംഭവം ആദ്യത്തേതായിരുന്നു.

കാലത്ത് മുതൽ പാഞ്ച ഗംഗയെ നോട്ടമിട്ടതായിരുന്നു. മൺതിട്ടയ്ക്ക് പുറത്ത് മൂത്രമൊഴിക്കാൻ പോയ അവളെ പാഞ്ച പിൻതുടർന്ന് ചെല്ലുകയായിരുന്നു. എല്ലാ സ്ത്രീകളും തനിയ്ക്ക് വഴങ്ങുന്നതുപോലെ ഗംഗയും വഴങ്ങുമെന്നായിരുന്നു പാഞ്ചയുടെ ധാരണ. ഭൂപ്രമാണിമാർക്കും അവരുടെ ഗുണ്ടകൾക്കും വഴങ്ങിക്കൊടുക്കേണ്ടിവന്ന ചരിത്രമാണ് ആ ഗ്രാമത്തിലെ സ്ത്രീകൾക്കുള്ളത്. അല്ലെങ്കിൽ അവരുടെ കുടുംബങ്ങളിലെ പുരുഷന്മാരുടെ ശവം നദികളിൽ ഒഴുകി നടക്കുകയായിരുന്നു. അതുകൊണ്ട് ലാംബ ഗ്രാമത്തിലെ സ്ത്രീകൾ എല്ലാം സഹിച്ചു. അവരുടെ ചാരിത്ര്യം സമീന്ദാർമാർക്ക് അടിയറവെക്കേണ്ടിവന്നു. എന്നാലിന്ന് അതിനൊരപവാദമായി ഗംഗ വളർന്ന് വന്നിരിക്കുന്നു.

സന്ധ്യക്ക് ഗ്രാമവാസികളെല്ലാം ബച്ചൻസിങ്ങിന്റെ കുടിലിൽ ഒത്തുചേർന്നു. അവർ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതങ്ങളെക്കുറിച്ചായിരുന്നു ഓരോരുത്തരും സംസാരിച്ചത്.

“നമ്മൾ കർഷകത്തൊഴിലാളികൾ കാലാകാലമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. തല നേരെ ഉയർത്തിപ്പിടിച്ച് നടക്കാൻ പോലും നമുക്കാവുന്നില്ല. ഭൂപ്രമാണിമാർക്ക് നാമെല്ലാം വെറും പുഴുക്കളെപ്പോലെയാണ്. ഏതോ നികൃഷ്ടജീവികളെപ്പോലെയാണ് അവർ നമ്മോട് പെരുമാറുന്നത്. നമ്മുടെ അമ്മമാരുടേയും സഹോദരിമാരുടേയും ചാരിത്ര്യം അവർ കവർന്നെടുക്കുന്നു.”

“നമ്മൾ വിയർപ്പൊഴുക്കി മണ്ണിലദ്ധ്വാനിച്ച് കനകം വിളയിക്കുന്നു. ആ അദ്ധ്വാനത്തിന്റെ മുഴുവൻ പങ്കും അനുഭവിക്കുന്നത് ഭൂപ്രമാണിമാരും അവരുടെ വാൽനക്കിനടക്കുന്ന പിണിയാളുകളുമാണ്. എല്ലായ്പ്പോഴും നമ്മെ ഒറ്റപ്പെടുത്തി നിർത്തുക എന്നത് അവരുടെ തന്ത്രമാണ്. അതിന് ഭീഷണിയും മർദ്ദനമുറകളും അവർ സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള ഒറ്റപ്പെട്ടുനിൽക്കൽ അവർക്ക് വളരെയേറെ ഗുണം ചെയ്യുന്നു. നമ്മുടെ ശക്തി എന്താണെന്ന് നമുക്കറിയില്ല. അത് മനസ്സിലാക്കാൻ കഴിഞ്ഞാൽ ഈ ഭൂപ്രമാണിമാരെ നമുക്ക് നിലയ്ക്ക് നിർത്താൻ കഴിയും. അതുകൊണ്ട് നമ്മുടെ രക്ഷക്കുവേണ്ടി, ഈ ഗ്രാമത്തിന്റെ രക്ഷക്കുവേണ്ടി ഇനി മുതലെങ്കിലും നാം ഒന്നിച്ചുനിൽക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഓരോരുത്തരുടേയും പ്രശ്നങ്ങൾ നമ്മുടെ എല്ലാവരുടെയും പ്രശ്നങ്ങളാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ഈ ഗ്രാമത്തിലെ ജനതയുടെ മൊത്തം പ്രശ്നങ്ങളും പ്രയാസങ്ങളുമാണ്. അത് മാറ്റിയെടുക്കുന്നതിന് നമുക്ക് ഒന്നിച്ച് നമ്മുടെ കൈകൾ കോർത്തിണക്കാം.”

ബച്ചൻസിങ്ങ് അത്രനേരവും സംസാരിച്ചത് ആ ഗ്രാമവാസികൾ ശ്വാസമടക്കിപ്പിടിച്ച് കേട്ടിരുന്നു. അത്തരത്തിൽ, ഒരു യുവാവ് സംസാരിക്കുന്നതുതന്നെ അവരെ സംബന്ധിച്ചിടത്തോളം ആദ്യത്തെ അനുഭവമായിരുന്നു. വളരെ ആവേശത്തോടെയും എന്നാൽ തെല്ലൊരു ഉൾക്കിടിലത്തോടെയുമായിരുന്നു അവന്റെ വാക്കുകൾ ഓരോരുത്തരും മനസ്സിൽ കുറിച്ചെടുത്തത്. അർദ്ധ രാത്രി വരെ നീണ്ടുനിന്ന ആ കൂടിച്ചേരൽ അവസാനിച്ചപ്പോൾ അവരോരുത്തരുടേയും മനസ്സിൽ നിന്ന് നെടുവീർപ്പുയർന്നു.

എല്ലാവരും ബച്ചൻ പറഞ്ഞ കാര്യങ്ങളോട് യോജിപ്പുള്ളവരായിരുന്നു. എങ്കിലും അവരുടെ മനസ്സിൽനിന്ന് ഭയം പൂർണ്ണമായും വിട്ടുമാറിയിരുന്നില്ല. സുഖ്ദേവ്സിങ്ങിന് എതിരെ നിന്നാൽ നാളെ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ചായിരുന്നു അവരുടെ ആശങ്ക. പക്ഷെ ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിച്ചുകൂടാ എന്ന് അവരുടെ മനസ്സ് പറയുന്നുമുണ്ടായിരുന്നു. അന്നു രാത്രിയിൽ പലരുടേയും ഉറക്കം നഷ്ടപ്പെട്ടുപോവുകയായിരുന്നു. ദുസ്വപ്നങ്ങൾ കണ്ട് ചിലരെല്ലാം ഞെട്ടിയുണരുകയായിരുന്നു. അരുതാത്തതെന്തോ തങ്ങൾ ചെയ്യാൻ പോകുന്നു എന്ന തോന്നലും ചിലർക്കുണ്ടാവാതിരുന്നില്ല.

## ആറ്

അന്ന് ആരും പണിക്കിറങ്ങുകയുണ്ടായില്ല.

എല്ലാവരും തങ്ങളുടെ പണിയായുധങ്ങളും പേറി വയലിന്റെ അരികിൽ നിലയുറപ്പിച്ചു.

പാഞ്ചയോടൊപ്പം അന്ന് മേൽനോട്ടത്തിനായി രണ്ടുപേർ കൂടിയുണ്ടായിരുന്നു. വിമൽ ഠാക്കൂറും രഞ്ജിഠാക്കൂറും.

പാഞ്ച ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്നറിഞ്ഞായിരിക്കണം ഈ ഠാക്കൂർമാരെക്കൂടി അവൻ കൂട്ടിക്കോണ്ടുവന്നത്. പണി ചെയ്യാൻ ആരും പാടത്തിറങ്ങാത്തതിനാൽ പാഞ്ച കാരണം തിരക്കി. ജോലിക്ക് വരുന്ന സ്ത്രീകൾക്ക് നേരെ അക്രമം ഉണ്ടാവില്ലെന്ന് ഉറപ്പ് കിട്ടിയാലെ ഞങ്ങൾ ജോലിക്കിറങ്ങൂ എന്നവർ ശഠിച്ചു.

അത്തരമൊരുറപ്പ് നൽകാൻ പാഞ്ചയോ കൂട്ടുകാരോ തയ്യാറായില്ല. മാത്രമല്ല സ്ത്രീകൾക്കെതിരായി അത്തരമൊരു അക്രമവും നടന്നില്ല എന്നു കൂടി അവർ പറഞ്ഞു.

ബച്ചൻ മുന്നോട്ടുവന്ന് പാഞ്ചയുടെ ഷർട്ടിന്റെ കോളറിൽപ്പിടിച്ച് ഉറക്കെപ്പറഞ്ഞു.

“ഇവൻ പറയട്ടെ അങ്ങിനെ നടന്നിട്ടില്ലെന്ന്.”

പാഞ്ച കൈ തട്ടിമാറ്റി അവനോട് അലറി.

“അങ്ങിനെ ഒരക്രമവും ഇവിടെ നടന്നിട്ടില്ല... ഉണ്ടെങ്കിൽ ഈനിൽക്കുന്ന തൊഴിലാളികൾ പറയട്ടെ...”

*(തുടരും)*

■

സിനിമ



# ഒരേ തൂവൽപക്ഷികൾ വീണ്ടും പറക്കുമ്പോൾ

കുഞ്ഞിക്കണ്ണൻ വാണിമേൽ

മലയാളസിനിമയിൽ ഇത് ഇരട്ടകളുടെ കാലമാണ്. ഇപ്പോൾ ക്യാമറ പിടിക്കുന്നത് ഇരട്ട വേഷങ്ങളിലല്ല, കഥകളിലേക്കാണ്. വർഷങ്ങൾക്ക് മുമ്പ് രവീന്ദ്രൻ 'ഒരേ തൂവൽപ്പക്ഷികൾ' എന്ന് തന്റെ സിനിമയ്ക്ക് പേരിടുമ്പോൾ ഇങ്ങനെയൊരു അവസ്ഥയിലേക്കുള്ള വഴിതുറന്നിടലാകുമെന്ന് നിനച്ചിരിക്കില്ല. രവീന്ദ്രൻ മനസ്സാ വാചാ കർമ്മണാ ആലോചിച്ചില്ലെങ്കിലും അടുത്തകാലത്ത് മലയാളത്തിലെ തിരക്കഥാകൃത്തുക്കൾ ഒരേ കഥയിലാണ് മേഞ്ഞു നടക്കുന്നത്. വിനോദമായാലും അല്പം കലാത്മകമായാലും സംഗതി ഒരേ പ്രമേയത്തിന്റെ ആവിഷ്കാരം. ബി. ഉണ്ണിക്കൃഷ്ണൻ ഒരുക്കിയ 'മാടമ്പി'യിൽ പലിശക്കാരൻ പുത്തൻവീട്ടിൽ ഗോപാലകൃഷ്ണപിള്ളയുടെ കഥ പറയുന്നു. പത്മകുമാറിന്റെ 'പരുന്തിൽ' പലിശക്കാരൻ പുരുഷോത്തമനും നിറഞ്ഞുനിൽക്കുന്നു. രണ്ടും അടുത്തടുത്ത് തിയേറ്ററിലെത്തി. തമ്മിൽ ഭേദപ്പെട്ടത് മലയാളികൾ കൂടുതൽ തവണ കണ്ടു. ബി. ഉണ്ണികൃഷ്ണന്റെ 'മാടമ്പി' നേരമല്ലാനേരത്ത് (സംവിധായകൻ പ്രിയദർശന്റെ മുന്നറിയിപ്പ് മറികടന്ന്) നൂറുദിവസം പ്രദർശനശാലകളിൽ ഓടി. പത്മകുമാറിന്റെ 'പരുന്ത്' ടി.എ. റസാഖ് തിരക്കഥ ഒരുക്കിയിട്ടും അധികനാളുകളിൽ തിയേറ്ററുകളിൽ ചിറകുവിരുത്തിപ്പറന്നില്ല. 'പരുന്തി'ന്റെ ചിറകരിഞ്ഞത് ഫാൻസുകാരാണെന്നുപോലും തട്ടിവിട്ടവരുമുണ്ട്. സിനിമ വിജയിച്ചാലും പരാജയപ്പെട്ടാലും സമീപനാളുകളിൽ മാധ്യമവീരന്മാർ താര ഫാൻസുകാരെ ചുറ്റിപ്പറ്റിയാണ് കണക്ക് അവതരിപ്പിക്കുന്നത്. പാവം ഫാൻസുകാർ അർദ്ധരാത്രികളിൽ ഉറക്കമൊഴിഞ്ഞ് തിയേറ്ററുകൾക്കുമുമ്പിൽ ബാനർ കെട്ടിയും ഫ്ളക്സുകളിൽ പാലാഭിഷേകം നടത്തിയും സിനിമ സംരക്ഷിക്കാൻ ഓടി നടക്കുമ്പോൾ മാധ്യമങ്ങളിലെ വിധികർത്താക്കളുടെ പഴിചാരലും കേൾക്കേണ്ടി വരുന്നു. ഏതായാലും ഒരേ സമയത്ത് പ്രേക്ഷകരെ രണ്ടു പലിശക്കാർ സന്ദർശിക്കാനിടയായത് തിരക്കഥാ ദാരിദ്ര്യമാണോ, അതോ തിരക്കഥകളെക്കുറിച്ചുള്ള വാർത്തകൾക്ക് മാധ്യമങ്ങൾ പ്രാധാന്യം കൊടുക്കുന്നതുകൊണ്ടോ? (പല സംവിധായകരും ലൊക്കേഷനിലെത്തുന്നവരോട് സിനിമയുടെ കഥ പറയാൻ മടിക്കുന്നു) പലിശക്കാരുടെ ഗീർവാണങ്ങൾ പണം മുടക്കി സഹിച്ച് പ്രേക്ഷകർ ആശ്വസിച്ചിരിക്കുമ്പോഴാണ് നടനും കഥാകൃത്തുമായ മധുപാൽ സംവിധാനകലയിലേക്ക് കന്നിയങ്കം കുറിച്ചത്.



മധുപാലിന്റെ 'തലപ്പാവി'ന് തിരക്കത ഒരുക്കിയത് ബാബു ജനാർദ്ദനനാണ്. കഥയും കഥാപാത്രങ്ങളും മുമ്പെങ്ങോ കണ്ടുമറന്നവരാണോ എന്ന് മലയാളികൾ സംശയിച്ചു. സാക്ഷാൽ ഹരിഹരൻ സാറിന്റെ 'ആരണ്യക'ത്തിലും 'പഞ്ചാഗ്നി'യിലും മറ്റും മുഴങ്ങിയ കാഹളധ്വനി, സാരമില്ലെന്ന് കരുതി മധു

പാലിന്റെ സംവിധാനവിദ്യയും കണ്ടുകണ്ടങ്ങനെ കാലം കഴിക്കുമ്പോഴാണ് അതാവരുന്നു മറ്റൊരു ഇടിത്തീ. ദേവാസുരവും ആറാംതമ്പുരാനും നന്ദനത്തിൽ ഇടിച്ചുകലക്കി റോക്ക് ആന്റ് രോൾ ചുഴറ്റിയ രൻജിത്തിനെ നടനകലയിലേക്ക് തിരിച്ചുനടത്തിക്കാൻ യത്നിച്ച ജയരാജിന്റെ 'ഗുൽമോഹർ'. ഗുൽമോഹറിന്റെ തിരക്കഥ ദീദിയുടേതാണ്. 'ഗുൽമോഹറു'കാർക്കും പറയാനുള്ളത് എഴുപതിന്റെ പ്രക്ഷുബ്ധത തന്നെ. വിപ്ലവ സ്വപ്നം നെഞ്ചേറ്റിക്കഴിയുന്ന ഇന്ദുചൂഢൻ (രൻജിത്ത്), തലപ്പാവിലെ ജോസഫ് (പൃഥിരാജ്), ആരണ്യകത്തിലെ നക്സൽ നേതാവ് (ദേവൻ) 'പഞ്ചാഗ്നി'യിലെ ഇന്ദിരയും (ഗീത), റഷീദും (മോഹൻലാൽ) ഇവരെല്ലാം ഒരേ തൂവൽപ്പക്ഷികൾ. പിന്നെ എവിടെയാണ് ഇവരെല്ലാം വ്യത്യസ്തമാകുന്നുത്. അക്കാര്യത്തിൽ മലയാളസിനിമക്ക് നവജീവൻ നൽകുന്ന തിരക്കഥാകൃത്ത് ബാബു ജനാർദ്ദനൻ (?) വിതച്ച വിത്തെന്താണ്!. 'തലപ്പാവി'ൽ നക്സൽ നേതാവ് ജോസഫും അയാളെ വെടിവെച്ച കൊന്ന പോലീസുകാരൻ രവീന്ദ്രൻപിള്ളയുമാണ് മുഖ്യകഥാപാത്രങ്ങൾ. ബാബുജനാർദ്ദനൻ തിരക്കിയ കഥയിൽ ചരിത്രം തിരുത്തുകയാണ്. ചരിത്രമെന്ന് അക്ഷരാർത്ഥത്തിൽ വിശേഷിപ്പിക്കാമെങ്കിലും വർഗീസിനെ വെടിവെച്ച യഥാർത്ഥ രാമചന്ദ്രൻ നായർ ജീവിതത്തിന്റെ നിർണ്ണായകമുഹൂർത്തത്തിൽ കുമ്പസരിച്ചപ്പോഴാണ് വാസ്തവം പുറത്തായത്. നെഞ്ചുരുകിയ മനുഷ്യന്റെ ഏറ്റുപറച്ചിൽ മാത്രം. അദ്ദേഹം കമ്മ്യൂണിസ്റ്റുകാരനോ, പുരോഗമനവാദിയോ അല്ലായിരുന്നു. തലപ്പാവിലെ രവീന്ദ്രൻപിള്ള (ലാൽ) കമ്മ്യൂണിസ്റ്റ് ആഭിമുഖ്യമുള്ള കഥാപാത്രമായി മാറുന്നു. അയാളുടെ കുടുംബം കച്ചവടസിനിമ ഒരുക്കുന്ന ഏച്ചുകെട്ടലുകളുടെ മസാലദോശയും. പോലീസുകാരൻ രാമചന്ദ്രന്റെ ജീവിതം സമീപചരിത്രമാണ്. (എം.ടി. വാസുദേവൻ നായർ ഒരു വടക്കൻവീരഗാഥയിൽ ചന്തുവിനെ പുതിയരീതിയിൽ വായിച്ചെടുത്തുപോലെ തലപ്പാവുകാരും ശ്രമിച്ചതാണോ?) എന്ത് ന്യായം പറഞ്ഞാലും സി.വി. സത്യന്റെ രാമചന്ദ്രനെക്കുറിച്ചുള്ള ഡോക്യുഫിക്ഷൻ കണ്ടവരൊന്നും ബാബുജനാർദ്ദനന്റെ കല്പിതത്തിന് സ്ഥാനം നൽകില്ല. ഗുൽമോഹർ എഴുപതിന്റെ എരിഞ്ഞ മനസ്സുകളാണ് പ്രതിപാദ്യം. നക്സൽ കഥകൾക്ക് നല്ല കാലമെന്ന് സിനിമാക്കാരുടെ കണ്ടുപിടുത്തം കിടിലമെന്ന് വിശേഷിപ്പിക്കാതെ വയ്യ. ഇനി കാർഗിലിന് പകരം നേപ്പാളിലും അസമിലും പുതിയ മേജർമാരെ ഒന്നിപ്പിച്ച് നമ്മുടെ തിരക്കഥാകൃത്തുക്കൾ തിരക്കിയില്ലെങ്കിലേ അത്ഭുതമുള്ളൂ. കാരണം പ്രേക്ഷകർ സുബ്രഹ്മണ്യപുരത്തിനും പരുത്തിവീരനും ക്യൂ നിൽക്കുന്നത് കാണാൻ നമ്മുടെ സിനിമാക്കാർക്ക് സമയമില്ലപോലും അഥവാ സമയമായില്ലപോലും.


'കീർത്തിചക്ര' കണ്ടപ്പോൾ നമ്മുടെ പല ഉന്നത സംവിധായകരും ഊറിച്ചിരിച്ചു. ഇത് ആദ്യവെടി മാത്രം. പിന്നീട് 'മിഷൻ' വന്നപ്പോൾ അവരിൽ പലരും അടക്കം പറയാനും മറന്നില്ല. ഇപ്പോൾ 'കുരുക്ഷേത്ര' തുടങ്ങിയപ്പോഴാണ് മേജർ സിനിമയിലും "മേജറാണെന്ന്" തിരിച്ചറിഞ്ഞത്. കഥയും കഥാപാത്രവും അത് പറയുന്ന രീതിയും കാര്യക്ഷമമാക്കാൻ സാധിച്ചാൽ ഭേദപ്പെട്ട വിനോദമൂല്യമുള്ള ചിത്രമൊരുക്കാൻ സാധിക്കുമെന്നതിന് മേജർ രവിയെ മലയാളത്തിലെ പുതിയതും പഴയതുമായ സംവിധായക കുലപതികൾക്ക് കണ്ടുപഠിക്കാം. താരത്തെ കുത്തിമലർത്തിയ സിനിമ (കടപ്പാട്: മാതൃഭൂമി ആഴ്ചപ്പതിപ്പ്) എന്നതിന് പകരം മലയാളത്തിലെ സംവിധായകരെ നോക്കുകുത്തികളാക്കിയ സംവിധായകനെന്നും മേജർമാരെ വിശേഷിപ്പിക്കാൻ അധികം കാത്തിരിക്കേണ്ടിവരില്ല.

സിനിമ കാഴ്ചയുടെ കലയാണ്. ദൃശ്യാവബോധവും ജീവിതനിരീക്ഷണവും ഒത്തുചേരുമ്പോഴാണ് നല്ല ചിത്രങ്ങൾ പിറക്കുന്നത്. മലയാളത്തിൽ നല്ല സിനിമകൾ കുറയുന്നതിന് പ്രധാന കാരണം ചലച്ചിത്രത്തെക്കുറിച്ചുള്ള മനന പ്രക്രിയ ഇല്ലാത്തതാണ്. തലയിൽ മണ്ണെണ്ണ ഒഴിക്കുന്ന നായകനോ, ഓട്ടത്തിനിടയിൽ ബോധോദയം വന്ന് നായകനിലേക്ക് തിരിച്ചെത്തി വിവാഹത്തിന് സന്നദ്ധതയാകുന്ന നായകിയോ, തെറ്റുകൾ തിരുത്തി നല്ലപിള്ളയായി മാറുന്ന മകനോ, മകളോ എല്ലാ ചിത്രത്തിലെയും അവസാനത്തെ സീനിലുണ്ടായിരിക്കണമെന്ന വാശി നമ്മുടെ സിനിമാക്കാർ ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

■



നോവലെറ്റ്



തുടർച്ച

# മഴക്കാറില്ലാതെ മഴപെയ്യുംപോലെ...

സുരേന്ദ്രൻ വടക്കിനാലിൽ

***(കഴിഞ്ഞലക്കം കഥ ഇതുവരെ)***

*ഹരിയുടെ വീടിന്റെ ചിത്രം ദയനീയമാണ്. ഹൃദ്രോഗിയായ അമ്മയും ഭർത്താവ് മരിച്ച് ഒരു കുഞ്ഞമായ് വീട്ടിൽ വന്നുനിൽക്കുന്ന വിധവയായ മൂത്തസഹോദരി സുധയും, വിവാഹപ്രായമായി നിൽക്കുന്ന ഇളയ അനിയത്തി സുനന്ദയും ഉൾപ്പെട്ടതാണ് ഹരിയുടെ കുടുംബം. ചെറുപ്പത്തിലെ അച്ഛൻ മരിച്ചതുകൊണ്ട് വീടിന്റെ ചുമതല ഹരിക്കാണ്. ജോലിയൊന്നുമില്ലാതായപ്പോൾ ഹരിമോഷണത്തിനറങ്ങി. കഴിഞ്ഞപത്തുകൊല്ലമായി ഹരി മോഷണം തുടങ്ങിയിട്ട്. പക്ഷെ ഹരിയുടെ ജോലി മോഷണമാണെന്ന് വീട്ടിലുള്ളവർക്കും നാട്ടുകാർക്കും അറിയില്ല. ഹരിമറ്റൊരു മോഷണത്തിനു പദ്ധതി തയ്യാറാക്കി. ഐശ്വര്യം പാടെ നശിച്ച ഒരു ഇല്ലത്ത് ചെന്ന് ആൾമാറാട്ടത്തിലൂടെ സഹോദരിയുടെ കല്യാണത്തിനായി ഗൾഫിലുള്ള സഹോദരൻ അയച്ച പൊന്നും പണവും മോഷ്ടിക്കയായിരുന്നു ഹരിയുടെ ലക്ഷ്യം. ആ വീട്ടിൽ ഒരു അമ്മയും മകളും മാത്രമാണ് താമസിച്ചിരുന്നത്. ഹരി ഇരുട്ടിയപ്പോൾ ഗൾഫിലുള്ള ഉണ്ണിയുടെ കൂട്ടുകാരൻ ജയദേവനായി ഇല്ലത്ത് എത്തി. ആ വീട്ടിലുള്ള അമ്മയും മകളും മകൻ ഉണ്ണി ഫോൺ ചെയ്ത പ്രകാരം ജയദേവനാണെന്ന് കരുതി ഹരിയെ സ്വീകരിച്ച് വീട്ടിൽ താമസിപ്പിച്ചു.*

“ജയൻ .... അത്താഴം കഴിക്കാൻ വന്നോളൂട്ടോ....

മോൻ ഇന്ന് വരൂന്ന് അറിഞ്ഞിരുന്നില്ലല്ലോ, ഒന്നും വിശേഷായിട്ട് കരുതീട്ടില്ല, കഞ്ഞീം പയറൂണ്ട്, മോന് ഇഷ്ടാവ്വോ....എന്തോ..... ?”

വാതിൽക്കൽ നിന്ന് അമ്മയുടെ വാത്സല്യത്തോടെയുള്ള ക്ഷണം കേട്ട് അയാൾ എഴുന്നേറ്റ് പുറത്തേക്ക് വന്ന് വിനയത്തോടെ പറഞ്ഞു:

“അതിനെന്താ?. കഞ്ഞി എനിക്ക് വലിയ ഇഷ്ടാ.....

അവിടെ ഞങ്ങൾക്കെന്നും അത്താഴത്തിന് കഞ്ഞിയാ!.”

കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ പരിഭവത്തിന്റെ കെട്ടഴിച്ചു:

“ഞാനിവിടെ കിടന്ന് നെട്ടോട്ടമാ, മോനെ..... ഒരു സഹായത്തിനും ആരൂല്യാ, ഞാനൊറ്റക്ക് എന്താ കൂട്ട്യ കൂടാ?. വേളീന്നൊക്കെ പറഞ്ഞാൽ ചില്ലറ പാടാ!.

പാവം.... എന്റെ കുട്ടി അവിടെ കിടന്ന് ചോര നീരാക്കീട്ടാ ഈ കുടുംബം പുലർന്നു പോകുന്നത്. അങ്ങനെയുള്ള അവന് ഇവിടെ വന്ന് കിടക്കാൻ പറ്റ്വോ? ആണായിട്ട് ആകെ ആ.... ഒന്നാ ഉള്ളത്, അതി



നെ കൊതി തീരെ ഒന്ന് കാണാൻ പറ്റ്ന്ന്ണ്ടോ എനിക്ക് അഞ്ച് കൊല്ലായ് എന്റെ കുട്ടി പോയിട്ട്!. അവനെ ഞാനൊന്നു കണ്ടിട്ട്!. എന്റൊരു തലേലെഴുത്ത്. കർമ്മഫലം. അല്ലാതെന്തു പറയ്യാ?.

മഴക്കാറില്ലാതെ മഴ പെയ്യും പോലെ പെട്ടന്ന് അമ്മയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. വിങ്ങി.... വിങ്ങി കരയുന്ന അവരെ ആശ്വസിപ്പിക്കുമ്പോൾ നിറ കണ്ണുകളോടെ അടുക്കള വാതിലിന് പുറകിൽ മറഞ്ഞ തന്റെ അമ്മയുടെ മുഖം അയാളോർത്തു പോയി. ആ കണ്ണുകൾ പെയ്ത ചുടുനീർ വീണ് അയാളുടെ നെഞ്ച് നീറി. അറിയാതെ അയാളുടെ കണ്ണുകളും നിറഞ്ഞു:

തേങ്ങലിന്റെ ശബ്ദം കേട്ട് അടുക്കളയിൽ നിന്നും ഓടിയെത്തിയ ആതിര പറഞ്ഞു:

“ഇതാ ഇപ്പം നന്നായേ..... ഈ അമ്മയുടെ ഒരു കാര്യം. എപ്പഴും ഇങ്ങനാ, ഏട്ടന്റെ കാര്യം പറഞ്ഞാ മതി... തുടങ്ങി കരച്ചില്!.”

തന്റെ കണ്ണ് ഒരു മാത്ര നിറഞ്ഞത് അവർ കാണാതിരിക്കാൻ പാടുപെട്ടുകൊണ്ട് അയാൾ അമ്മയെ ആശ്വസിപ്പിക്കാനെന്നോണം പറഞ്ഞു:

“അമ്മ... വിചാരിക്കുംപോലെ ഒന്നൂല്യ, ഉണ്ണിക്കവിടെ സുഖാ...!. പിന്നെ.... നാലഞ്ച് ദിവസത്തിനുള്ളിൽ അവനിങ്ങെത്തില്ലേ?. അമ്മയെ സഹായിക്കാനല്ലേ എന്നെ പറഞ്ഞയച്ചിരിക്കുന്നത്. അമ്മ വെഷമിക്കാതിരിക്ക്''. അയാൾ കൈ കഴുകി വന്നപ്പോൾ തൂവാല നീട്ടിക്കൊണ്ട് അമ്മ ക്ഷമാപണമെന്നോണം പറഞ്ഞു.

“മോന്..... വെഷമായോ...... ?. ഒരു നിമിഷം മനസ്സിന്റെ നിയന്ത്രണം വിട്ടുപോയി. സാരല്യാട്ടോ, നേരം പാതിരയായ്, മോൻ പോയ് കിടന്നോളൂ. ഉറക്കം വരണണ്ടാവൂം”.

കിടക്കാനൊരുങ്ങുമ്പോൾ വാതിക്കൽ ആതിര:

അവൾ അകത്തേക്ക് എത്തിനോക്കിക്കൊണ്ട് അമ്മ കേൾക്കാതെ പതിയെ ചോദിച്ചു:

“ആരാ..... ഈ ശ്യാമ....? ചേട്ടനറിയ്യോ.... ?”

അയാളൊന്നു ഞെട്ടിയെങ്കിലും , അതു പുറത്തു കാട്ടാതെ പറഞ്ഞു:

“അറിയില്ല”

“നൊണ പറയല്ലേ.... ചേട്ടാ, അമ്മക്കറിഞ്ഞൂടാട്ടോ..... !. പക്ഷേ .... എന്നോട് വിളിച്ചു പറഞ്ഞിട്ടുണ്ട്. ചേട്ടത്തിയമ്മയാകാൻ പോകണ ആളല്ലേ...!. കാണാൻ ..... സുന്ദരിയാണോ?”.

എന്തു പറയണമെന്നറിയാതെ ഒരു നിമിഷം പതറിയെങ്കിലും, അവളുടെ നീലകണ്ണുകളിലേക്കു നോക്കിക്കൊണ്ട് പറഞ്ഞു:

‘‘സുന്ദരിയാണ്. പക്ഷേ..... നിന്നോളം വരില്ല”.

“വീണ്ടും.... നൊണ പറയല്ലേ, ചേട്ടാ...”

“സത്യം”.

അപ്പോൾ അവളുടെ മുഖം മഞ്ഞിൽ കുതിർന്ന ചെന്താമര പോലെ ചുവന്നു തുടുക്കുന്നത് കൗതുകത്തോടെ നോക്കിക്കൊണ്ട് അയാൾ ചോദിച്ചു:

“രണ്ട് വിവാഹം കൂടി ഒരുമിച്ചാക്കാമായിരുന്നില്ലേ...?”

ആതിര മുഖമുയർത്തി നിർവികാരയായ് പറഞ്ഞു:

“അമ്മയും ഞാനും ഏട്ടനോടാ കാര്യം പലതവണ ആവശ്യപ്പെട്ടതാ!. പക്ഷേ, വഴങ്ങിയില്ല. ഏട്ടനായിരുന്നു ആദ്യം വേളി കഴിക്കേണ്ടിയിരുന്നത്. വയസ്സ് ഇരുപത്തിയേഴ് കഴിഞ്ഞു. നിർബന്ധിക്കുമ്പോഴെല്ലാം ഏട്ടൻ പറയും, ആതിരയുടെ വേളി കഴിയട്ടെ എന്നിട്ടാലോചിക്കാമെന്ന്”.

അവൾ വീണ്ടുമെന്തോ പറയാൻ തുടങ്ങും മുമ്പ് വെറുതെ..... ഒന്നറിയാൻ , എന്ന മട്ടിൽ അയാൾ ചോദിച്ചു:

“ആഭരണങ്ങളൊക്കെ വാങ്ങിയാരുന്നോ?.”

ചോദ്യം അനവസരത്തിലാണെന്നറിയാമെങ്കിലും അറിയാനുള്ള ജിജ്ഞാസ കൊണ്ട് ചോദിച്ചു പോയി:

കേൾക്കേണ്ട താമസം അവളോടിപ്പോയി. ആഭരണപ്പെട്ടി കൊണ്ടുവന്ന് അയാളുടെ മുന്നിൽ തുറന്നു വെച്ചു. അയാളുടെ കണ്ണു മഞ്ഞളിച്ചുപോയി. ഓരോന്നായി കയ്യിലെടുത്ത് ഭംഗി ആസ്വദിക്കുമ്പോൾ അവളതിന്റെ പേരുകളും മറ്റും വർണിക്കാൻ തുടങ്ങി.

“ചേട്ടനിഷ്ടമായോ?.”

“ഉവ്വ്, നന്നായിട്ടുണ്ട്!.”

“മൊത്തം എത്ര പവനുണ്ട്?.”

“അമ്പത് പവനുണ്ട്”

അയാളപ്പോൾ മനസ്സിന്റെ താളിൽ സ്വർണ്ണത്തിന്റെ മൊത്ത വില കുറിച്ചിടുകയായിരുന്നു:

ഒരു നെടുവീർപ്പോടെ ആതിര തുടർന്നു:

ഇതെല്ലാം ഏട്ടനയച്ചു തന്നതാ!. ഏട്ടന്റെ വിയർപ്പു മുത്തുകൾ കോർത്താണിതെല്ലാം പണിതിരിക്കുന്നത്. പാവം.... .ഏട്ടൻ. ഞങ്ങൾക്കു വേണ്ടി എത്ര മാത്രം കഷ്ടപ്പെടുന്നുണ്ടെന്നോ......

എല്ലാം ഓർത്തപ്പോ, എനിക്കിപ്പോൾ വേളിയൊന്നും വേണ്ടെന്ന് പറഞ്ഞതാ, ചേട്ടന്റെ നിർബന്ധാ....

പൊടുന്നനെ അവളുടെ നീലക്കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നത് അയാൾ കണ്ടു. അയാളുടെ കണ്ണുകളിലും നനവു പടർന്നു. അവളുടെ കണ്ണുനീർ മനസ്സിൽ നൊമ്പരപ്പൂക്കളായി. അയാളുടെ മനസ്സ് മന്ത്രിച്ചു.

‘‘പാവം.... നിഷ്ക്കളങ്കയായ പെൺകുട്ടി....”

അടുക്കളയിൽ നിന്നും അമ്മയുടെ പരിഭവ സ്വരം:

“ആതിരെ.... ഏട്ടനുറക്കം വരണ്ടാവും. ശല്യപ്പെടുത്തണ്ട, പാവം കിടന്നോട്ടെ... ?.”

എന്നിട്ട് ആത്മഗതമെന്നോണം തുടർന്നു:

“ഈ പെണ്ണിന്റെ ഒരു കാര്യം, സംസാരിക്കാൻ തുടങ്ങ്യാല് പിന്നെ നിർത്തില്ല....!”

ധൃതിയിൽ കണ്ണു തുടച്ചുകൊണ്ട് ക്ഷമാപണമെന്നോണം അവൾ

പറഞ്ഞു:

"സോറി.... ജയേട്ടാ... ഞാനോർത്തില്ല...!. ഉറക്കം വരണണ്ടാവും, ല്ലേ... കിടന്നോളൂട്ടോ, ഗുഡ് നൈറ്റ്...."

"അവൾ ആഭരണപ്പെട്ടിയുമെടുത്ത് പിൻവാങ്ങി: ഹരി കട്ടിലിലേക്കും."

5

അകന്നകന്നു പോകുന്ന പാദസരത്തിന്റെ സംഗീതം കേട്ടുകൊണ്ട് അയാൾ കട്ടിലിൽ മലർന്നു കിടന്നു. പക്ഷേ.... ചിന്തകളുടെ ഘോഷയാത്ര അയാളുടെ ഉറക്കം കെടുത്തി. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും നിദ്ര കൺപോളകളെ തലോടിയില്ല. പൊടുന്നനെ മനസ്സിൽ നിസ്സഹായരായ ആ... അമ്മയുടെയും മകളുടെയും നീർമുത്തുകൾ പടർന്ന മുഖങ്ങൾ തെളിഞ്ഞു. നിഷ്കളങ്ക സ്നേഹം മാത്രം കൈമുതലായുള്ളവർ, വിവാഹത്തിന് ഏതാനും ദിവസങ്ങൾ മാത്രം ബാക്കി നില്ക്കെ ആഭരണങ്ങളും പണവും, മറ്റും നഷ്ടപ്പെട്ടെന്ന് അവരറിയുമ്പോഴുണ്ടാകുന്ന ആ.... ഹൃദയ വേദന, ആ മനസ്സിന്റെ പിടച്ചിൽ, പണമില്ലാത്ത ഈ അവസ്ഥയിൽ നിസ്സഹായരായ അവർക്ക് എന്തു ചെയ്യാൻ പറ്റും. വിവാഹം മുടങ്ങും....!. അത്ര തന്നെ, ആ .... അമ്മയുടെയും, മകളുടെയും മാത്രമല്ല, മരുഭൂമിയിൽ വിയർപ്പൊഴുക്കുന്ന ആ മകന്റെയും പ്രതീക്ഷകളും, സ്വപ്നങ്ങളുമെല്ലാം നിമിഷനേരം കൊണ്ട് എരിഞ്ഞടങ്ങി ചാമ്പലാകും. ഒരു പക്ഷേ.... എന്നെന്നേക്കുമായി ജീവിതം അവസാനിപ്പിക്കയാകും അവരുടെ മുന്നിലുള്ള ഒരേ ഒരു വഴി.

മറുവശത്ത് നിറഞ്ഞ കണ്ണുകളോടെ മരണം കാത്തു കിടക്കുന്ന സ്നേഹമയിയായ തന്റെ അമ്മ, ജീവിതം വഴിമുട്ടി നില്ക്കുന്ന നിസ്സഹായരായ സഹോദരിമാർ.

ഓർത്തപ്പോൾ അയാളുടെ നെഞ്ചിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞു. അയാളറിയാതെ തേങ്ങിപ്പോയ്.

ഇങ്ങനെയൊരു ചിന്തയോ, പശ്ചാത്താപമോ ഈ തൊഴിലിന്റെ നീതി ശാസ്ത്രത്തിലില്ലില്ലെന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നു. നീണ്ട പത്ത് വർഷമായ് ഈ തൊഴിലനുഷ്ഠിച്ചു വരുന്ന തനിക്ക് മുമ്പൊരിക്കലും ഇങ്ങനെയൊരനുഭവം ഉണ്ടായിട്ടില്ലെന്നും അയാളോർത്തു.

"കയ്ച്ചിട്ടിറക്കാനും മേല, മധുരിച്ചിട്ട് തുപ്പാനും മേല എന്ന അവസ്ഥ...!" തന്റെ മനസ്സ് പതറുന്നത് അയാളറിഞ്ഞു. ശരീരം തളരുന്നു. പടക്കളത്തിൽ വെച്ച് ആയുധങ്ങളൊക്കെ നഷ്ടപ്പെട്ട പോരാളിയെ പോലെ എന്താണ് വേണ്ടതെന്നറിയാതെ അയാൾ കുഴങ്ങി. സങ്കടങ്ങളും നിരാശകളും, സങ്കല്പങ്ങളും പ്രതീക്ഷകളുമൊക്കെ മനസ്സുനുറങ്ങുന്ന വിങ്ങലുകളായ് ഒതുക്കാൻ പാടുപെട്ടുകൊണ്ട് നിദ്രാവിഹീനനായ് കിടക്കുമ്പോൾ മിനിറ്റുകൾ ഒച്ചിനെ പോലെ ഇഴയുന്നതായ് അയാൾക്ക് തോന്നി. എപ്പോഴോ കൺപോളകളിൽ ആലസ്യം കടന്നുവന്ന് നിദ്രയുടെ അഗാധതയിലേക്ക് അറിയാതെ അയാൾ ഊർന്നു വീണു.

പെട്ടന്ന് അതാ... മുറിയുടെ വാതിൽ ആരോ പതുക്കെ തുറക്കുന്നു. മുറിക്കുള്ളിലേക്ക് നിലാവിന്റെ കുളിർമയുള്ള പ്രകാശം പരക്കുന്നു. ആ... വെളിച്ചത്തിൽ ആരാണവിടെ നിൽക്കുന്നത്. അയാൾ സൂക്ഷിച്ചു നോക്കി. തന്റെ സ്നേഹമയിയായ അമ്മ അടുത്തു വന്നുനില്ക്കുന്നു!. കുലീനവും ആഭിജാത്യവും തുളുമ്പുന്ന ആ മുഖം വിളറി വെളുത്തിരിക്കുന്നു. വിഷാദത്തെ ഉപാസിച്ച ഒരു മഹായോഗിനിയുടെ രൂപം, കുഴിയിലാണ്ട ആ കണ്ണുകളിൽ നിന്നും മകനെക്കുറിച്ചുള്ള എരിഞ്ഞടങ്ങിയ സ്വപ്നങ്ങളുടെ ചാമ്പൽ പൊഴിയുന്ന പോലെ അയാൾക്കു തോന്നി:

ചന്ദനം പൂശിയെ നെറ്റി ചുളിച്ചുകൊണ്ട് അമ്മ ആശ്ചര്യത്തോടെ ചോദിച്ചു:

"മോനെ.... നീ.... ഇവിടെ... ?. നിനക്കെന്താ ഇവിടെ കാര്യം... ?"

കുറ്റബോധത്താൽ എന്തു പറയണമെന്നറിയാതെ അയാൾ തലകുനിച്ച് നിശ്ചലം നിന്നു പോയി. ആ മുഖത്തു നോക്കി എന്തെങ്കിലും പറയുവാനുള്ള ധൈര്യം അയാൾക്കില്ലായിരുന്നു.

അസഹ്യമായ ക്ഷോഭവും, സങ്കടവും ഉള്ളിലൊതുക്കിക്കൊണ്ട് വാത്സ്യലം തുളുമ്പുന്ന സ്വരത്തിൽ അമ്മ തുടർന്നു:

"ചോദിച്ചതു കേട്ടില്ലേ... നീയ്... ?. നീയെന്താ.... ഒന്നും മിണ്ടാത്തെ... ?"എല്ലാം.... ഈ അമ്മ അറിയുന്നുണ്ട് മോനെ....!.നീ ചെയ്യുന്നതെന്താണെന്ന് നീ..... ചിന്തിച്ചിട്ടുണ്ടോ... ?. നിന്റെ ചിന്തകൾക്കെല്ലാം അപ്പുറത്താണ് മോനെ..... ഈ ജീവിതം. രോഗ ശയ്യയിൽ കിടന്നുള്ള പെറ്റമ്മയുടെ രോഗ പീഢകളേൽപ്പിച്ച വേദനകളൊതുക്കിയുള്ള പ്രാർത്ഥനകൾ നിന്നെയൊരു കള്ളനായ് കാണാൻ വേണ്ടിയായിരുന്നില്ല., മോനെ... ആയിരുന്നില്ല.. !. ഈ പാവങ്ങളെ നീ വഞ്ചിച്ചാൽ പിന്നെ.... ഈശ്വരൻ പോലും നിന്നോട് പൊറുക്കില്ല. ഇങ്ങനെ ജീവിക്കുന്നതിലും ഭേദം മരിക്കുന്നതാ.... !. നീ... കുറച്ച് വിഷം വാങ്ങിത്താ... ഞങ്ങൾക്ക്...

അമ്മയുടെ നെഞ്ചു പൊട്ടിയുള്ള യാചന.... അയാളുടെ ഹൃദയത്തിൽ ആയിരം കൂരമ്പുകളായ് ആഞ്ഞു തറച്ചു:


എന്റെ .... അമ്മേ... എന്ന് ഇടറുന്ന സ്വരത്തിൽ ഒന്ന് വിളിക്കാൻ മാത്രമേ അയാൾക്കായുള്ളു. ഞെട്ടിയുണർന്ന അയാൾക്ക് കണ്ടതൊരു സ്വപ്നമായിരുന്നെന്ന് വിശ്വസിക്കാനാകുന്നില്ല. മരവിച്ച മനസ്സോടെ വിസ്മയം വിട്ടുമാറാത്ത കണ്ണുകളോടെ ഒന്നമറിയാത്തെ ഒരു പിഞ്ചു കുഞ്ഞിനെ പോലെ അല്പനേരം മിഴിച്ചിരുന്നുപോയ്. എന്തോ നിശ്ചയിച്ചുറപ്പിച്ചപ്പോലെ അയാൾ ധൃതിയിലെഴുന്നേറ്റു. അയാളുടെ മനസ്സിൽ ഒരുറച്ച തീരുമാനം ദൃഢത പ്രാപിക്കുകയായിരുന്നു.

(അവസാനിച്ചു)

■

## കഥയിൽ അൽപം കാര്യം

# കൂട്ടായ്മ



റ്റി.പി. ശിവദാസൻ, നെന്മാറ

**ചി**ത്രകാരൻ–
സാഹിത്യകാരൻ–
നിരൂപകൻ–
സിനിമാസംവിധായകൻ–
സാധാരണക്കാരൻ–
ആസ്വാദകൻ–

ഇവരാറുപേരും സുഹൃത്തുക്കളും പരിസരവാസികളുമാണ്. ഒരു ദിവസം മറ്റഞ്ചു സുഹൃത്തുക്കളും സാഹിത്യകാരന്റെ വസതിയിലെത്തി. അപകടത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ജനജീവിതത്തിന് സുസ്ഥിരമായൊരു സുരക്ഷാമാർഗ്ഗത്തിന്റെ ആശയം തേടിയാണവരെത്തിയത്. അതിഥികളെ അകത്തേക്കു ക്ഷണിച്ചിരുത്തിയ സാഹിത്യകാരൻ അവരോടുള്ള അൽപനേരത്തെ സല്ലാപശേഷം അസ്വസ്ഥതനിറഞ്ഞ ജീവിതാന്തരീക്ഷത്തെയോർത്ത് മേശപ്പുറത്തിരുന്ന റൈറ്റിംഗ്പാഡിലെ വെള്ളക്കടലാസിൽ ഇത്രയുംകാലം താനേർപ്പെട്ടിരുന്ന സാഹിത്യസൃഷ്ടിയിൽനിന്നും വ്യത്യസ്തമായി ജീവിതരചനയെന്ന ദൗത്യത്തോടനുബന്ധിച്ച് ഒരു പശ്ചാത്തലം കുറിച്ചിട്ടു.

"തിരക്കേറിയ നഗരവും അതിൽ ഉൾപ്പെട്ട ഒരു സിനിമാഹാളും ഗേറ്റിനു വെളിയിൽ റോഡരികിലായി ഒരു ചവറ്റുകൂനയും!"

അതിനു താഴെ ചിത്രകാരന്റെ ഭാവനയിലൂടെ വെളിപ്പെട്ടുപോന്ന ചിത്രം –

"ഒരു തലയോട്ടിയും രണ്ട് എല്ലിൻ കഷ്ണങ്ങളും!"



വെള്ളക്കടലാസ്സിൽ തെളിഞ്ഞ അവ രണ്ടും ശ്രദ്ധിച്ച നിരൂപകൻ ചിത്രത്തിനു ചുവടെയെഴുതിച്ചേർത്തത് –

"നാടിന്റെ ശാപം!"

അന്നേരം സാധാരണക്കാരന്റെ മൊബൈൽ ഫോണിലൂടെ കേൾക്കാനിടയായ പഴയൊരു സിനിമാഗാനത്തിന്റെ ഈരടിയോടു കൂടിയ റിംഗ്ടോൺ–

"ദുഃഖങ്ങൾക്കിന്നു ഞാനവധികൊടുത്തു സ്വർഗ്ഗത്തിൽ ഞാനൊരു മുറിയെടുത്തു!" മറ്റു സുഹൃത്തുക്കളുടെ തൂലികയിൽ നിന്നും അടർന്നുവീണ രചനാശൈലികളുൾക്കൊണ്ട ആ കടലാസ്സിൽ ക്ലൈമാക്സിന്റെ ചിത്രീകരണഭാവന കിട്ടാതെ സിനിമാസംവിധായകൻ നിസ്സഹായതയോടെ തുറന്നടിച്ചു–

"ദൃശ്യ മാധ്യമത്തിനു ചേർന്ന ഒരു തകർപ്പൻ ക്ലൈമാക്സ് ഉടൻ എങ്ങനെയെങ്കിലും കണ്ടെത്തിയേ പറ്റൂ!"

ഒരു ഞെട്ടലോടെ അതു കേട്ട സാഹിത്യകാരനിലുണ്ടായ അഭിപ്രായവ്യത്യാസം –

സുഹൃത്തെ, അപകടങ്ങളെ എങ്ങനെ അതിജീവിച്ചു മുന്നോട്ടു പോകാൻ കഴിയുമെന്ന ഗവേഷണത്തോടനുബന്ധിച്ചുള്ള ഒരു ജീവിതരചനയാണിത്. ദയവു ചെയ്ത് ഇതൊരു സിനിമയാക്കി, ഇനിയുള്ള ക്രമസമാധാനിലയെങ്കിലും തകരാനിടവരുത്തിക്കൂടാ! പ്രത്യേകിച്ചും അപകടം നിറഞ്ഞ ഇന്നത്തെ വെബ്സൈറ്റ് ശൃംഖലകളുടെ കാര്യം വച്ചു പറയുകയാണെങ്കിൽ അതീവ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.!"


'ശവപ്പറമ്പുകളോ ബോംബുസ്ഫോടനപരമ്പരക്കാരുടെ താവളങ്ങളോ നമ്മുടെയൊക്കെ സ്വയരക്ഷക്കായി കണ്ടെത്തുകയെന്നതാണ് ഏറ്റവും ഉചിതം!' സാധാരണക്കാരന്റെ ബുദ്ധിയിലുദിച്ച അക്കാര്യവും കടലാസ്സിൽ രേഖയായി.

എല്ലാറ്റിനും ചേർന്നുള്ള അഭിപ്രായമെന്നനിലയിൽ ആസ്വാദകനാൽ അടിക്കുറിപ്പായി എഴുതിച്ചേർക്കപ്പെട്ട വാചകം –

'ആത്മശാന്തി ഏതെങ്കിലുംവിധത്തിൽ നേടി സ്വസ്ഥതയോടെ ഉറങ്ങുന്നവരുടെ സ്ഥലമെങ്കിലും സമാധാന വിരുദ്ധഛിദ്രപ്രതിലോമാന്തരീക്ഷത്തിനു വഴിപ്പെടാത്തവിധത്തിൽ സംരക്ഷിക്കേണ്ട ബാധ്യതയിൽനിന്ന് നമ്മളുൾപ്പെടെയുള്ള അഭയാർത്ഥികൾ ഒഴിഞ്ഞുമാറുന്നത് ഒട്ടും ശരിയല്ല!' ■

കവിത





പി. എൻ. ചന്ദ്രൻ

# പൂവിറുക്കുന്ന സുന്ദരി

ഒരു പുഞ്ചിരിപ്പൂവെൻ
മുഖത്തേക്കെറിഞ്ഞു നീ
വെറുതേ സാകൂത മ-
ന്ദാക്ഷയായലർ തോപ്പിൽ
എന്തിനു പൂക്കൂടയിൽ
പൂനുള്ളി നിൽപൂ, മുഗ്ദ
മന്ദഹാസങ്ങൾ പൂക്കു
മാനനം നിനക്കില്ലെ?.....
അല്ലെങ്കിലാരോമലെ
മറ്റോരു പൂവാടിയാ-
യല്ലെയൊ മാറ്റിനവ-
യൗവ്വനം നിന്മേനിയെ
തപ്തകാഞ്ചനവർണ്ണ -
സൗഭാഗ്യം- നീ ലോല്പല
പുഷ്പങ്ങളിമവെട്ടും
മിഴിയു - മധുരവും
കൂരിരുൾ പ്പൂഞ്ചായലു -
മതിലുജ്ജ്വലിക്കുന്നു.
പൂർണ്ണേന്ദു വെല്ലാം
നീയോരപ്സരസ്സന്നേ തോന്നൂ!........
മതാമാദകത്വമെ
മതിനിൽപൂപ്പുഞ്ചിരി
മതിയെന്നാത്മാവാകെ
പുളകം പുതപ്പിക്കാൻ

■

# നാഥാനില്ലാ ക്കളരി

ശ്രീഷാലയം എം.കെ. നന്ദനൻ



നാടു ഭരിക്കുവാൻ നാഥനില്ലാ
നാട്ടിൽ അധർമ്മം നടമാടുന്നു.
നാടിന്റെ നന്മയ്ക്കായ് സജ്ജനങ്ങൾ
നിത്യവും പ്രാർത്ഥന ചെയ്തിടുന്നു
നല്ലൊരു സാരഥിവന്നാൽ തന്നെ
നിത്യേന പാരകൾപണിയുകയായ്
നാടിന്റെ ഇന്നത്തെ അവസ്ഥ മാറാൻ
നാട്ടുകാർ ഒന്നിച്ച് പോരാടണം
നാട്ടിലെ അക്രമ രാഷ്ട്രീയക്കാർ
നാടിനും ശാപമായ് മാറിടുന്നു.
നാടിന്റെ നന്മക്കും ക്ഷേമത്തിനും
നല്ലൊരു നാഥൻ ഉണ്ടായിടട്ടെ

■

# എന്റെ ഗ്രാമം

മോഹൻ പൊക്കുന്ന്

മഴമേഘം മണിമലരായ്
പൊഴിയുന്നൊരീ ഗ്രാമത്തിൽ
വർണ്ണങ്ങൾ ആയിരം ചിറകടിച്ചു
വിരിയുന്നിതാ പൂക്കളും പൂമേടയും
ഈ കുന്നിൻ മുകളിൽ അരുണോദയം
ഇലഞ്ഞിമരം പൂക്കുന്ന പുറയോരവും
കള കളം പാടുന്ന പാലരുവി പിന്നെ
കുളിർ കാറ്റേറ്റാടുന്ന വയലേലകൾ
ആമ്പൽ പൂ വിരിയുന്ന കളിപൊയ്കകൾ
ആഞ്ഞിലിയിലാടുന്ന പനന്തത്തകൾ
ഉച്ചത്തിൽ പാടുന്ന കുയിലിനെ നോക്കി
എതിർ പാട്ടു പാടുന്ന ബാലന്മാരും
എത്രശാന്തം. മനോഹരമീ ഗ്രാമം
എത്ര സുന്ദരം, ചേതോഹരം
ഇനിയുമൊരു ജൻമമെനിക്കുണ്ടെങ്കിൽ
ഈ ഭൂമിയിൽ തന്നെ ജനിക്കണം.


■

കവിത

# മുറിവുകൾ

## ശിവദാസ് പുറമേരി





**മു**റിഞ്ഞുപോകുന്നു
വാക്കുകൾ
അറ്റുപോകുന്നു
വർത്തമാനം.
നമ്മളിലാരോ
പരിധിക്ക്
പുറത്താകുന്നു

## കല്ലുപ്പ്

വെയില്
ചുംബിച്ചു
വറ്റിച്ചു തീർത്തൊരു
കടലുറങ്ങുന്നുണ്ട്
ഓരോ തരിയിലും
മറവി
ചേർത്തു പൊടിക്കാതെ
കൂട്ടിയാൽ
വന്നു മുഴിച്ചിടും
തൊണ്ടയിൽ.
അസ്തമിക്കാത്ത
സൂര്യന്റെ കാൽക്കീഴിൽ
ചോര വറ്റിയ
കണ്ണീരുവറ്റിയ
കഥയുറങ്ങുന്നുണ്ട്
ഓരോ തരിയിലും

## കാറ്റും വെളിച്ചവും

കാറ്റ് കൊള്ളുവാൻ
കുള
ക്കരയിൽ
വന്നെത്തിയ
കൊക്കിന്റെ
പ്രബോധനം
കേട്ടൊരു
മത്സ്യക്കുഞ്ഞ്
ചിരിച്ചു
തലക്കുത്തി മറിഞ്ഞി
ട്ടൊളി കണ്ണാൽ
കൊക്കിനെ
നോക്കിക്കൊണ്ട്
പതുക്കെ പറഞ്ഞുപോയ്
"ശരിയാണെല്ലാം
താങ്കൾ പറയുന്നത്"
കുളം
പഴഞ്ചൻ സങ്കൽപമാ-
ണഴുക്കാണടിത്തട്ടിൽ
കൽച്ചുവരുകൾ തീർത്ത
ഇരുട്ടാണെങ്കിലും പക്ഷേ
കാറ്റുകൊള്ളുവാൻ പോയ
പെരുമീൻ കഥയെല്ലാം
ഞങ്ങൾക്ക്
മുത്തശ്ശിമാർ
പറഞ്ഞുതന്നിട്ടുണ്ട്.
വെളിച്ചം തേടിത്തേടി
ഭൂമിക്ക് പുറത്തേക്ക്
ഗതികിട്ടാതെപോയ
വേരിന്റെ കഥ പോലെ

നന്ദിയുണ്ടേറെ
കാറ്റും
വെയിലും
കൊണ്ടീടുവാൻ
അങ്ങയോടൊപ്പം
വന്നൊ-
ന്നിരിക്കാൻ
ക്ഷണിച്ചതിൽ.

■

# ചിലമ്പൊലി

## കാക്കൂർ സി.ബാലൻ

**മി**ന്നിമിന്നിത്തിളങ്ങുന്ന വെള്ളി
ത്താരകങ്ങൾ നിരക്കുന്ന വാനിൽ
ഹരിത നീല വനങ്ങളിൽ ദൂരെ
കവിത പാടു മരുവിതൻ തിരേ
നൃത്തം വെച്ചുമയിലുകൾ, പീലി
നീർത്തിയാടു വാനെത്തുന്നരാവിൽ
കണ്ടു നിന്നെ വസന്തങ്ങൾ പൂത്തു
ചെണ്ടണിയുമിടങ്ങളിലാകെ
മഞ്ജു രാഗാമൃതം തൂകി വന്നു.
ഞാനണയും, കിനാവുകളിൽ നി
ന്നോർമ്മകൾ കാൽ ചിലമ്പൊലിയത്രേ.
എന്റെ ഗാന പ്രപഞ്ചത്തിലെന്നും
മിന്നിടുന്നൊരു താരകമല്ലേ..........?.

■


# ചില പൈങ്കിളി സാഹിത്യ ചിന്തകൾ



പൂനൂർ കെ. കരുണാകരൻ


മനുഷ്യമനസ്സിനെ നയിക്കുന്ന വികാര വിചാരങ്ങളുടെ വിശകലനവും വ്യാഖ്യാനവുമാണല്ലോ 'സാഹിത്യം. 'വ്യാപകമായ അർത്ഥത്തിൽ എല്ലാ അറിവുകളും ഉൾക്കൊള്ളുന്ന കലാരൂപമാണ് സാഹിത്യം' എന്നു നിഘണ്ടുക്കളും സാക്ഷ്യപ്പെടുത്തുന്നു. നിർവചനങ്ങൾ എന്തൊക്കെയായാലും മനുഷ്യനെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും അവനെ സംസ്കൃതചിത്തനാക്കുകയും ചെയ്യുക എന്നതാണ് സാഹിത്യത്തിന്റെ പരമമായ ലക്ഷ്യവും ധർമ്മവും. ലോകത്തെങ്ങുമുള്ള മനുഷ്യ രാശിക്ക്, വിശ്വ പ്രസിദ്ധങ്ങളായ സാഹിത്യസൃഷ്ടികൾ നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനയും അതു തന്നെ. "ശാസ്ത്രത്തിന്റെ പ്രതിപാദ്യം വസ്തുക്കളും" സാഹിത്യത്തിന്റേത് വിചാരങ്ങളുമാകുന്നു" എന്നു അദ്ധ്യാത്മിക ചിന്തകനും ഇംഗ്ലീഷ് എഴുത്തുകാരനുമായിരുന്ന, കാർഡിനൽ ന്യൂമാൻ പറഞ്ഞതും അതുകൊണ്ടാണ്. ജീവിതത്തിന്റെ സൂക്ഷ്മ ഭാവങ്ങൾ തെല്ലും ചോർന്നുപോവാതെ വാക്കുകളിലേക്ക് ആവാഹിച്ചെടുക്കുന്നതിൽ കാണിക്കുന്ന മികവാണ്, ഏത് സാഹിത്യ കൃതിയുടെയും മേന്മയുടെ അടിസ്ഥാനം. "കഴിവു മാത്രം ഒരെഴുത്തുകാരനെ സൃഷ്ടിക്കുന്നില്ല; ഒരു പുസ്കത്തിന് പിന്നിൽ ഒരു മനുഷ്യനുണ്ടാവണം" എന്ന അമേരിക്കൻ ഫിലോസഫറായിരുന്ന എമേർസന്റെ വാക്കുകൾ അർത്ഥവത്താക്കുന്നതും മറ്റൊന്നല്ല.

മലയാള സാഹിത്യത്തിന് മലയാളിയുടെ മനസ്സുകളിൽ നല്ല വേരോട്ടമുണ്ടായിരുന്ന ഒരു ഭൂതകാലം നമുക്ക് ഓർമ്മിക്കാനുണ്ട്. ഈ കാലത്ത് സാഹിത്യത്തിന്റെ രൂപ - ഭാവങ്ങളെ പറ്റിയുള്ള ചർച്ചകൾ സജീവമായിരുന്നു. മുഖ്യമായും സംവാദം നടന്നിരുന്നത് സാഹിത്യത്തിലെ ചില ഘടനാ വിശേഷങ്ങളെചൊല്ലിയാണ്. റിയലിസം, സിംബോളിസം, തുടങ്ങിയ സാഹിത്യ രൂപങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾ സംസ്കാരിക മേഖലയെ അന്നു ശബ്ദമുഖരിതമാക്കി. അതിന്റെ ചുവട് പിടിച്ച്, പിന്നീട് സാഹിത്യത്തിലെ പുരോഗമനാശയങ്ങളെക്കുറിച്ചുള്ള വിവാദങ്ങളും ഉയർന്നു പൊങ്ങി. എഴുത്തുകാരനു സമൂഹ്യ പ്രതിബദ്ധത വേണമോ, വേണ്ടയോ എന്ന കാതലായ വിഷയത്തിലേക്ക് ചെന്നെത്താൻ ഈ ചർച്ചകൾ വഴിയൊരുക്കുയും ചെയ്തു.



ഈ വാദ- പ്രതിവാദങ്ങൾക്കിടയിൽ എപ്പോഴോ ആണ്, മലയാളി, പുതിയ ഒരു സാഹിത്യ ശാഖയെ പരിചയപ്പെടുന്നത്. ആ സാഹിത്യമാണ് 'പൈങ്കിളി സാഹിത്യം' എന്നു അല്പം പരിഹാസ

രൂപത്തിൽ പിന്നീട് അറിയപ്പെടാൻ തുടങ്ങിയത്. ഈയടുത്ത കാലത്ത് അതിന് 'ജനപ്രിയ സാഹിത്യം' എന്ന വിളിപ്പേരു കൂടി ലഭിച്ചിട്ടുണ്ട്. എന്താണ് പൈങ്കിളി സാഹിത്യം എന്ന ചോദ്യത്തിന്, ഒരു വിഭാഗം ജനങ്ങൾക്ക് പ്രിയപ്പെട്ട സാഹിത്യം എന്നു ഉത്തരം വരുമ്പോൾ, ഈ പേരിന് പ്രസക്തിയുണ്ടു താനും. പൈങ്കിളി സാഹിത്യമാണ് യഥാർത്ഥ സാഹിത്യത്തെ പ്രതിനിധീകരിക്കുന്നത് എന്നു പറയുന്നവരും, അത് സാഹിത്യമേയല്ലെന്ന് ശഠിക്കുന്നുവരുമുണ്ട്. രണ്ടു കൂട്ടരും അവരുടേതായ ന്യായീകരണങ്ങൾ നിരത്തുകയും ചെയ്യുന്നു. സാഹിത്യ വിഷയങ്ങളെ, ഉപരിവിപ്ലവമായി കണ്ട്, കാല്പനികത്ത് മാത്രം ഊന്നൽ നല്കി, മനുഷ്യന്റെ മനോവികാരങ്ങളെ കച്ചവടവത്കരിക്കുന്നുവെന്നതാണ് , പൈങ്കിളി സാഹിത്യത്തിനെതിരെ അതിന്റെ വിമർശകർ ഉന്നയിക്കുന്ന പ്രധാന പരാതി. സാധാരണ വായനക്കാരെ, പ്രത്യേകിച്ചും കൗമാര പ്രായക്കാരെ, കർമ്മ വിമുഖരും, സ്വപ്ന ജീവികളുമാക്കുകയും, സാഹിത്യ സൃഷ്ടികളിൽ നിന്ന് ലഭിക്കേണ്ട മാനസികമായ ഔന്നത്യം അവർക്കു നഷ്ടപ്പെടുത്തുകയും ചെയ്യുന്നു എന്നും ഇവർ ചൂണ്ടികാണിക്കുന്നു. എന്നാൽ 'നിത്യ ജീവിതത്തിലെ ബദ്ധപ്പാടുകളിലും പെട്ട്, ആടിയുലയുന്ന സാധാരണ വായനക്കാരെ, ഭാരമാവാത്ത ലളിത വായനയിലൂടെ, അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് തിരിച്ചുകൊണ്ടുവരികയാണ് പൈങ്കിളി സാഹിത്യം ചെയ്യുന്നത് എന്നുള്ളതാണ് , മറുവിഭാഗത്തിന്റെ നിലപാട്. സാഹിത്യം ലക്ഷ്യമാക്കുന്ന മാനസികോല്ലാസം പൂർണ്ണമായും നൽകി, വായനക്കാരനെ കർമ്മ നിരതനാക്കുന്നതിന് പൈങ്കിളി സാഹിത്യം കാരണമാകുന്നുവെന്നു കൂടി, ഇവർ കണ്ടെത്തുന്നു. ഈ വാദത്തിലെ ഭാഗികമായ സത്യത്തോട് പ്രതികരിക്കുമ്പോൾ ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ട്. ഭാഷയെയും സാഹിത്യത്തെയും സ്നേഹിച്ചിരുന്ന ഒരു വലിയ സമൂഹം ഇവിടെയുണ്ടായിരുന്നു. ജീവിതം മുന്നോട്ട് കൊണ്ടുപോവുന്ന തിരക്കിനിടയിലും, കിട്ടാവുന്ന നല്ല കൃതികളൊക്കെ അവർ വായിക്കുകയും ആസ്വദിക്കുകയും ചെയ്തു. ഇതിനിടയിൽ ദുർഗ്രഹമായ ഭാഷ കൊണ്ടും, സാധാരണക്കാരന്റെ മനസ്സിന് പുറം തിരിഞ്ഞു നില്ക്കുന്ന ആശയങ്ങൾ കൊണ്ടും, മലയാള സാഹിത്യം 'ആധുനിക'മാവാൻ തുടങ്ങി. സാഹിത്യം സാധാരണക്കാരന്റേതു കൂടി എന്നതിലുപരി, അത് ബുദ്ധിജീവികളുടെ മാത്രം കൈകാര്യ വിഷയമായി മാറുന്ന ഒരവസ്ഥ വന്നു. വായനക്കാരന് എളുപ്പം മനസ്സിലാകുന്ന ഭാഷയിൽ എഴുതിയാൽ അത് സാഹിത്യമാവില്ലെന്നു ധരിച്ചുവശായ ചില എഴുത്തുകാരും , അവരെ പ്രോത്സാഹിപ്പിക്കുന്ന ചില മാധ്യമങ്ങളും കൂടിയായപ്പോൾ, ഈ അകൽച്ച പൂർണമാവുകയായിരുന്നു. ഈ ശൂന്യതയിലേക്കാണ്, പൈങ്കിളി സാഹിത്യം കടന്നുവന്നത്. ചുറ്റുപാടുകളിൽ നിന്നു അടർത്തിയെടുത്ത ജീവിത മൂഹൂർത്തങ്ങൾക്ക് ലാളിത്യത്തിന്റെ ഭാഷ നൽകി കണ്ണീരിന്റെയും വികാരപ്പൊലിമയുടെയും മേമ്പൊടി ചേർത്ത് വായനക്കാരുടെ ഹൃദയത്തിലേക്ക് പകർന്നു നൽകാനുള്ള ഈ ഗണത്തിൽ





# മനുഷ്യാ നീ മനുഷ്യനാണ്- "ഭൂമിയിലെ ഉപ്പല്ല."

ഈ. ആർ. കെ

മനുഷ്യത്വം നശിച്ച മനസ്സിലെല്ലാം
മനുഷ്യന്റെ പകയുടെ തിളക്കം
അടിമയായി വാർത്തെടുക്കവാനുള്ള
വക്രബുദ്ധിതലയിലും.
ചില്ലുകൊട്ടാരത്തിൽ ഇരിക്കാൻ
താൻ മാത്രമാണുയോഗ്യൻ
മറ്റുള്ളവർ തറയിൽ
ഇരിക്കേണ്ടവരുമാണന്നാ-
ണവരുടെ ഭാഷ്യം.
ചീഞ്ഞുനാറുന്ന നാട്ടിൽ കിടന്നു-
കൂടെ ചീയുന്നവൻ
തനിക്കു മാത്രമാണ്
വളമാകേണ്ടതെന്നും
വളമായ് ചീയുന്നവൻ-
പിണമായാൽ മതിയെന്നും
വാശിയായുള്ളതുവേറെകാര്യം.
"നടോടുമ്പോൾനടുവെ
യോടാത്തവനും"
ചേരയെതിന്നുന്ന നാട്ടിൽ
പോയാൽ
നടുതുണ്ടം തിന്നാൻ മടിക്കുന്നവനും
ചേരയായ്തന്നെ ചില്ലുകൂട്ടിൽ
ഭക്ഷണമാകുന്നവരുടെ
കറുത്തനാട്ടിൽ
കറുത്തവനായി ജീവിതം തുട-
രാത്തവൻ മണ്ടനെന്നവാക്യവും
കൂടെകൂടുന്നവരുടെ വഞ്ചനയും
ശാപമാണ് പോൽ
നാടോടുമ്പോൾ നടുവെ-
യോടാത്തവനും.
ചേരയെ തിന്നുന്ന-
നാട്ടിലെ ചേരക്കും. ■

---

പെട്ട എഴുത്തുകാരുടെ ആത്മാർത്ഥമായ ശ്രമം കൂടി യായപ്പോൾ, മലയാളത്തിൽ പൈങ്കിളി സാഹിത്യത്തിന് വേദിയും മാന്യതയും നേടാനായി.

പൈങ്കിളി സാഹിത്യം ഏത് കാലത്തും ഏത് ഭാഷ യിലുമുണ്ടായിട്ടുണ്ട്. ജീവിതത്തിന്റെ ലോല ഭാവങ്ങളെ അതിഭാവുകത്വം കലർത്തി അവതരിപ്പിക്കാനുള്ള പ്രവ ണതക്ക് ദേശ- ഭാഷാ വ്യത്യാസമൊന്നുമില്ല. സംഭവ ങ്ങളെ വായനക്കാരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് വികസിപ്പിച്ചുകൊണ്ടുവരാനുള്ള മിടുക്കാണ് പൈങ്കിളി സാഹിത്യകാരന്റെ വിജയത്തിന്റെ താക്കോൽ. അക്ഷരം കൂട്ടി വായിക്കാൻ തുടങ്ങുന്ന കാലത്ത് പലരും പൈങ്കിളി സാഹിത്യത്തിലേക്ക് ആകർഷിക്കപ്പെടുക സ്വാഭാവികം. എന്നാൽ വളർച്ചയുടെ ഒരു ഘട്ടത്തിൽ, വായനയെ ഗൗരവമായെടുക്കുന്നവർ, ഇത്തരം സാഹി ത്യത്തിൽ നിന്നും അകന്നു നില്ക്കുന്നു. മറ്റുള്ളവരാ കട്ടെ, അവയുടെ മാസ്മരികതയിൽ, തങ്ങളുടെ വായ നാശീലത്തെ എക്കാലവും തളച്ചിടുകയും ചെയ്യുന്നു. തീർച്ചയായും ഇത് സംസ്കാരിക മുന്നേറ്റത്തിനും അറി വന്റെ വികാസനത്തിനും തടസ്സം സൃഷ്ടിക്കുന്നുവെ ന്നതിൽ തർക്കമില്ല. അതു പോലെ തന്നെ പൈങ്കിളി സാഹിത്യം എന്ന പേരിൽ എന്തിനെയും , ഏതിനെയും അടച്ചാക്ഷേപിക്കുന്ന ഒരു പ്രവണതയും ചിലരിലുണ്ട്. ലളിതവൽക്കരിക്കപ്പെട്ട ഏത് പ്രമേയവും ഇക്കൂട്ടരുടെ ദൃഷ്ടിയിൽ "പൈങ്കിളി"യാണ്. ഇങ്ങിനെയൊരു സമീ പനവും ഭാഷക്കും സാഹിത്യത്തിനും ഗുണം ചെയ്യു ന്നതല്ല.

മുട്ടത്ത് വർക്കി, കാനം ഈജെ തുടങ്ങി മലയാള ത്തിൽ പൈങ്കിളി സാഹിത്യകാരന്മാരായി വിശേഷിപ്പി ക്കപ്പെടുന്ന പ്രമുഖർ പലരുമുണ്ട്. തീർച്ചയായും ഇവർ ഒരു വലിയ വായനാ സമൂഹത്തെ വാർത്തെടുത്തവ രാണ് എന്ന കാര്യത്തിൽ സംശയമുണ്ടാവാനിടയില്ല. ഇന്നും അവരുടെ പുസ്തകങ്ങൾക്ക് വായനക്കാരുണ്ടു താനും. മുട്ടത്ത് വർക്കിയുടെ പേരിലുള്ള അവാർഡ്, മലയാളത്തിൽ ഇത്തരത്തിലുള്ള പ്രശസ്തമായ ഇതര അവാർഡുകളെ പോലെ തന്നെ അംഗീകരിക്കപ്പെട്ടതു മാകുന്നു.

ഏതായാലും ഒരു കാര്യം തീർച്ചയാണ്. ജനമന സ്സിനെ സ്വാധീനിക്കുന്ന സാഹിത്യം ഏതായാലും അത് നിലനിൽക്കുക തന്നെ ചെയ്യും. ഫലങ്ങളുള്ള മരത്തിൽ മാത്രമേ കല്ലും കോലും കൊണ്ടു എറിയുകയുള്ളൂ എന്നു ഒരു പേർഷ്യൻ പഴഞ്ചൊല്ല് തന്നെയുണ്ടല്ലോ. ■

ലേഖനം



കെ.കെ. ഹംസ

# ഡ്രൈവിംഗിലെ പൊതുകാര്യപ്രസക്തി



**ഡ്രൈ**വിങ്ങ് പഠനം സർവ്വപ്രധാനമാണെന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. ഇന്ന് ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഡ്രൈവിങ്ങ് അത്യന്താപേക്ഷിതവുമാണ്. ഏറ്റവും പ്രധാനം ചെറിയ കുട്ടികളിൽ കുരുന്നു പ്രായത്തിൽ തന്നെ ഡ്രൈവിങ്ങിനെ കുറിച്ചും റോഡിലൂടെയുള്ള കാൽനടയാത്രയുടെ നിയമവശങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ്. നമ്മുടെ ജീവൻ നമ്മുടെ കൈകളിൽതന്നെയാണ് സുരക്ഷിതമാകേണ്ടതെന്നകാര്യത്തിൽ തർക്കമില്ല.

വാഹനമോടിക്കുമ്പോൾ അത് ഹെവി മോട്ടോർ വെഹിക്കിളായിരുന്നാലും, ലൈറ്റ് മോട്ടോർ വെഹിക്കിളായിരുന്നാലും, നമ്മുടെ ദൈവം നമ്മുടെ മനസ്സുതന്നെയാണപ്പോളുമെന്ന കാര്യം മറക്കരുത്. എന്തുകൊണ്ടെന്നാൽ നമ്മുടെ മനസ്സിൽ ഡ്രൈവിങ്ങ് ചെയ്യുമ്പോൾ മിന്നായമായി തോന്നുന്നതിൽ നിന്നാണ് വാഹനത്തെ നാം നിയന്ത്രിക്കുന്നത്. വാഹനമോടിക്കുന്ന സമയത്ത് ഒരു സെക്കന്റിൽ മനസ്സിലുണ്ടാകുന്ന പരിഭ്രമം (നാടൻഭാഷയിൽ പറഞ്ഞാൽ എന്തു ചെയ്യണമെന്നുള്ള നിർദ്ദേശം ബുദ്ധിയിൽ ഉടൻ ഇല്ലാതാകൽ)ആണ് വലിയ വലിയ വാഹനാപകടങ്ങൾ നാട്ടിൽ ഉണ്ടാക്കുന്നത്. ഒന്നുകൂടി വിപുലീകരിച്ചാൽ വാഹനത്തെ മുന്നോട്ടേക്കു നയിക്കുന്ന ഡ്രൈവറുടെ മനസ്സിൽ തിട്ടപ്പെടുന്ന മനക്കണക്കാണ് ഡ്രൈവിങ്ങ്. റോഡിൽ ക്രോസ്സ് ചെയ്യുന്ന ആൾ റോഡിനു മറുപുറം കടന്നതിനുശേഷമേ താനോടിക്കുന്ന വാഹനം പ്രസ്തുത പോയിന്റിൽ എത്തൂ എന്ന് ഒരു ഡ്രൈവർക്കു തിട്ടപ്പെടുത്താൻ കഴിഞ്ഞാൽ നാട്ടിൽ വാഹനാപകടങ്ങളും കുറയും എന്ന കാര്യം ഉറപ്പാണ്. മറ്റൊരു ചോദ്യമാണിത്. ആരാണ് ഒരു നല്ല ഡ്രൈവർ! അതിനുള്ള ഉത്തരം പലരും പലവിധത്തിലാണ് പറയാറുള്ളത്. ചിലർ പറയുന്നത് വാഹനം റോഡിൽ കൂടി ഓടിക്കുവാനുള്ള വൈദഗ്ധ്യമുള്ളവനാണ് നല്ല ഒരു ഡ്രൈവർ എന്ന്.


അത്തരക്കാർ പറയുന്നത് ഭാഗികമായി ശരിയാണെങ്കിൽപോലും ഉത്തരം അപൂർണ്ണമാണെന്നാണ് ഒരു ഡ്രൈവിങ്ങ് സ്കൂൾ ഇൻസ്ട്രക്ടർ എന്ന നിലയിലും, മുപ്പതു വർഷത്തോളമുള്ള എന്റെ പ്രാക്ടിക്കൽ ഡ്രൈവിങ്ങ് എക്സ്പിരിയൻസും എന്നെ പഠിപ്പിക്കുന്നത്.

ഒരു ഡ്രൈവർ ഒരു പൊതു പ്രവർത്തകനെപോലെയാണ്. ഒറ്റക്ക് അവനവൻ തന്നെ ഓടിക്കുന്ന വാഹനത്തിൽ ഇരിക്കുന്നവൻ സ്വാർത്ഥനാണെങ്കിൽ അവനവന്റെ ജീവനെ മാത്രം സൂക്ഷിച്ചാൽ മതിയല്ലോ!

പക്ഷേ ഒരു പൊതുകാര്യപ്രസക്തനായി വാഹനമോടിക്കുന്നയാൾ വാഹനത്തിലിരിക്കുന്നവരുടെ

കവിത

# പ്രിയതോഴി



സിത്താര

എന്നുമെന്നുമെന്നോട് കൂട്ടുകൂടുന്ന
ഇളംകാറ്റിനെയാണെനിക്കേറ്റമിഷ്ടം
തമ്മിൽ അടുത്തതെപ്പോഴെന്നോ അതെ
ങ്ങനെയെന്നോ ഇരുവർക്കുമറിവില്ല
ഏതോ ഒരുനാൾ തനിച്ചിരിക്കുമ്പോളെൻ
ചാരത്തുവന്ന് സ്വകാര്യമോതി
അതുതന്നെയാണെന്നെ, ന്നീനിലയിലെത്തിച്ച
വിജയമന്ത്രമെന്ന് വിശ്വസിപ്പൂ ഞാൻ
തൻ കണ്ണീരുകൊണ്ടി പാരിൽ മനം
കുളിർപ്പിച്ച ഗഗനത്തിനു പോൽ
ഏറ്റമിഷ്ടമെൻ പ്രിയതേഴിയാ
മി ഇളംകാറ്റിനെയെന്ന് ഞാനറിവൂ
ഒരു പിഞ്ചുപൈതലിൽ കരസ്പർശം പോൽ
എൻമുഖം തഴുകുമാ പ്രിയതോഴിയെ
ഒരു നോക്കുകാണുവാനൊരുമുത്തം നല്കുവാ-
നേരെത്തുടിപ്പൂ ഇന്നെൻ മനം ■

---

ജീവനും റോഡിൽ നടന്നുപോകുന്നവരുടെ ജീവനും - ഡ്രൈവറായി വാഹനത്തെ നിയന്ത്രിക്കുന്ന തന്നേയും തുല്യമായാണ് കാണുന്നത്. മറ്റുള്ളവർ മരിച്ചാലും വേണ്ടില്ല തനിക്കങ്ങോട്ട് പോയാൽ മതി എന്നു പറയുന്നവൻ ഒരു ഡ്രൈവറേ അല്ല. അതിൽ നിന്നു തന്നെ നമുക്കു മനസ്സിലാക്കാം ഒരു ഡ്രൈവർക്ക് അത്യാവശ്യം വേണ്ടത് മറ്റു വാഹനത്തിലിരിക്കുന്നവരോടും, കാൽനടയാത്രക്കാരോടും, താൻ ഓടിക്കുന്ന വാഹനത്തിലിരിക്കുന്നവരോടും കരുണയുണ്ടാകേണ്ടത് അത്യാവശ്യമാണെന്ന്. ഇന്നത്തെ കാലത്ത് വാഹനങ്ങളും - ഡ്രൈവറുമില്ലാത്ത ഒരു നാട് നമുക്ക് സങ്കൽപ്പിക്കുവാനേ സാധിക്കില്ല. നാൾക്കുനാൾ പുതിയതായി ധാരാളം വാഹനങ്ങൾ റോഡിൽ ഇറക്കിക്കൊണ്ടിരിക്കുകയാണ്. ഇറങ്ങുന്ന വാഹനങ്ങളുടെ കണക്കുമായി താരതമ്യം ചെയ്താൽ നമ്മുടെ സംസ്ഥാനത്തെ ഇടവഴി റോഡുകൾക്കുപോലും എഴുപതടി വീതി മതിയാകില്ല. എന്നിട്ടും ഡ്രൈവർമാർ വാഹനങ്ങളെ നിശ്ചിതസ്ഥലങ്ങളിൽ സമയാസമയങ്ങളിൽ എത്തിക്കുന്നത് അവരുടെ വർഷങ്ങളോളമുള്ള പ്രാക്ടിക്കൽ എക്സ്പീരിയൻസ് കൊണ്ടുതന്നെയാണ്.

അതുപോലെ ഡ്രൈവിങ്ങ് പഠിച്ചിറങ്ങുന്ന ഒരു വിദ്യാർത്ഥി പിന്നീട് ഡ്രൈവിങ്ങുമായി ബന്ധപ്പെടാതിരിക്കുന്നത് ഡ്രൈവിങ്ങ് പഠിക്കുന്ന കാലത്ത് അവൻ അല്ലെങ്കിൽ അവൾ മനസ്സിലുണ്ടാക്കിവച്ച വാഹനനിയന്ത്രണമനക്കണക്കിന്റെ പൊരുത്തകേടുകൾക്കു വഴിവെക്കും. അതിനാൽ ഡ്രൈവിങ്ങ് ലൈസൻസ് എടുത്ത് മറ്റു ജോലികളിൽ ഏർപ്പെടുന്നവരോട് എനിക്ക് നിർദ്ദേശിക്കുവാനുള്ളത് നിങ്ങൾ നല്ല ഒരു ഡ്രൈവറാകണമെന്നുണ്ടെങ്കിൽ നിരന്തരം വാഹനമോടിച്ചുകൊണ്ടിരിക്കണം. അതിനു സാധിക്കുന്ന അവസ്ഥയിലല്ലെങ്കിൽ വല്ലപ്പോഴും ആഴ്ചയിൽ ഒരിക്കലെങ്കിലുമൊന്ന് വാഹനവുമായി റോഡിൽ ഇറങ്ങാൻ ശ്രമിക്കണം. നാളെയും നാടിനു വാഹനമോടിക്കാൻ ഡ്രൈവറെ ആവശ്യമായി വരുമെന്നു നിങ്ങൾ മറക്കാതിരിക്കുക.

**റോഡപകടങ്ങൾ ഉണ്ടാകുവാതിരിക്കുവാൻ ഡ്രൈവിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള 6 നിർദ്ദേശങ്ങൾ.**

1. വാഹനത്തിന്റെ കണ്ടീഷൻ ഇടക്കിടെ പരിശോധിപ്പിക്കുക.
2. റോഡിൽ പാർക്കുചെയ്യുമ്പോൾ ഒതുക്കി നിർത്തുക.
3. പോക്കറ്റ് റോഡിൽ നിന്നു മെയിൻറോഡിലേക്ക് കയറുന്ന വാഹനത്തിന്റെ ഡ്രൈവർ മെയിൻ റോജിൽ അപ്പോൾ വാഹനമില്ലെന്ന് ഉറപ്പ് വരുത്തിയശേഷം മുന്നോട്ടേക്കു കയറുക.
4. മറ്റുള്ള വാഹനത്തോടു മത്സരഓട്ടം നിർത്തുക.
5. ഒരു വാഹനം ഓവർടേക്ക് ഹോൺ അടിച്ച് ആവശ്യപ്പെട്ടാൽ വഴി നൽകുക.
6. സിഗ്നൽ ലൈറ്റ് മാനിക്കാതേയും പോലീസ് നിർദ്ദേശം പാലിക്കാതേയും വണ്ടി ഓട്ടരുത്.
7. അവനവന്റെ ജീവൻ അവനവന്റെ കൈയ്യിലാണെന്ന കാര്യം മറക്കാതിരിക്കുക.
8. റോഡിൽ ക്രോസ്സു ചെയ്യുന്ന കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുവാനുള്ള സൗകര്യത്തിനു ട്രാഫിക് നിയമങ്ങൾ പാലിക്കണം. ഒരു ഡ്രൈവർ എന്നു മറക്കാതിരിക്കുക നിങ്ങൾ. ■



വിജയൻ അത്തിപ്പറ്റ

# മൊബൈൽ വൃത്താന്തം

ഭക്ഷണത്തിനും ഉറക്കത്തിനുമല്ലാതെ വീട്ടിനുള്ളിൽ കഴിച്ചുകൂട്ടാത്തവനാണ് ഞാൻ. എന്നാലിനും ഇന്നലെയും മുറിവിട്ട പുറത്തിരങ്ങിയിട്ടേയില്ല. ആ ലബോട്ടറിയിലേക്കു വിളിക്കാനും അവളുടെ മൊബൈൽ നമ്പർ അന്വേഷിയ്ക്കാനും തോന്നിയ ഉന്മാദനിമിഷങ്ങളെ വെറുത്തും ശപിച്ചും മുനിഞ്ഞുകൂടിയിരിപ്പാണിവിടെ.

ഭാഗ്യനേയും ജോണിനേയും, മനോജിനെയും കാണാതെ രണ്ടുപകലുകൾ തള്ളി ഓപ്റേഷൻ തിയ്യേറ്ററിനു പുറത്ത് കുത്തിയിരിപ്പുപോലിരുന്നു.

ഇടവഴികളിൽ നിന്നുയരുന്ന സ്ക്കൂൾ വിദ്യാർത്ഥികളുടെ കളിവചനങ്ങളും മീൻകച്ചവടക്കാരുടെ അക്രോശങ്ങളും ഒരു മുയൽക്കുഞ്ഞിനെപ്പോലെ എന്നെ ചകിതനാക്കുന്നുണ്ട്. ഏതു നിമിഷവുമൊരു ശബ്ദത്തെ അനുധാവനം ചെയ്തുകൊണ്ട് ഭാർഗ്ഗവേട്ടൻ ഞങ്ങളുടെ ഗെയ്റ്റ് തള്ളിത്തുറന്ന് സുനാമിത്തിരയായി ഓടിയടുക്കുന്നതും എന്നെ തെറിയഭിഷേകം ചെയ്യുന്നതും ആ ബലിഷ്ഠമായ കൈകൾ എന്റെ ശരീരത്തിൽ തറയ്ക്കുന്നതും, എന്റെ പ്രജ്ഞകൾ തേഞ്ഞുതേഞ്ഞില്ലാതാവുന്നതും കിടിലൻ ടെലിവിഷൻ ദൃശ്യങ്ങളായി തലച്ചോറിലെ സ്ക്രീനിൽ നിറഞ്ഞുനിൽക്കുന്നു.



ഇന്നെന്താഡോ ഊരുചുറ്റലൊന്നുല്യേ? ചങ്ങായോള് കാത്തിരിയ്ക്കുന്നുണ്ടാവു. ചെല്ല്....ചെല്ല്...

പുറത്തിനിന്നും പാതികളിയായി എന്റെ അച്ഛൻ

അച്ഛനോട് മിണ്ടാനാകാതെ ഞാൻ കുഴങ്ങി! ഭാർഗ്ഗവേട്ടനെ ഭയന്ന് ഒളിച്ചിരിയ്ക്കലാണെന്ന സത്യം വെളിപ്പെടുത്തിയാലുടനെ കാരണം പറയേണ്ടിവരില്ലേ? ഞാനാകെ തളർന്ന് പോവുന്നു...........

ഏതു സംഭവത്തിന്റെ അണിയറയിലും ഒരു പെണ്ണുണ്ടാവുമെന്ന് ഉറച്ചു വിശ്വസിച്ചിരുന്നു പഴയ രാജാവിന്റെ അനുമാനങ്ങളെത്ര ശരി! ഇവിടെ എന്റെ ഒളിച്ചിരിപ്പിലും പെണ്ണുതന്നെയാണുള്ളത്!

രക്തം, കഫം, മൂത്രം പരിശോധനാലാബ് ജീവനക്കാരി സരളയാണവൾ. ഇരിങ്ങല്ലൂരിൽ നിന്നും നാഷനൺ ഹൈവേയിലുള്ള "കാരുണ്യ"ലാബിൽ എന്നും രാവിലെ പോയി വൈകുന്നേരം തിരിച്ചു വരുന്നവൾ.

ഞങ്ങളുടെ ഇരിങ്ങല്ലൂർ ദേശത്ത് സൗന്ദര്യ മത്സരം വെച്ചാൽ റാണിപ്പട്ടം ആർക്കായിരിയ്ക്കുമെന്ന കാര്യത്തിൽ ഞങ്ങൾ ചെറുപ്പക്കാർക്ക് ഒരൊറ്റ ഉത്തരമേയുണ്ടാവൂ: സരള. യൌവ്വനം ബഹളം വെയ്ക്കുന്ന മോഹന ശരീരഭാഗങ്ങളോടെ ഉശിരുണ്ടെങ്കിൽ വാഡാ എന്ന് കാഴ്ചക്കാരെ പോരിന് വിളിച്ചു കൊണ്ടുള്ള അവളുടെ നടത്തത്തിന് ആരാധകരേറെയുണ്ട്. ഏങ്ങനേയോ ലോക്കൽ സംയുക്ത എന്നൊരരോമനപ്പേരും അവൾ നേടിയിരുന്നു.....

അങ്ങനെയങ്ങനെയൊരുനാൾ

ഭാഗ്യനും, ജോണും, മനോജും ഞാനും ഒത്തുകൂടി ഓരോ "ഗോൾഡിനു" തീ പറ്റിച്ചുനിൽക്കുന്നു. പുളിഞ്ചോട് ബസ്സ് സ്റ്റോപ്പാണ് സ്ഥലം ആ നിൽപ് ലോക്കൽ സംയുക്ത കണ്ട് സായൂജ്യമടയാനാണെന്ന് ചിലനാട്ടുകാർ പറയും പക്ഷെ ഞങ്ങൾ ക്രിക്കറ്റുതാരങ്ങൾ ധോണിയേയും ശ്രീശാന്തിനെയും ആരാധിയ്ക്കുകയാണ്.

അന്നേരമതാ മനുഷ്യരുടെ രക്താസാമ്പിളുകൾ കുത്തിയെടുത്ത് പരിശോധിച്ച് തളർച്ചയേതുമില്ലാതെ സരള ഫാത്തിമ ബസ്സിൽ നിന്നും പുളിഞ്ചോട്ടിലിറങ്ങുന്നു. ഒന്നും നോക്കാതെ കാണാതെ കുട ഞെക്കിനിവർത്തി ഭാർഗ്ഗവേട്ടന്റെ വീട്ടിലേയ്ക്ക് ഉശിരൻ നടത്തവും തുടങ്ങി. ചുമട്ടുതൊഴിലാളി യൂനിയൻ നേതാവ് ഭാർഗ്ഗവേട്ടനെ ഇരിങ്ങല്ലൂരുകാരെല്ലാം അറിയും. മൂപ്പരുടെ സീമന്തപുത്രിയാണ് സരള. ക്രിക്കറ്റുകളിയുടെ ആസ്വാദനങ്ങൾക്കിടയിലും എട്ടുകണ്ണുകൾ അവളെ പിൻതുടരുന്നുണ്ട്.

പൊടുന്നനെയവൾ ഞങ്ങൾ ചങ്ങാതിമാർ കൂടി നിൽക്കുന്നയിടത്തേയ്ക്ക് പട്ടാളമുറയിൽ ഒരൊറ്റതിരിയൽ

ഏട്ടുകണ്ണുകളുടെ ഉടമസ്ഥൻ ഉൾനടുക്കം പുറത്തു കാട്ടാനാവാതെ ആശങ്കിച്ചു നിന്നു

എന്താണ് 'സംയു'വിന്റെ ഭാവം?

ഭാർഗ്ഗവേട്ടന്റെ മോളെ പിന്നിൽ നിന്ന് നോക്കി നിന്നതും പീഡന വകുപ്പിൽ പെടുമോ?

അശാന്തികളുടെ നൈലോൺ വല വീശിയെറിഞ്ഞു കൊണ്ടവൾ ഞങ്ങൾ ഇരകളെ സമീപിയ്ക്കയാണ്. നോട്ടം തറച്ചു നിന്നതോ എന്റെ മുഖത്തും!

ഉത്സവം കത്തിക്കയറുന്നതിനിടെ വിരണ്ടുപോയ ആന മുന്നിലെത്തിയ പോലെ ഹൃദയമിടിപ്പ് ഉച്ചത്തിലായി. മനസ്സിലെ കുട്ടിക്കുരങ്ങന്മാരെയൊന്നും 'സംയു'വിന് നേരെ തുറന്നുവിടാത്തവനായിട്ടും സാരമായ അപകടം കത്തിക്കരിയുന്ന പ്ലാസിറ്റിക്ക് മാലിന്യം പോലെ എന്നിൽ അലോസരങ്ങൾ വർഷിച്ചു തുടങ്ങി.

മൊബൈൽ കണക്ഷനുള്ള ഒരപ്ലിക്കേഷൻ ഫോം കൊണ്ടന്ന് തരുോ?

ഫോൾഡിങ്ങ് കുട പൂട്ടിക്കൊണ്ട് മന്ദസ്മിതത്തിന്നക മ്പടിയോടെ സരള എന്നോട് ചോദ്യമെറിഞ്ഞു. ഹാവൂ! ഇത്രയേയുള്ളൂ!. ചങ്ങാതിമാരുടെ മനസ്സുകൾ കുംഭത്തിലെ കുളിർമഴയുടെ ശാന്തിയിൽ കുളിർന്നു.

അകത്തെ തീനാളങ്ങളാകെ കുളിർമഴയിൽ കെട്ടടങ്ങി–

ഭയം തോന്നാതിരിയ്ക്കുന്നതെങ്ങനെ! സരളയെ സാരമില്ലെന്ന് കരുതാം. അത്യാവശ്യം അടിപിടിയും, ബീപറേജസ് കോപ്പറേഷന്റെ നല്ല ഉപഭോക്താവുമൊക്കെയായ പിതാവ് ഭാർഗ്ഗവൻ ചേട്ടനെ പേടിയ്ക്കാതെങ്ങനെ! മകൾ സംയുക്തയെങ്കിൽ അച്ഛൻ സായ്കുമാർ കഥാപാത്രമത്രെ! മന്ത്രിമാരും മറ്റും ദേശത്ത് വരുന്നതറിഞ്ഞാൽ പോലീസുകാർ ചേട്ടനെ കൊണ്ടുപോയി നിർബന്ധ വിശ്രമം നൽകാറുണ്ട്. ആ ഭാർഗ്ഗപുത്രിയാണ് നേർക്ക് നേരിൽ......

ആശ്വര്യാഹ്ലാദത്തോടെ ഞാനവളോട് പറഞ്ഞു.

കൊണ്ടുവരാം നാളെ ഇതേസമയത്ത്

ഓ മതി.

നന്ദിയ്ക്കു സമാനനായി മന്ദഹസിച്ചുകൊണ്ട്. സരള അകന്നകന്ന് പോയതോടെ തലയിൽ നിന്നും വൻ ചുമട് ഒഴിഞ്ഞെന്ന് തോന്നി. കത്രീനക്കാറ്റ് പൊടുന്നതെ മന്ദമാരുതനായാലെങ്ങനെ!

എന്തായാലു ഇവളൊരു കൊച്ചുപുലി തന്നെ

ആകാശത്തു നിന്നും നേരിച്ച് ഇരിങ്ങല്ലൂരിലിറങ്ങിയവളാണെന്ന പോസിൽ നടക്കുന്നവൾ എനിയ്ക്കു മൊബൈൽ കമ്പനിയിൽ പണിയുണ്ടെന്ന കാര്യം മനസ്സിലാക്കി വെച്ചിരിയ്ക്കുന്നു. നാട്ടിലിപ്പോൾ മൊബൈൽ പണിക്കാർക്ക് അല്പം വിലയൊക്കെ ഉണ്ടല്ലോ.

ഞാൻ വാക്ക് പാലിച്ചു അടുത്ത നാൾ 'ഫാത്തിമ' പുളിഞ്ചോട്ടിൽ വന്നു നിൽക്കുമ്പോൾ ഞാനും അപ്ലിക്കേഷൻഫോമും റെഡി – അവൾക്കുസംശയമുള്ള കോളങ്ങൾ പൂരിപ്പിച്ചതും ഞാൻ.........

ഗെയ്റ്റ് തുറക്കുന്ന അസുഖകരമായ ശബ്ദങ്ങൾ. ഞാൻ ഞെട്ടിയെഴുന്നേറ്റ് ജാലകപ്പഴുതിലൂടെ ഒളിഞ്ഞു നോക്കി – ആശ്വാസം ! എന്നെ ചതയ്ക്കാനുള്ള ബുൾഡോസറല്ല! കെ.എസ്സ്.ഇ.ബിക്കാരൻ മീറ്റർ റീഡിങ്ങിനുള്ള വരവാണ്. ഞാനയാളിൽ നിന്നും കണ്ണു പിൻവലിച്ചു.

സരളയും ആപ്ലിക്കേഷനും അതോടെ തീർന്നെങ്കിൽ ശുഭമായേനെ, എന്റെ സമയദോഷത്തിന് അതുണ്ടായില്ല.

രണ്ടു ദിവസത്തിനു ശേഷം അവൾ ഇടതുകയിലെ ഭക്ഷണസഞ്ചിയ്ക്കു പുറമെ വലതുകൈയിലെ മൊബൈൽ ഫോൺ ചെവിയോട് ചേർത്ത് അനന്തമായി ചിണുങ്ങിക്കൊണ്ട് നടത്തം പരിഷ്കരിച്ചതായി കണ്ടു. പയ്യന്മാരൊക്കെ വെറും കീടങ്ങൾ – മൊബൈൽ ഇല്ലാത്ത ദരിദ്രവാസികൾ എന്നൊരു തലക്കനം

എന്റെയുള്ളിൽ കരിമേഘച്ചീളുകൾ ചിതറി.

മനോജിനെയും ഭാഗ്യനേയും പോലാണോ ഞാൻ? ആവശ്യപ്പെട്ടയുടനെ സേവനം നൽകിയ എന്നോട് കേവലമൊരു കൃത്ജ്ഞനാ തിളക്കം പോലും 'ലാബുകാരിയുടെ' കണ്ണുകളിൽ ഞാൻ കണ്ടില്ല. എന്നാൽ ടാപ്പിൽ നിന്ന് വെള്ളം വരുന്നപോലെ സംസാരിച്ചു കുഴഞ്ഞുള്ള ആ പോക്ക് കണക്ഷൻ ലഭിച്ചുവെന്ന് എന്നെ അറിയ്ക്കുവാൻ കൂടെയാണെന്ന് ഞാൻ ധരിച്ചു പോയി. അല്ലാതെ രക്തപരിശോധനക്കാരിയ്ക്ക് പ്രസിഡണ്ട് എൻ.എൻ. ലതികേച്ചിയെപ്പോലെ പഞ്ചായത്ത് ഭരണമൊന്നും ഇല്ലല്ലോ..... നമ്പർ കിട്ടിയെന്ന് എന്നെ അറിയിക്കേണ്ട സാമാന്യമര്യാദയില്ലാത്ത ശുദ്ധ കൺട്രിയെന്നും പട്ടിക്കാട്ടുകാരിയെന്നും ഞാനവളെ അപലപിച്ചു. വേണമെങ്കിൽ എനി

യ്ക്ക് ഓഫീസില കമ്പ്യൂട്ടറിൽ നിന്ന് നമ്പർ എടുക്കാവുന്നതേ ഉള്ളൂ. അത് ചെയ്യാതെ നേരിട്ട് ചോദിച്ചു വാങ്ങണമെന്ന ദുർവിചാരമാണ് വിനകൾക്ക് ഹേതുവായത്.

ഞാനൊരു പബ്ലിത് കാൾ ഓഫീസിൽ നിന്നാണ് രഹസ്യമായി അത് ചെയ്തത്.

ഉറുപ്പിക നാണ്യം നിക്ഷേപിച്ച് കാരുണ്യാലാബിന്റെ നമ്പരുകളിലൂടെ വിരലോടിച്ചു. ആലോചനയില്ലാത്ത് പ്രവൃത്തിയെന്നു പറയാനാവില്ല! വേണ്ടുവോള ചിന്തിച്ചു തന്നെയാണ് സംഗതി ഒപ്പിച്ചത്.

കാരുണ്യ ലാബിന്റെ ലാൻഡുഫോണിൽ നിന്നുമൊരു മയൂരനാദമാണെന്നെ സ്വാഗതം ചെയ്ത്.

ഗുഡ് ആഫ്ടർ നൂൺ കാരുണ്യ.

പുളിഞ്ചോട്ടിൽ നിന്നു വരുന്ന സരളയെന്ന് വിളിയ്ക്കാമോ?

ഒരു മിനിട്ട് ദാ വിളിയ്ക്കാം

ഹലോ ആരാ?

അത് സരളയായിരുന്നു.

പുളിഞ്ചോട്ടിലെ ഗോപനാകണക്ഷനൊക്കെ കിട്ടി അല്ലോ? നമ്പരെത്രയാ?

എന്തിനാ? നിക്ക് നമ്പരൊന്നുല്യാ

ഫോൺ ഡിസ്കണ്ടക്ട് ചെയ്യപ്പെടുന്നു.

ആരുമറിയില്ലെങ്കിലും ജാല്യത കാര്യം കഴിഞ്ഞപ്പോഴത്തെ അഹങ്കാരം കണ്ടില്ലെ!

ഏതോ വന്യമായ താഴ്ചകളിലേയ്ക്ക് എന്നെ കഴുത്തിനു പിടിച്ച് തള്ളിയ പോലെ അനുഭവപ്പെട്ടു. ഞാനെടുത്ത സ്വാതന്ത്ര്യം അവൾക്ക് രസിച്ചിട്ടില്ലെന്ന് വ്യക്തം ഒരുതരം വെറുപ്പാണവൾ പ്രകടിപ്പിച്ചത്. ഇക്കാര്യമവൾ വീട്ടിലെത്തി ഭാർഗ്ഗവേട്ടന് കൈമാറാതിരിക്കില്ല. മകളെ ഫോണിലൂടെ പീഡിപ്പിയ്ക്കാൻ ശ്രമിച്ച എന്നെ മൂപ്പർ കൈകാര്യം ചെയ്യുന്നതെങ്ങനെയാവുമെന്നോർത്ത് അകമെ വീണ്ടും കനലെരിയുന്നു...............

ഭാർഗ്ഗവേട്ടനെങ്ങാൻ വീട്ടിൽ കയറി വന്ന് കോലാഹലങ്ങളുണ്ടാക്കിയാൽ അച്ഛന്റെ മുന്നിലെങ്ങനെ നിൽക്കും! അതും ഒന്നുമില്ലാത്ത നിസ്സാരകാര്യത്തിന്. അച്ഛന്റെ നിസ്സാഹായ മൌനമാണെന്നെ ഏറെ വ്യഥിതനാക്കുന്നത്.

ഇനി ഇരിങ്ങല്ലൂർ തൽക്കാലം വിടുക ഞാൻ തീരുമാനിച്ചു. ഭാഗ്യനേയും ജോണിനെയുംമൊക്കെ ഓർത്തു കൊണ്ട് തളർന്ന് നേരമിരുട്ടിവാൻ കാത്തിരുന്നു.

കിഴക്കേ മുറ്റത്തു നിന്നും പരുക്കൻ ശബ്ദത്തിൽ അച്ഛനോട് വർത്തമാനം പറയുന്നതാരാണ്? ഞാൻ ചെവിയോർത്തു. തളർച്ച ഇരട്ടിയാവുകയാണ്. അത് ഭാർഗ്ഗവേട്ടനാണെന്ന് ഞാനുറച്ചു. ശ്വാസം പിടിച്ച് ജാലകവിടവിലൂടെ കിഴക്കോട്ട് നോക്കി.

ഹൊ! ഒരുത്തനെത്തന്നെ നിനച്ചിരുന്നതു കൊണ്ടുള്ള വേവലാതി - അത് നാളികേരവ്യാപാരി ഹസ്സനിക്കയാണ്.

ഞാൻ ആശ്വാസത്തോടെ തുണിക്കസേരയിൽ മലർന്നു.

അന്നേരം പുറത്തെ മുറിയിലെ ഫോൺ പേടിച്ചലറുന്നു. അയാളായിരിയ്ക്കുമോ? ഞാൻ വീട്ടിലിണ്ടോ എന്നറിയാൻ വിളിയ്ക്കയാവും.

പരിചയത്തിലുള്ള എല്ലാ ദൈവങ്ങളോടും ഞാൻ കേണപേക്ഷിച്ചു. ഇത്തവണത്തേയ്ക്കു മാത്രം രക്ഷിച്ചുതാ- ഇനിയൊരുത്തിയ്ക്കും ഫോൺ ചെ യ്യുന്ന പ്രശ്നമേയില്ല....

ഫോണെടുത്ത് എന്റെ അച്ഛൻ ചിരിയോടെ സംഭാഷണം തുടരുന്നതു കേൾക്കെ താൽക്കാലികലാഘവം കൈവന്നു. പ്രാർത്ഥകൾ ആരോ കേട്ടിരിക്കുന്നു, അച്ഛന്റെ നേരെ നോക്കിയതു പോലുമില്ല. ഞാൻ ജാലകങ്ങളും വാതായനങ്ങളും ഭദ്രമായടച്ച് അന്ധകാരത്തിന് കട്ടി വർദ്ധിപ്പിച്ചു.

ഇനിയും മണിയൊച്ചകൾ കേൾക്കാതിരിയ്ക്കുവാൻ ചെവികളും അടച്ചുവെച്ചു - പ്രയോജനമുണ്ടായി.

അപ്രതീക്ഷിത നിമിഷത്തിൽ ടെലിഫോൺ ഗർജ്ജനങ്ങൾ തലച്ചോറിൽ കയറിപ്പറ്റി. അത് തടയാൻ ഞാൻ തന്നെ പുറത്തിരങ്ങേണ്ടി വന്നു.

പത്തിവിടർത്തി നിൽക്കുന്ന വിഷസർപ്പത്തെ പിടിയ്ക്കുന്ന വെപ്രാളത്തോടെയാണ് റീസിവറെടുത്തത്. ഏതു സമയവും വിഷം തീണ്ടാം.

ഗോപാലക്കുറിപ്പിന്റെ വിടല്ലേ?

ങേ! അല്പം പോലും വിഷമില്ലല്ലോ! പകരം വീണക്കമ്പികളിലെ അനുരണനങ്ങൾ... എന്നിട്ടും എനിയ്ക്ക് വിക്കൽ-

അ-തെ ഗോ-പനാണ്.

പ്പൊ കാണനെയില്ലല്ലോ-ഞാൻ സരളയാ. അന്ന് വിളിച്ചപ്പോ പ്രെപ്രെപ്റ്ററാ ഫോണെടുത്തെ. സോറിട്ട്വോ.... നമ്പരിതാ..... ഫ്രണ്ടിനൊന്നും കൊടുക്കരുതെ.....


നയൻ...എയ്റ്റ്......ത്രീ...... ■


## ഏജന്റുമാരെ ആവശ്യമുണ്ട്

നക്ഷത്രരാജ്യം മാസിക വിതരണത്തിന് താലൂക്ക് അടിസ്ഥാനത്തിൽ ഏജന്റുമാരെ ആവശ്യമുണ്ട്. നേരിലോ ഫോൺ മുഖാന്തിരമോ ബന്ധപ്പെടുക

ഫോൺ: 9744233997
9847649567

നോവലെറ്റ്



ഈ.ആർ.കൊമ്മേരി

# സൂര്യകിരണങ്ങൾ

(കഴിഞ്ഞലക്കം തുടർച്ച)

വിളഞ്ഞു നിൽക്കുന്ന ചെങ്കതിർപോലെ സുന്ദരിയായ - നിതംബത്തിനുതാഴെ മുട്ടോളം നീണ്ടുനിൽക്കുന്ന മുടികളുള്ള പാർവ്വതി ചേച്ചി അന്ന് തറവാട്ടിലെല്ലാവരുടേയും ഓമനയായിരുന്നു. ചേച്ചിയുടെ പതിനാറാമത്തെ പിറന്നാളിന്റന്നാണ് ഗുപ്തൻ തമ്പുരാൻ ആദ്യമായി പാർവ്വതി ചേച്ചിയെ കാണുന്നത്.

അന്ന് പ്രഭാതത്തിൽ ചേച്ചി സൂര്യനുദിക്കുന്നതിനു മുൻപ് എഴുന്നേറ്റ് അമ്മയെ വിളിച്ചുണർത്തി. എണ്ണയും സോപ്പും എടുത്ത് അമ്മയോടൊപ്പം ക്ഷേത്രകുളത്തിലേക്ക് നടന്നു. ഇരുട്ടു വിട്ടുമാറാത്ത തൊടിയിലെ നടവഴിയിലൂടെ കുറച്ചുദൂരം നടന്നാൽ തറവാട്ടുക്ഷേത്രത്തിൽ എത്താം. അക്കാലത്ത് ഇന്നുള്ളതുപോലെ മതിൽ കെട്ടുകളൊന്നുമില്ലപോൽ തറവാട്ടു ക്ഷേത്രവളപ്പിന്. ഇടിഞ്ഞുപൊളിഞ്ഞു വീണ മതിൽകെട്ടിന്റെ കൂമ്പാരമായി കുറെയധികം കല്ലുകളായിരുന്നു നിലത്തു മുഴുവൻ പരന്നുകിടന്നിരുന്നത്. കല്ലുകൾക്കിടയിൽനിന്നും മാളങ്ങളിൽനിന്നും പുറത്തേക്ക് ഇഴഞ്ഞുവന്ന് ഇരതേടി നടക്കുന്ന കുറേയധികം ഇഴജന്തുക്കളുമുണ്ടായിരുന്നു കോട്ടക്കരികിലുള്ള കുളത്തിലേക്കുള്ള നടവഴിയിൽ.


ക്ഷേത്രത്തിലപ്പോൾ ഉഷപൂജക്കുള്ള ഒരുക്കങ്ങൾ തുടങ്ങികഴിഞ്ഞിരുന്നു. കത്തുന്ന എണ്ണയുടേയും കർപ്പൂരത്തിന്റേയും സുഗന്ധം നാസാരന്ധ്രങ്ങളിലേക്ക് അടിച്ചുകയറ്റുന്ന പ്രഭാതത്തിന്റെ കുളിർകാറ്റേറ്റ് ഉറക്കചടവിന്റെ ക്ഷീണം വിട്ടകന്നതുപോലെ. ചേച്ചി ഉള്ളിൽ ഇരുന്നു ആരോ മന്ത്രിക്കുന്ന അനുസരണയോടെ വേഗതകൂടിയ കാലടികൾ നീട്ടിവെച്ച് അതിവേഗത്തിൽ നടന്നു.

ക്ഷേത്രകുളത്തിനരുകിലെത്തിയപ്പോഴേക്കും ചേച്ചിയുടെ സകല നിയന്ത്രണങ്ങളും വിട്ടിരുന്നു.

തൊട്ടുപിറകിലായി നടന്നുവരുന്ന അമ്മയെ ശ്രദ്ധിക്കാതെ ക്ഷേത്രകുളത്തിന്റെ പടവുകളിറങ്ങി. നീന്തൽ നന്നായി വശമുണ്ടായിരുന്ന ചേച്ചി ഒരു നിമിത്തത്തിന്റെ ഉൾപ്രേരണയെന്നവണ്ണം വെള്ളത്തിലിറങ്ങി ഇക്കരെനിന്നും അക്കരയിലേക്ക് കുതിച്ചു തുഴഞ്ഞു. അക്കാലത്ത്

*കഥ ഇതുവരെ*

***രവിവർമ്മ വലിയ കോയിക്കൽ തറവാടിന്റെ മുറ്റത്ത് മദ്യപിച്ചുവന്ന് വലിയതമ്പുരാനെ വെല്ലുവിളിച്ചുകൊണ്ടു പുറത്തേക്ക് നടന്നു. തമ്പുരാന്റെ പെങ്ങളുടെ മകനാണ് രവിവർമ്മ. തമ്പുരാന്റെ മകൾ ഗൗരീശ്വരിയുമായുള്ള രവിവർമ്മയുടെ വിവാഹം ശൈശവത്തിലെ നടന്നതാണ്. ഗൗരീശ്വരിയുടെ അമ്മ ലക്ഷ്മി തമ്പുരാട്ടിക്കും ഗോദരാജവർമ്മതമ്പുരാനും അവരു തമ്മിലുള്ള ബാല്യവിവാഹത്തിനും എതിർപ്പൊന്നുമില്ല. പക്ഷേ മദ്യപനായ രവിവർമ്മയുമായുള്ള വിവാഹത്തിനു മ്യൂസിക് ടീച്ചറായ ഗൗരീശ്വരി സമ്മതം നൽകാത്തതിന്റെ പേരിലാണ് രവിവർമ്മ മുറ്റത്തോളം വന്ന് വഴക്കുണ്ടാക്കി തിരിച്ചുപോയത്. തമ്പുരാൻ ദുഃഖിതനായി. ലക്ഷ്മിതമ്പുരാട്ടി തന്റെ ഭർത്താവിന്റെ ദുഃഖം കണ്ടപ്പോൾ ഗൗരീശ്വരിയുടേയും രവിവർമ്മയുടേയും ശൈശവ വിവാഹകാലവും - തമ്പുരാന്റെ സഹോദരി പാർവ്വതിയും രവിവർമ്മയുടെ അച്ഛൻ ഗുപ്തൻ തമ്പുരാനുമായുള്ള വിവാഹകാലവും ഓർത്തിരുന്നുപോയി.***



ചേച്ചിയോട് മത്സരിച്ച് ജയിക്കുവാൻ തറവാട്ടിൽ ആരുമുണ്ടായിരുന്നില്ല. നീന്തൽ നന്നായി വശമുണ്ടായിരുന്ന തന്റെ ഭർത്താവിനെപോലും ചേച്ചി പലതവണ നീന്തിതോല്പിച്ചതിന്റെ ധീരകഥകൾ തറവാട്ടിലെല്ലാവരും പറയുന്നത് താനും എത്രയോ തവണ കേട്ടിട്ടുണ്ട്.

അമ്മ കുളത്തിന്റെ കൽപടവുകളിറങ്ങി. കിഴക്കോട്ടു തിരിഞ്ഞു ഏഴുവട്ടം മുങ്ങിപൊങ്ങി. കൽപടവിൽ കത്തിച്ചുവെച്ച നിലവിളക്കെടുക്കാൻ തിരിഞ്ഞതാണ്.

ദൂരെനിന്നും പാർവ്വതിചേച്ചിയുടെ ഉച്ചത്തിലുള്ള നിലവിളികേട്ടാണ് അമ്മ പാർവ്വതിചേച്ചിയെ കുറിച്ച് ഓർത്തത്.

മങ്ങിയ വെളിച്ചത്തിൽ കുളത്തിനു നടുവിൽ കയത്തിലേക്ക് താഴുന്ന ചേച്ചിയെ നോക്കി അമ്മ ഇക്കരെ നിന്ന് ഉറക്കെ നിലവിളിച്ചു.

കുളത്തിന് നടുവിലേക്ക് നീങ്ങി പോകുന്ന ചെറുപ്പക്കാരനെ കണ്ടപ്പോൾ അമ്മക്ക് ഒരുവിധത്തിലാശ്വാസമായതുപോലെയായി.

ചെറുപ്പക്കാരൻ കുളത്തിൽ മുങ്ങിതാഴുന്ന പാർവ്വതി ചേച്ചിയെ മുടിക്ക് പിടിച്ച് മുകളിലേക്കുയർത്തി.

ചേച്ചിയേയും കൊണ്ട് നീന്തി ഇക്കരെയെത്തിയ ചെറുപ്പക്കാരൻ ചേച്ചിയെ ഒരു വാഴതടയെന്നവണ്ണം മാറോടക്കി കുളത്തിനു മുകളിലെ പടവുകളിൽ വെച്ചു.

അർദ്ധപ്രജ്ഞയിൽനിന്നും ഉണർന്ന പാർവ്വതിചേച്ചിയുടെ കണ്ണുകൾ മുന്നിൽനിൽക്കുന്ന കരുത്തനായ ചെറുപ്പക്കാരന്റെ ശരീരത്തിൽ പരതി നടന്നു.

ഒരു ആനയെപോലെ കരുത്തുള്ള അദ്ദേഹത്തിന്റെ ഇരുകൈകളിലേയും മസിലുകൾ കണ്ട ചേച്ചിയുടെ കണ്ണുകൾ നാണത്താൽ പാതി കൂമ്പി. രോമാവൃതമായ ശരീരം, കാന്തശക്തിയുള്ള അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും രക്ഷപ്പെടാൻ കഴിയാതെ ചേച്ചി നിന്നു വിയർത്തു. കണ്ണുകളിൽ പരൽമീനിന്റെ തുടുപ്പുപോലെ.

“നിന്റെ പേരെന്താ?” ഇമ്പത്തിലുള്ള അദ്ദേഹത്തിന്റെ ശബ്ദം കേട്ട ചേച്ചി പാതിയടഞ്ഞ കണ്ണുകളോടെ സ്വയമറിയാതെ പുലമ്പി. “പാർവ്വതി....”

നല്ല പേര്. നിന്നെ ഞാൻ കെട്ടട്ടെ? ഒരു നാണവുമില്ലാതെയാണദ്ദേഹത്തിന്റെ സംസാരം.

ലജ്ജയാൽ ചേച്ചിയുടെ മുഖം ചുവന്നു തുടുത്തു. സ്വതേ മാതളത്തിന്റെ നിറമുള്ള ചേച്ചിയുടെ ശരീരത്തിലേക്കുള്ള അദ്ദേഹത്തിന്റെ ചൂഴിഞ്ഞനോട്ടം കണ്ട് ചേച്ചി നാണത്താൽ മുഖം തിരിച്ചു.

പിറ്റേദിവസം ഒരു ഞായറാഴ്ചയായിരുന്നു.

തറവാട്ട് മുറ്റത്ത് കൊയ്ത്തുകറ്റകൾ കൊണ്ടുവരുകയും മെതിക്കുകയും ചെയ്യുന്ന ജോലിക്കാരുടെ ഇടയിൽ കൂടി നടന്നുവരുന്ന ആജാനബാഹുവായ മനുഷ്യനെ നോക്കി നിൽക്കുകയാണ് അച്ഛൻ വലിയതമ്പുരാൻ.

തറവാടിന്റെ പടികൾ കയറിവന്ന ഗുപ്തൻതമ്പുരാൻ നേരെ വലിയ തമ്പുരാന്റെ അടുത്തെത്തി.

ഉം.... എന്തുവേണം. പാർവ്വതി ചേച്ചിയുടെ അച്ഛൻ വലിയതമ്പുരാൻ മെല്ലെ മുരടനക്കി.

ഞാൻ തെക്കേപ്പാട്ടു വലിയ മനക്കലെ ചന്ദ്രശേഖരവർമ്മയുടെ മകൻ ഗുപ്തൻതമ്പുരാൻ. എനിക്ക്

## നക്ഷത്രരാജ്യം കോമിക്സ് - രാഗേഷ്



അങ്ങയുടെ മകളെ വിവാഹം ചെയ്താൽ കൊള്ളാമെന്നുണ്ട്. ഒറ്റ ശ്വാസത്തിനാണ് അന്ന് ഗുപ്തൻത മ്പുരാൻ വലിയ തമ്പുരാനോട് പാർവ്വതി ചേച്ചിയെ വിവാഹം ചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ടത്.

ഗുപ്തൻതമ്പുരാന്റെ വാക്കുകൾ കേട്ട് വലിയ തമ്പുരാൻ ഉറക്കെ ചിരിക്കുന്നതുകേട്ട് തറവാട്ടിലെ മറ്റുള്ളവരും വലിയതമ്പുരാനു ചുറ്റും കൂടി കാരണം അന്വേഷിച്ചു.

അടുത്തുനിൽക്കുന്ന പാർവ്വതി ചേച്ചിയുടെ അമ്മ അച്ഛൻ തമ്പുരാനെ വിളിച്ച് എന്തോ സ്വകാര്യം പറഞ്ഞു.

പിന്നീടെല്ലാം പെട്ടെന്നാണ് തീരുമാനിച്ചത്. മകരമാസം മുപ്പതാം തിയ്യതിയിലേക്ക് കല്യാണം നിശ്ചയിച്ചു.

അങ്ങിനെയാണ് ഗുപ്തൻ തമ്പുരാൻ പാർവ്വതിചേച്ചിയുടെ ഭർത്താവായത്.

അതിനും പിറ്റേക്കൊല്ലം രവിവർമ്മ ജനിച്ചു.

രവിവർമ്മയുടെ ജനനത്തിന് ആറുമാസം മുൻ പാണ് തന്നെ ഈ തറവാട്ടിലേക്ക് ഗോദരാജവർമ്മ തമ്പുരാൻ വിവാഹം ചെയ്തു കൊണ്ടുവന്നത്.

തന്റെ വിവാഹം കഴിഞ്ഞിട്ട് ഇന്നത്തേക്ക് ഇരുപത്തിരണ്ടു വർഷമായി.

പുറത്തെ പടിപുരയിലേക്ക് നടന്നടുക്കുന്ന ചൂട്ടി ന്റെ വെളിച്ചം കണ്ട് ലക്ഷ്മി തമ്പുരാട്ടി ചിന്തയിൽനിന്നും ഞെട്ടി ഉണർന്നു. തമ്പുരാൻ ചാരുകസേരയിൽ മൃതപ്രായനായി ചടഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങുന്നുണ്ട്.

ചൂട്ടുകറ്റയും കത്തിച്ചുവരുന്ന ആൾ പടിപ്പുര കയറി മുറ്റത്തേക്കു വന്നു. അയാളുടെ തൊട്ടുപിറകിലായി ഗൗരീശ്വരിയും ഉണ്ട്.

ചാരുകസേരയിൽ തളർന്നിരിക്കുന്ന അദ്ദേഹത്തിന്റെ മുഖത്തിനൊരു തെളിച്ചം കണ്ടു.

"ഗൗരീശ്വരി വരുന്നുണ്ട്."

ലക്ഷ്മിതമ്പുരാട്ടിയുടെ വാക്കുകൾ കേൾക്കേണ്ട താമസം അദ്ദേഹം ചാരുകസേരയിൽ നിന്നും ചാടി എഴുന്നേറ്റു.

ഗൗരീശ്വരി പൂമുഖത്തേക്ക് കയറി. കൂട്ടത്തിലുള്ളത് തെക്കേപ്പാട്ട് മനക്കലെ കുടികിടപ്പുകാരൻ ശങ്കരനാണ്.

"എന്താ ശങ്കരാ സുഖാണോ?" ഗൗരീശ്വരിയെ കണ്ടതോടെ മനസ്സൊന്നു തണുത്തതാണ്, മകളോട് സംസാരിക്കാൻ തിടുക്കമുണ്ടെങ്കിലും ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്തായാലും തന്റെ മകളെ ഇത്രടം വരെ എത്തിച്ചതെല്ലേ"ശങ്കരൻ പറഞ്ഞു."

"ആണേ... ദൈവകൃപകൊണ്ട് സുഖാണേ അടിയന്'' ശങ്കരൻ മുന്നിൽ വന്ന് ഓച്ഛാനിച്ചുനിന്നു.

എന്നാൽ ശങ്കരൻ പോകല്ലേ? മനസ്സിലുള്ള വികാരങ്ങളെ മറച്ചുപിടിക്കാൻ നന്നേ പാടുപെട്ടുകൊണ്ടാണ് അദ്ദേഹം അത്രയും സംസാരിച്ചത്. ''ശങ്കരന്റെ മുഖം ഒന്നു മങ്ങത്തോ?''

ശങ്കരൻ ചൂട്ടുകറ്റ വായുവിൽ ഒന്നു ഉയർത്തിവീശി. ചൂട്ടുകറ്റ പഴയതുപോലെ നല്ല വെളിച്ചത്തോടെ കത്തി. ചൂട്ടുകറ്റ വീശികൊണ്ട് ശങ്കരൻ പടിയിറങ്ങി പുറത്തേക്ക് നടന്നു.

നീയെന്താ മോളെ ഇത്ര വൈകിയത്? നീ രവിവർമ്മയെ കണ്ടിരുന്നോ? ഉൾക്കിടിലത്തോടെയാണ് തമ്പുരാൻ അത്രയും ചോദിച്ചത്.

ഇല്യച്ഛാ. ഞാൻ കണ്ടില്ല. ഇന്ന് ബസ്സ്കാര് സമരത്തിലായിരുന്നു. അതുകൊണ്ടാ ഇത്ര വൈകിയത്. ഗൗരീശ്വരി പറഞ്ഞു.

"ഉം... ഇന്ന് രവിവർമ്മ ഇവിടെ വന്നിരുന്നു. നിങ്ങളുടെ വിവാഹകാര്യത്തെക്കുറിച്ച് അവന് അവസാനമായി ഒരു തീരുമാനമറിയണമെന്ന്. ഞാനെന്താ മോളെ രവിവർമ്മയോട് പറയേണ്ടത്?

"ഗൗരീശ്വരിയുടെ കണ്ണുകൾ നിറഞ്ഞു. പുറത്തേക്ക് ഒഴുകി വരുന്ന കണ്ണുനീർ ആരും കാണാതെ സാരിതുമ്പുകൊണ്ടു തുടച്ചു. രവിവർമ്മയെ തനിക്ക് ഇഷ്ടമാണ്. പക്ഷേ അദ്ദേഹത്തിന്റെ സ്വഭാവം. വേണ്ട. ഇപ്പോഴൊന്നും പറയണ്ട. കുറച്ചുകൂടി നോക്കാം.

എനിക്ക് ഇപ്പോൾ വിവാഹം വേണ്ടച്ഛാ. ഗൗരീശ്വരി അത് പറഞ്ഞ് അകത്തേക്ക് കയറിപോയി. കിടക്കയിൽ വീണു. മനസ്സിനെന്തോ ഒരു ഭാരം പോലെ. കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി തലയിണകൾ കുതിർന്നു.

ഇപ്പോ ചോദിക്കണ്ടായിരുന്നു. അവൾക്ക് നൊമ്പരപ്പെട്ടിട്ടുണ്ടാകും.

BACK PAIN CLINIC

A holistic approach combining the ayurvrdic and Kalari Marma treatments

Sree Chakra CVN Ayurveda Hospital

Thondayad. Ph: 0495 - 6572557

Email: kalari@kalarikerala.com , www.kalarikerala.com

ലക്ഷ്മിതമ്പുരാട്ടി പറഞ്ഞു.

തമ്പുരാനൊന്നുമൂളി

"ഉം... ഞാനൊന്നു കിടക്കട്ടെ. തമ്പുരാൻ നേരെ അകത്തേക്ക് നടന്നു."

നിങ്ങളൊന്നും കഴിക്കുന്നില്ലേ? തമ്പുരാന്റെ പിന്നിലായിനടന്നു കൊണ്ട് ലക്ഷ്മിതമ്പുരാട്ടി ചോദിച്ചു.

വേണ്ട. വിശപ്പില്ല. തമ്പുരാൻ നേരെ കട്ടിലിൽ പോയി വീണു.

"അദ്ദേഹത്തിന് വേണ്ടാത്തത് തനിക്കെന്തിനാണ്? ലക്ഷ്മിതമ്പുരാട്ടിയും തമ്പുരാന്റെ കട്ടിലിനു താഴെ പായ് വിരിച്ചുകിടന്നു. രാത്രിയുടെ രണ്ടാം യാമവും കഴിഞ്ഞു. ചിന്തിച്ചുകൊണ്ട് വെറുതെ കിടക്കുന്ന ലക്ഷ്മിയുടെ കണ്ണുകളിലേക്ക് ഉറക്കം തഴുകിയിറക്കി. ഇപ്പോൾ പുറത്ത് കുറുക്കന്റെ ഓളിയിടൽ മാത്രം കേൾക്കാം.

നേരം പരപരാവെളുത്തു. കാക്ക കരയുന്ന ശബ്ദം കേട്ടാണ് രവിവർമ്മ ഉണർന്നത്. ഇന്നലെ രാത്രി യാത്രാക്ഷീണം കൊണ്ട് എപ്പോഴാണ് ഉറങ്ങിപോയതെന്നറിയില്ല. താനീ കൽമണ്ഡപത്തിൽ എത്തിയതെപ്പോഴാണ്?

വലിയ കോയിക്കൽ തറവാടിന്റെ പടിയിറങ്ങി ഇന്നലെ സന്ധ്യക്കു തുടങ്ങിയ നടത്തമാണ്. ഇടക്ക് ഗോവിന്ദന്റെ ഷാപ്പിൽ കയറിയതായി നേരിയ ഓർമ്മയുണ്ട്. ഗോവിന്ദന്റെ ഷാപ്പിൽ നിന്നും രണ്ടു ഗ്ലാസ്സ് പട്ട ചാരായം കുടിച്ചതുവരെയുള്ള കാര്യങ്ങൾ ഓർത്തെടുക്കുവാൻ സാധിക്കുന്നുണ്ട്. പിന്നീടൊന്നും ഓർമ്മയില്ല. മനസ്സാകെ വലിഞ്ഞു മുറുകുന്നു. പെട്ടെന്നുള്ള ക്ഷോഭത്തിനാണ് അമ്മാവനോടങ്ങനെ പറഞ്ഞത്. ഇപ്പോൾ കുറ്റബോധം തോന്നുന്നുണ്ട്. താനങ്ങിനെ പറയരുതായിരുന്നു. പക്ഷേ പറയാതിരിക്കുന്നതെങ്ങനെ?

"ഗൗരീശ്വരി തന്റെ മുറപ്പെണ്ണാണ്. മുറപ്പെണ്ണ് മാത്രമല്ല. ആചാര പ്രകാരം അവൾ തന്റെ ഭാര്യയല്ലേ?"

അതെയെന്ന് തന്നെയാണ് തന്റെ വിശ്വാസം.

ചെറുപ്പക്കാലത്ത് അമ്മാവിയാണ് ഗൗരീശ്വരിയുടെ കൈപിടിച്ച് തന്നെ ഏല്പിച്ചത്.

"അപ്പോൾ അച്ഛൻ പറയുന്നുണ്ടായിരുന്നു."

ഇന്നു മുതൽ ഗൗരീശ്വരി നിന്റെയാ മോനെ. നിങ്ങളുടെ ജീവിതകാലത്തൊരിക്കലും ഇനി നിങ്ങൾ വേർപിരിയരുത്. നീ വളർന്നു വലുതായാൽ ഇവളെ വിവാഹം കഴിക്കണം.

അത് പറഞ്ഞതോടെ അച്ഛന്റെ കൈകൾ മെല്ലെ നിശ്ചലമായി. പിന്നീടൊന്നും തനിക്ക് ഓർമ്മയില്ല.

കൂടിനില്ക്കുന്ന ആൾകൂട്ടത്തിൽ ഒരാളായി ഗൗരീശ്വരിയോടൊപ്പം മിന്നാമിനുങ്ങിനെ പിടിച്ച് തീപ്പെട്ടികൂട്ടിലാക്കി കളിച്ചത് നല്ല ഓർമ്മയുണ്ട്.

''അച്ഛന്റെ മരണസമയത്ത് തനിക്ക് ഏഴ് വയസ്സായിരുന്നു. ഗൗരീശ്വരിക്ക് അഞ്ചും."

അച്ഛന്റെ മരണശേഷമാണ് താനും അമ്മയും അമ്മാവനോടൊപ്പം വലിയ കോഴിക്കൽ തറവാട്ടിലേക്ക് മടങ്ങിപോന്നത്. പിന്നീട് തന്നെ വളർത്തിയതും വലുതാക്കിയതും അമ്മാവനാണ്. ഒരു രക്ഷാകർത്താവിന്റെ സ്ഥാനത്ത് നിന്നു ചെയ്യേണ്ടതെല്ലാം ചെയ്തു. ആ അമ്മാവനോടാണ് ഇന്നലെ താൻ നിഷേധിച്ചു സംസാരിച്ചത്. രവിവർമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു. എഴുന്നേൽക്കാൻ തോന്നുന്നില്ല. രവിവർമ്മ വീണ്ടും തന്റെ ചെറുപ്പകാലം അയവിറക്കി കൽമണ്ഡപത്തിൽ മലർന്നു കിടന്നു.

*(തുടരും)*

■


**Panasonic**

(Authorised Service Centre)

**MICRO ELECTRONICS**

- Undertake repair of Plasma - LCD - TV, Digital Camera, Digital Still Camera - DVD & VCD Systems - Home Theatre, Microwave Oven - Washing Machine etc.
- Company trained Engineers - Quick and prompt service
- Service Warranty - Genuine Spare parts


**HELPLINE NO: 9895 97 94 95**

CALICUT: 0495-2305109. VATAKARA: 0496-2525690

E-mail: microelc@gmail.com www.panasonic.co.in

ചെറുകഥ

# പാതിരാപ്പട



മണിയൂർ ഇ. ബാലൻ

**പാ**തിരയിൽ ഞാൻ ആശുപത്രിയിലേക്ക് പുറപ്പെടുന്നു. ഭാര്യ വിളിച്ചു പറയുന്നു. ഇതെന്ത് കഥയില്ലായ്മ്യാ കാണിക്കുന്നേ ഈ ബന്ദ് ദിവസം?

ആശുപത്രി കിടക്കയിൽ മരണ വെപ്രാളത്തിനിടയിൽ ചിത്ര എന്റെ പേര് വിളിച്ചല്ലേ നിലവിളി കൂട്ടുന്നത്? എന്നെ കണ്ട് മരിക്കണം എന്നാവില്ലേ അവളുടെ ആഗ്രഹം? സ്കൂളിൽ വേറെ എത്ര അദ്ധ്യാപകരുണ്ട്? അവരുടെയൊന്നും പേരുകൾ അവളുടെ നാവിൻ തുമ്പത്തു വരുന്നില്ലല്ലോ.

ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുകയും നല്ല കൈയക്ഷരം കാഴ്ചവെക്കുകയും ചെയ്തിട്ടും കഴിഞ്ഞ പരീക്ഷയ്ക്ക് ഹാജരാവാത്തതെന്തന്വേഷിച്ചുകൊണ്ടാണ് ഒരിക്കൽ അവളുടെ വീട്ടിൽ ചെന്നുകയറിയത്.

പാറക്കല്ല് ചുമക്കുന്നതിനിടയിൽ അവളുടെ അമ്മയുടെ കാലൊടിഞ്ഞതും പ്ലാസ്റ്ററിട്ട് കിടക്കേണ്ടി വന്നതോടെ ചിത്രയ്ക്ക് പഠിത്തം തുടരാൻ വിഷമമായെന്നറിഞ്ഞതും അപ്പോഴാണ്.

അമ്മയ്ക്കാവശ്യമായ മരുന്നും അവൾക്ക് വേണ്ട ഉടുപ്പുകളും വാങ്ങികൊടുത്താണ് വീണ്ടും ചിത്രയെ സ്ക്കൂളിലേക്ക് വരുത്തിയത്. സ്കൂളിൽ വച്ച് ആവശ്യമായ ഉപദേശങ്ങൾ കൊടുക്കുകയും ചെയ്തു. കൊല്ലപ്പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് ചിത്രയുടേതാവണം. രാത്രിപന്ത്രണ്ടുമണിവരെയെങ്കിലും വായിച്ചേലേ...

വായിച്ച് വായിച്ച് ഉറക്കം തൂങ്ങി പുസ്തകത്തിൽ തലയും ചായിച്ചു കിടന്നു പോയതാവും. കൈ നീട്ടിയപ്പോൾ കത്തുന്ന മുട്ടവിളക്ക് തട്ടി മറിയുകയും ചെയ്തിരിക്കാം പിന്നെ ആളിപ്പടർന്ന തീയിൽ..

എങ്ങിനെയെങ്കിലും അവളുടെ അടുത്തെത്തിയേ പറ്റൂ. ബന്താണെന്ന് നേര്. ഇത്ര കഠിനമായൊരു ബന്ത് അടുത്തൊന്നു ഉണ്ടായിട്ടുമില്ല, രാത്രയിൽ ചിലവാഹനങ്ങളെങ്കിലും ഓടാനിടയുണ്ടെങ്കിലും എപ്പോഴും എന്തും സംഭവിക്കാവുന്ന അവസ്ഥ.

കടവത്തെ മമ്മത്കാക്കയെ കൂക്കിയിട്ടുണർത്തി അക്കരെ പിടിക്കാം. പിന്നെ? അപായ സൂചനയോടെ പൂർണ്ണവെളിച്ചം തൂകികൊണ്ട് രോഗികളേയും കയറ്റി ചില വാഹനങ്ങൾ രക്ഷപ്പെടാറുണ്ട്. കള്ളകടത്തു താവളത്തിലേക്കെങ്കിലും ചിലവാഹനങ്ങൾ നീങ്ങാതിരിക്കില്ലല്ലോ.

കടവത്ത് നിന്ന് എന്റെ കൂക്കി മമ്മത്കാക്കയുടെ കാതുകളിൽ തുളച്ചു കയറുന്നു. കൂയ്...........കൂയ്...........

മുട്ടികുടഞ്ഞെഴുന്നേറ്റ് ചുരുട്ട് കത്തിച്ചുവലിച്ച് കൊണ്ട് പുഴയുടെ മുഖത്ത് അയാൾ കാർക്കിച്ചു തുപ്പുന്നു. ബന്ദായിട്ടും എത് കുരിപ്പാ.......... ഈ പാതിരായ്ക്ക്..........എന്നൊക്കെയുള്ള പതിവ് പുലമ്പലുകൾക്കു ശേഷം തോണിയുമായെത്തുന്നു.

കൈവിരലുകൾ ഞൊടിച്ചുമടക്കിക്കൊണ്ട് ഞാൻ കൊടുത്ത ചില്ലറ തുട്ടുകൾ സ്വീകരിച്ച് പിരിച്ചുവെച്ച മീശയ്ക്കുള്ളിൽ ഒളിപ്പിച്ച ചിരിവിരിയിച്ചുകൊണ്ട് പറയുന്നു.

മോനെങ്ങോട്ടാ... ഈ പാതിരായ്ക്ക്? ബന്ത് ഇന്നും തീരൂലാലോ... എല്ലാടേം അടീം കുത്ത്വല്ലേ? ഒരൊറ്റ മനിച്ചനും പൊറെത്തെറങ്ങൂലാലോ...

ചിത്രയെ കാണാനാ മമ്മത്ക്കാക്കാ.. പിന്നെ അയാൾ ഒന്നും പറഞ്ഞില്ല.

ഇരുട്ടിന്റെ ഞരമ്പുകൾ കെട്ടുപിണഞ്ഞുകിടക്കുന്ന ചളിപുരണ്ട വഴി ചവുട്ടി അരച്ചുകൊണ്ട് നിരത്ത് വക്കിലെത്തുന്നു.

അവിടെ കല്ലത്താണിക്കടുത്ത്, ചമ്മിക്കുളക്കരയിൽ കുഞ്ഞാപ്പുവിന്റെ ചാരായകടയിലെ മുട്ടവിളക്ക് മാത്രം നാവ് നീട്ടുന്നുണ്ട്.

ഇപ്പോഴും ആരെയെങ്കിലം പ്രതീക്ഷിച്ചുകൊണ്ടാവില്ലേ ആ വിളക്കെരിയുന്നത്?

അടുത്തുള്ള തെങ്ങിൽകൂട്ടങ്ങൾക്കിടയിലെ കടുക്കത്തോടിൻ കൂമ്പാരത്തിൽ കാൽകുത്തിനിന്ന് പോലീസുകാർ ബീഡി വലിക്കുന്നു.

ഏതെങ്കിലും കള്ളകടത്ത് ലോറിയെ പ്രതീക്ഷിക്കുകയാവും. രോഗിയെ കൊണ്ടുപോവുകയാണെന്ന വ്യാജേന ഇരുട്ടിനെ കീറിമുറിച്ച് കുതിക്കുകയാണെങ്കിലും പിടിച്ചുനിർത്തി വിഹിതം വാങ്ങാൻ അവർക്ക് സാധിക്കും. പൂഴ്ത്തിവെപ്പുതാവളം ആശുപത്രിക്കടുത്തേക്ക് മാറ്റിയിട്ടുമുണ്ടല്ലോ. ഒരുപക്ഷേ, പോലീസുകാരുടെ അറിവോടെയാവും.

ഈ ഒളിച്ചുകളിയുമായി ബന്ധപ്പെട്ട ഏതെങ്കിലും വാഹനം കിട്ടിയാലും ചിത്രയുടെ അടുത്തെത്താം.

ഇങ്ങനെ ഓരോന്ന് ഓർത്തിരിക്കുന്നതിനിടയിലാണ് രണ്ടു മൂന്നു ലോറികൾ പോലീസുകാരുടെ അടുത്ത് നിർത്തി നിർത്തിയില്ലെന്ന മട്ടിൽ വന്നു ചേരുകയും അതിവേഗത്തിൽ ഓടിമറിയുകയും ചെയ്തത്.

പിന്നെ വന്നത് പോലീസുകാരുടെ അകമ്പടിയോടെ ശവങ്ങളേയും കയറ്റിപ്പോകുന്ന വാഹനങ്ങളാണ്. ഭഗവാനെ... ഇവരെല്ലാം ഒറിജിനൽ പോലീസുകാർ തന്നെയാണോ? അവരുടെ ഭാവവും പ്രവൃത്തികളും കണ്ടിട്ട് അങ്ങനെ തോന്നുന്നില്ല. ബന്ദ് ദിനമല്ലേ? ബന്ദിന്റെ സന്തതി ശവമായെങ്കിലും കണക്കാക്കിയാൽ മതിയായിരുന്നു.

അപ്പോഴേക്കും ഒരു വാഹനമതാ തിളങ്ങുന്ന കണ്ണുകൾ വിടർത്തിയും ഉറക്കെ നിലവിളിച്ചും കടന്നുവരുന്നു. പകിട്ടുള്ള ചിറകുകളോടുകൂടിയ സ്വർണ്ണനിറമുള്ള ആംബുലൻസ്. "കുവൈത്ത് സർവ്വീസ്" എന്ന വലിയ അക്ഷരത്തിലുള്ള എഴുത്ത് മിന്നിത്തെളിയുന്നുണ്ട്.

അതിൽനിന്ന് ഇറങ്ങിയ രണ്ടു മൂന്നു കൊമ്പൻമീശക്കാർ പോലീസുകാരോട് പരിചയം ഭാവിക്കുകയും അവർക്കുള്ള പൊതിക്കെട്ട് കൈമാറുകയും ചെയ്തശേഷം കുഞ്ഞാപ്പുവിന്റെ ചാരായകടയിൽ കയറുന്നു.

നന്നായൊന്ന് മിനുങ്ങി തിരികെ വന്ന അവർ വാഹനത്തിന്റെ ചവിട്ടുപടിയിൽ കാൽകയറ്റി വച്ചുകൊണ്ട് എന്നെ ശ്രദ്ധിക്കുന്നു - എന്നെപ്പോലുള്ള ഒരാളെ കിട്ടാൻ കാത്തുനിൽക്കുകയാണെന്ന ഭാവത്തിൽ.

"ആശുപത്രീന്റെടുത്തെറക്കി തന്നാൽ വലിയ ഉപകാരം..."

ഉടൻ തന്നെ ഒരാൾ എന്നെ കൈപിടിച്ചു കയറ്റുകയും വാഹനത്തിലെ രഹസ്യങ്ങൾക്കുമീതെ കിടന്നോളാൻ കല്പിക്കുകയും ചെയ്യുന്നു.

ആശുപത്രി കിടക്കയിൽ പിടയുന്ന ചിത്രയെ വിചാരിച്ച് കണ്ണടയ്ക്കവേ കൊമ്പൻ മീശക്കാർ എന്റെ കൈകൾ ബലമായി പിടിച്ച് പിന്നിൽ പിണച്ചു കെട്ടുന്നു. ഒരു കയറുപയോഗിച്ചു അടിയിലെ പലകയോട് ബന്ധിക്കുന്നു.

നിങ്ങൾ പറയുന്നതെല്ലാം അനുസരിക്കാം. എന്തിനിങ്ങനെ പിടിച്ചുകെട്ടുന്നു? എന്നൊക്കെ പ്രതികരിക്കാൻ തുടങ്ങുമ്പോഴേക്കും വായയിൽ തുണിക്കഷ്ണങ്ങൾ തിരുകിതുടങ്ങുന്നു. ഒരു രഹസ്യവും പുറത്തുവിടില്ല. എന്നെ കൊല്ലല്ലേ... എന്നൊക്കെയുള്ള സ്വരങ്ങൾ പുറത്തേക്ക് തെറിക്കാതെ തൊണ്ടയിൽ കുടുങ്ങുന്നു. അപകടനിലയിലുള്ള രോഗിയാക്കി മാറ്റാനുള്ള ശ്രമമായിരിക്കാം. വഴിയിലെവിടെയെങ്കിലും കാത്ത് നില്ക്കുന്ന പുതിയതായെത്തിയ പോലീസിന്റെ കണ്ണുവെട്ടിക്കാനുള്ള വെമ്പൽ തന്നെ.



അങ്ങിനെ ചിന്തിച്ചു തുടങ്ങുമ്പോഴേക്കും രണ്ടുമൂന്നു പുതപ്പെടുത്തു കഴുത്തുവരെ മൂടുകയും ഗൗരവപ്പെട്ട രോഗമാണെന്നു വരുത്തി തീർക്കുകയും ചെയ്തു. ഓടി ഓടി കിതപ്പോടെ നിൽക്കുന്നത് ആശുപത്രിക്കടുത്താവുമെന്നു തോന്നി. രക്ഷപ്പെട്ടുവല്ലോ എന്നാശ്വസിക്കുമ്പോഴേക്കും വായയിൽ തിരുകിയ തുണികളെല്ലാം എടുത്തുമാറ്റി നാവ് പുറത്തേക്ക് പിടിച്ച് വലിച്ച് മുറിച്ചെടുക്കുന്നു.

കട്ടിതുണികൊണ്ട് കണ്ണുകെട്ടി കാട്ടുമുക്കിൽ ഇറക്കിനിറുത്തുകയും മൂന്നുതവണ വട്ടം ചുറ്റിച്ച് പൊയ്ക്കോ എന്നു കല്പിച്ചുകൊണ്ട് ഒരു തള്ള് തരികയും ചെയ്തശേഷം അവർ ഓടി അകലുന്നു.

പിന്നെ എന്തെല്ലാമാണ് സംഭവിച്ചത്.

കത്തുന്ന കണ്ണുകളോടെ തിളങ്ങിനിൽക്കുന്ന ആശുപത്രി. വായിൽ നിന്നൊലിക്കുന്ന ചോരപ്പുഴയിൽ കമിഴ്ന്ന് കിടന്ന് ചിത്രേ എന്ന് വിളിക്കാനുഴറിയതുമാത്രം ഓർമ്മയുണ്ട്.

അതിവേഗത്തിൽ ചുറ്റികറങ്ങുന്ന ഡോക്ടർമാരുടേയും നഴ്സുമാരുടേയും ഇടയിൽ കിടന്ന് ഞാൻ കൺമിഴിക്കുന്നു. കിടക്കക്കരുകിൽ തലകീഴായിനിർത്തിയ കുപ്പിയിൽനിന്ന് ഞരമ്പുകൾ എന്നിലേക്ക് പടർന്നുകയറുന്നു.

എത്ര ശ്രമിച്ചിട്ടും ഒരക്ഷരം പറയാൻ കഴിയാതെ അവശമായ നാക്ക് തൊണ്ടയിൽ കുരുങ്ങി കിടക്കുന്നു.

ധൃതിപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടും ഓടുന്ന നഴ്സുമാരും ഡോക്ടർമാരും മറ്റൊരു ബന്ദിന് തയ്യാറെടുക്കുകയാണോ? നൈ ലോൺ വലകെട്ടുകൾക്കിടയിൽ അളിഞ്ഞവശയായി കിടക്കുന്ന ചിത്രയെ തിരയുകയായിരുന്നു എന്റെ കണ്ണുകൾ.

## കുട്ടികളുടെ കഥ

# സ്നേഹത്തിന്റെ വില



ആദർശ് ബി.കെ.
VIII th std.
സെന്റ് ജോസഫ് സ്കൂൾ

മഞ്ചാടിക്കുന്നിലെ ഗ്രാമത്തിൽ ഒരു സർക്കസ് കമ്പനി വന്നു കൂടാരം കെട്ടി. സർക്കസ്സ് കമ്പനിയിൽ ധാരാളം മൃഗങ്ങളും പക്ഷികളും അഭ്യാസപ്രകടനത്തിനായി ഉണ്ടായിരുന്നു. ഉടൻതന്നെ സർക്കസ്സ് കാണണമെന്ന മോഹമായിരുന്നു എല്ലാവർക്കും. എന്നാൽ ടിക്കറ്റ് വാങ്ങാൻ കഴിയാത്ത ധാരാളം കുട്ടികൾ ആ ഗ്രാമത്തിൽ തന്നെ വാസമുണ്ട്. അവർക്ക് സർക്കസ്സിനെക്കുറിച്ചാലോചിക്കുമ്പോൾ വളരെയധികം ദുഃഖമുണ്ടായിരുന്നു. സർക്കസ്സിന്റെ മാനേജർ വലിയ ദയാലുവാണ്. കുട്ടികളുടെ വിഷമം മനസ്സിലാക്കിയ മാനേജർ മൃഗങ്ങൾക്കുള്ള ഭക്ഷണം കൊണ്ടുവന്നാൽ ടിക്കറ്റ് തരാമെന്നവരോട് പറഞ്ഞു. ചില കുട്ടികൾ കോഴിയും മുട്ടയും ഒക്കെയായി വന്നു മാനേജരെ കണ്ടു സർ ക്കസ്സു കണ്ടു. എന്നാൽ പാവം ഉണ്ണിക്കുട്ടൻ ഒരു പട്ടികുഞ്ഞിനേയും ആയിട്ടാണ് സർക്കസ്സ് കാണാൻ വന്നത്.

പട്ടികുഞ്ഞിനെ മാനേജർ ഉണ്ണിക്കുട്ടനിൽ നിന്നും വാങ്ങി തന്റെ സിംഹത്തിനുള്ള ഭക്ഷണമായി നൽകി. പേടിച്ചരണ്ട പട്ടികുഞ്ഞ് കൂടിന്റെ ഒരു മൂലയിലിരുന്ന് സിംഹത്തെ വീക്ഷിക്കുകയായിരുന്നു. ഇതുവരെ കാണാത്ത ഒരു മൃഗത്തെ കണ്ടപ്പോൾ പട്ടികുഞ്ഞിന്റെ മനസ്സിൽ പേടി വർദ്ധിച്ചു.

സിംഹവും അപ്പോഴൊക്കെ പട്ടികുഞ്ഞിനെതന്നെ വീക്ഷിക്കുകയായിരുന്നു. അലിവുതോന്നിയ സിംഹം കൂട്ടിലിരുന്ന ഭക്ഷണം പട്ടികുഞ്ഞുമായി പങ്കുവെച്ചു



കഴിച്ചു. പിറ്റേന്നു മാനേജർ നൽകിയ ഭക്ഷണവും അവർ ഒരുമിച്ചുതന്നെ പങ്കിട്ടു കഴിച്ചു. കുറച്ചുദിവസം കൊണ്ടവർ ഇണപിരിയാത്ത നല്ല ചങ്ങാതിമാരായി. പിന്നീടുള്ള ദിവസങ്ങളിൽ സദാസമയവും പട്ടികുഞ്ഞ് സിംഹത്തിന്റെ പുറത്ത് കയറി പല അഭ്യാസപ്രകടനങ്ങളിലുമേർപ്പെടും. സിംഹത്തിന്റെ പുറത്തിരുന്നു പല അഭ്യാസപ്രകടനങ്ങളും കാണിക്കുന്ന പട്ടികുഞ്ഞിന്റെ ചിത്രം പത്രങ്ങളിൽ വന്നു. പത്രവാർത്ത കണ്ട ഉണ്ണിക്കുട്ടൻ അപ്പോൾ തന്നെ തന്റെ പട്ടികുഞ്ഞിന്റെ അഭ്യാസപ്രകടനങ്ങൾ കാണാൻ വീണ്ടും സർക്കസ്സുകൂടാരത്തിലെത്തി.

സിംഹത്തിന്റെ പുറത്തിരുന്ന് അഭ്യാസങ്ങൾ കാണിച്ചുകൊണ്ടിരിക്കെ ഉണ്ണിക്കുട്ടനെ കണ്ട പട്ടികുഞ്ഞ് അവന്റെ അടുത്തേക്ക് ഓടി ചെന്നു. ഈ കാഴ്ച കണ്ട് സിംഹം അലറാൻ തുടങ്ങി. സർക്കസു കണ്ടുകൊണ്ടിരുന്ന ആളുകൾ പരിഭ്രാന്തരായി. സർക്കസ് കമ്പനിയിലെ ഒരു ജോലിക്കാരൻ പട്ടികുഞ്ഞിനെ പിടിച്ച് വീണ്ടും സിംഹത്തിനടുത്തേക്ക് എത്തിച്ചു. അപ്പോഴാണ് സിംഹത്തിന്റെ അലർച്ച നിലച്ചത്. സിംഹവും പട്ടികുഞ്ഞും കൂടാരത്തിലേക്ക് മടങ്ങി. തന്റെ പട്ടികുഞ്ഞിന്റെ ഓർമ്മകളുമായി ഉണ്ണികുട്ടൻ വീട്ടിലേക്കും. ■

വധുവിന്റെയും വരന്റേയും കുടുംബങ്ങളെ ഫോണിലൂടെ നേരിട്ടോ, എഴുത്തുകുത്തുകളിലൂടെയോ "നക്ഷത്രരാജ്യം മാസിക" ക്ലാസിഫൈഡിലൂടെ ബന്ധിപ്പിച്ചുകൊണ്ട് നിങ്ങളുടെ മകന്റെ അല്ലെങ്കിൽ മകളുടെ, സഹോദരന്റെ അല്ലെങ്കിൽ സഹോദരിയുടെ വിവാഹത്തിന് ആശംസകളുടെ പൂച്ചെണ്ടു നൽകുന്നതിന്

**നക്ഷത്രരാജ്യം മാസിക ക്ലാസിഫൈഡ്**

പരസ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഓഫീസുമായോ, നേരിട്ടോ, അല്ലെങ്കിൽ 390 രൂപ പരസ്യതുക പോസ്റ്റോഫീസ് മുഖേന മണി ഓർഡർ അയച്ചോ ബന്ധപ്പെടുക. അഡ്രസ്സ് :

**നക്ഷത്രരാജ്യം മാസിക,**
**വിവാഹ ക്ലാസിഫൈഡ് സെക്ഷൻ,**
**നക്ഷത്ര രാജ്യം മാസിക, 24/1704 (എ),**
**രാജ് ബിൽഡിംഗ്, ബൈപാസ് റോഡ്,**
**മാങ്കാവ്, കോഴിക്കോട് -673 007, കേരള**
**Mob : 9744233997, 9847649567**



**എം.സി. ഷാജി പീതാംബരൻ**

# സ്നേഹതീരത്തേക്കുള്ള വഴിവിളക്ക്

സായാഹ്ന സൂര്യന്റെ കിരണങ്ങൾ ചുവന്ന വർണങ്ങൾ വാരിയെറിയാൻ തുടങ്ങി. നഗരം കൂടുതൽ തിരക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥരും വിദ്യാർഥികളും മറ്റു ജോലിക്കാരെല്ലാവരും വേഗത്തിൽ വീടുകളിലെത്താനുള്ള പാച്ചിലാണ്. ഈ തിരക്കിൽ നിന്നെല്ലാം ഒഴിഞ്ഞു മാറി അയാൾ നഗരത്തിലെ പുൽമൈതാനത്തിലേക്ക് നടന്നു.

നഗരത്തിനു നടുവിലെ പച്ചപ്പട്ടണിഞ്ഞ വിശാലമായ മൈതാനം അതിന് ചുറ്റം പടർന്ന് പന്തലിച്ച മരക്കൂട്ടങ്ങൾ . താഴെ വർണമനോഹരമായി പൂക്കൾ നിറഞ്ഞു നിൽക്കുന്ന കുറ്റിച്ചെടികൾ. ഇവയോട് ചേർന്ന് വിശാലമായികിടക്കുന്ന കുളം . കുളത്തിനരികിൽ ആളുകൾക്ക് ഇരിക്കാനായി കൽബെഞ്ചുകൾ. നഗര മധ്യത്തിലാണെങ്കിലും ഗ്രാമീണ ശാന്തത തളം കെട്ടി നിൽക്കുന്നിടം.

അയാൾ ആ മൈതാനത്തിന്റെ ആളൊഴിഞ്ഞ മൂലയിൽ ചെന്നിരുന്ന് അവിടേക്ക് പ്രവേശിക്കുന്ന ആളുകളെ വെറുതെ ശ്രദ്ധിക്കാൻ തുടങ്ങി. വിഭിന്ന തരക്കാരായ ആളുകൾ. പലരും പല പ്രായക്കാർ. ചിലർ നവദമ്പതിമാരാണെന്ന് മടിയിൽ തല വെച്ചു കിടക്കുന്നതു കണ്ടാലറിയാം. ചിലർ കാമുകീകാമുകൻമാരാണ് – മൈതാനത്ത് സ്വൈര്യമായിരുന്നു കിന്നാരം പറയുകയാണ്. ചിലർ ബാഗിൽ നിന്നും പുസ്തകമെടുത്ത് അതിൽ മുഴുകിയിരിക്കുന്നു. ആർക്കും ആരെയും പരിചയമില്ല. എല്ലാവർക്കും അവരുടേതായ ലോകം മാത്രം.

ഇങ്ങനെ എല്ലാവരെയും വീക്ഷിച്ചുകൊണ്ടിരുന്ന അയാളുടെ മിഴികൾ പെട്ടന്ന് അവിടേക്കു വന്ന സുന്ദരിയായ പെൺകുട്ടിയിൽ തങ്ങി ഒരു നിമിഷം നിശ്ചലമായി.

മഞ്ഞപ്പാവാടയും കുപ്പായവുമായിരുന്നു അവളുടെ വേഷം. നിതംബത്തോളമെത്തുന്ന അഴിച്ചിട്ട അവളുടെ മുടികളിൽ തുളസിക്കതിർ തിരുകിവെച്ചിട്ടുണ്ട്. നിലാവുപോലെ സുന്ദരമായ അവളുടെ മുഖം മുഖത്തെ നെറ്റിത്തടത്തിലെ ചന്ദനം അവളുടെ മുഖം കൂടുതൽ പ്രകാശമാക്കിയിരുന്നു.

തിരക്കുള്ള മൈതാനത്തു നിന്നും അവൾ നേരെ അയാളിരുന്ന ആളൊഴിഞ്ഞ ഭാഗത്തേക്കു വന്നു. പിന്നെ അയാളെയും കടന്നുകൊണ്ട് കുളത്തിനരികിലെ കൽബെഞ്ചിൽ ചെന്നിരുന്ന് കുറേ നേരം ആകാശത്തിലേക്ക് നോക്കി നിന്ന ശേഷം ഒരു ദീർഘനിശ്വാസത്തോടെ ബാഗിൽ നിന്നും കടലാസെടുത്ത് അതിൽ എന്തോ എഴുതുന്നത് അയാൾ നോക്കിയിരുന്നു.

പെട്ടന്ന് അന്തരീക്ഷമാകെ മാറി. അതുവരെ ശാന്തമായിരുന്ന കാറ്റ് ശക്തമായി വീശാൻ തുടങ്ങി. ആ കാറ്റിൽ അവൾ എഴുതികൊണ്ടിരുന്ന കടലാസ് വായുവിൽ നൃത്തം വെച്ചുകൊണ്ട് അയാളുടെ അരികിൽ വന്നു വീണു. വെറുതെ അവളെഴുതിയത് എന്താണെന്നറിയാനുള്ള ആകാംക്ഷയാൽ അയാൾ അതെടുത്ത് വായിച്ചു .

പ്രിയപ്പെട്ട അച്ഛന്,

എന്നെ ഇവിടെ നിന്നും പറഞ്ഞയക്കാൻ നിങ്ങൾ പ്രയാസപ്പെടണമെന്നില്ല. ഞാൻ ആർക്കും ഒരു ശല്യമാവില്ല. ആരുടെ ജീവിതത്തിനും ഒരു തടസ്സമാവില്ല. ഈ

ലോകത്തു നിന്നും എന്നെന്നേക്കുമായി യാത്രയാവുകയാണ്. ഈ എഴുത്ത് നിങ്ങളുടെ കൈകളിലെത്തുമ്പോഴേക്കും ഈ മകൾ ആകാശത്തിലെ അനന്തകോടി നക്ഷത്രങ്ങളിൽ ഒന്നായിട്ടുണ്ടാവും. അവസാനമായി ഒരിക്കൽ കൂടി യാത്ര ചോദിക്കുന്നു.

എന്ന്

ദീപ

തന്റെ ഉള്ളിലുള്ള രഹസ്യം മറ്റൊരാൾ അറിഞ്ഞതിലുള്ള ജാള്യതയോടെ അവൾ ആ എഴുത്തിനായി അയാളുടെ മുമ്പിൽ വന്ന് കൈ നീട്ടി. അപ്പോൾ അയാൾ ചോദിച്ചു.

കുട്ടി.... കുഞ്ഞു നാളിൽ മരിച്ചുപോയ എന്റെ അനുജത്തി ഉണ്ടായിരുന്നെങ്കിൽ ഇന്ന് നിന്റെയീ പ്രായം കാണും. എപ്പോഴും ഉണ്ണിയേട്ടാ ഉണ്ണിയേട്ടാ എന്നു വിളിച്ച് എന്റെയടുത്തു വന്ന് പരിഭവം പറയാറുള്ള എന്റെ ചിന്നുമോളുടെ സ്ഥാനത്ത് ഒരു നിമിഷം നിന്നെ കണ്ടോട്ടെ. എന്നിട്ട് ഒരേട്ടന്റെ സ്വാതന്ത്ര്യത്തോടെ ചോദിക്കട്ടെ. എന്തിനാണ് മോളെ ജീവിതത്തിൽ നിന്നും ഈ ഒളിച്ചോട്ടം.

അവളുടെ നിറഞ്ഞ മിഴികൾ ഒരു നിമിഷം അയാളിൽ തന്നെ തറച്ചു നിന്നു. ജീവിതത്തിൽ എത്രയോ പെരെ കണ്ടിട്ടുണ്ട്. പരിചയപ്പെട്ടിട്ടുണ്ട്. പലരും അടുപ്പം കാട്ടാൻ ശ്രമിച്ചത് തന്റെ സൗന്ദര്യം കൊണ്ടു മാത്രമാണ് പക്ഷേ ആദ്യമായാണ് ഒരു സഹോദരന്റെ സ്നേഹത്തോടെ മനസ്സിന്റെ അടിത്തട്ടിൽന നിന്നും ഇങ്ങനൊയൊരു ചോദ്യം കേൾക്കുന്നത്. ആ ആത്മാർത്ഥമായ ചോദ്യത്തിന് മുമ്പിൽ അവൾക്ക് മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല.

ഒരു ഭാഗ്യം കെട്ടവളാണ് ഞാൻ. എനിക്ക് ഒരു വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. പിന്നെ ആകെ ഉണ്ടായിരുന്നത് അച്ഛനാണ്. ഡോക്ടർ ശേഖർദാസ്. ആ അച്ഛനും ഇപ്പോഴെന്ന വേണ്ടാതായി. അവളുടെ കണ്ണുകളിൽ നിന്ന് നീർച്ചാലുകൾ ഒലിച്ചിറങ്ങി. മാറിടമാകെ നനഞ്ഞു കുതിർന്നു.

ആകാംക്ഷ മനസ്സിലേക്ക് തികട്ടി വന്നപ്പോൾ അറിയാതെ അവളുടെ ദുഃഖത്തിന്റെ കാരണമറിയാൻ ചോദിച്ചുപോയി.

ഉം അതെന്തേ?.

ഒരു പളുങ്കു പാത്രത്തിലിട്ട പരൽ മീനിനെ പോലെ തുടിക്കുന്ന അവളുടെ കണ്ണുകൾ ഒരു നിമിഷം ഒന്നു നിശ്ചലമായി. ജീവിതത്തിലെ സകല പ്രതീക്ഷകളും നഷ്ടപ്പെട്ടവളെ പോലെ അവളെന്നെ ഒന്നു നോക്കി.

മെഡിസിൻ കഴിഞ്ഞ എനിക്ക് ഇവിടെ തന്നെ ഡോക്ടറായി പ്രാക്ടീസ് ചെയ്യണം എന്നായിരുന്നു ആഗ്രഹം. പക്ഷെ ഇംഗ്ലണ്ടിൽ നിന്നും എനിക്കു കിട്ടിയ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തണമെന്ന് അച്ഛന് ഒരേ നിർബന്ധം. അതിനാൽ നാളെ തന്നെ യാത്ര തിരിക്കണമെന്ന് അച്ഛൻ കർശനമായി പറഞ്ഞിരിക്കാ.

ഓ!. നീയെന്താണ് കുട്ടി പറയുന്നത്. നിന്നോടുള്ള സ്നേഹം കൊണ്ടല്ലേ നിന്നെ പഠിക്കാനയക്കുന്നത് സന്തോഷിക്കുകയല്ലേ വേണ്ടത്.

സന്തോഷം. അവിടെയാണ് നിങ്ങൾക്കു തെറ്റു പറ്റിയത്. പരിഭവത്തോടെ അവൾ പറഞ്ഞു.

എന്റെ ഉയർച്ച ആഗ്രഹിച്ചല്ല അച്ഛനെന്ന പറഞ്ഞയക്കുന്നത് പകരം എന്നെ ഒഴിവാക്കി അച്ഛന് ഒരു പുതിയ കല്യാണം കഴിക്കാനാണ്.

കല്യാണം കഴിക്കാനോ?. നിന്നെ പോലെ വിവാഹ പ്രായമെത്തിയ മകളുണ്ടായിട്ടും ഈ വയസ്സുകാലത്ത് കല്യാണം കഴിക്കോ?. എനിക്ക് തീരെ വിശ്വസിക്കാൻ കഴിയുന്നില്ല. അയാൾ സംശയം പ്രകടിപ്പിച്ചു.

ശരിയാണ് എനിക്കും ആദ്യം വിശ്വാസമായിരുന്നില്ല. കാരണം അത്രയേറെ അച്ഛനെന്നെ സ്നേഹിച്ചിരുന്നു. അമ്മ മരിച്ചപ്പോൾ പലരും അച്ഛനോട് ഒരു പുതിയ വിവാഹം കഴിക്കാൻ പറഞ്ഞതാ, പക്ഷേ പുതുതായി വരുന്ന ഭാര്യക്ക് തന്റെ

മകളെ സ്നേഹിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് അച്ഛനതെല്ലാം തട്ടിമാറ്റി എനിക്ക് വേണ്ടി മാത്രം ജീവിക്കുകയായിരുന്നു.

അങ്ങിനെയുള്ള അദ്ദേഹത്തിന് പെട്ടെന്നെന്തായിരുന്നു ഒരു മാറ്റം?.

ഗദ്ഗദം കൊണ്ടവളുടെ വാക്കുകൾ നേർത്തു. ഈ അടുത്ത കാലം വരെ ഞങ്ങൾ പരസ്പരം സ്നേഹത്തോടെയാണ് കഴിഞ്ഞത്. എന്നാൽ പെട്ടന്ന് അച്ഛനിൽ ചില മാറ്റങ്ങൾ വന്നു തുടങ്ങി. എന്നോട് ഒരകലം പാലിക്കാൻ തുടങ്ങി. അവൾക്ക് ആരോടോ പകയുള്ളതു പോലെ അവളുടെ കണ്ണുകൾ ഒന്നു വിടർന്നു. മുഖമൊന്നു വലിഞ്ഞു മുറുകികൊണ്ട് വീണ്ടും പറഞ്ഞു തുടങ്ങി. ഹോസ്പിറ്റലിൽ അച്ഛന്റെ കൂടെ വർക്കു ചെയ്യുന്ന ലേഡി ഡോക്ടറെ ചേർത്ത് പലരും പല കഥകളും പറയാറുണ്ട്. ആദ്യമൊന്നും ഞാനതത്ര കാര്യമാക്കിയില്ല. പക്ഷേ പിന്നീട് എനിക്കും അത് ബോധ്യമായി തുടങ്ങി. വീട്ടിൽ പരിശോധനക്ക് വരുന്ന രോഗികളെ അച്ഛൻ നോക്കാതായി. പലരെയും മറ്റു ഡോക്ടർമാരുടെ അടുത്തേക്ക് പറഞ്ഞയച്ചു. വീട്ടിൽ രോഗികൾ വരാതെയായി. പകരം ആ സ്ത്രീ എന്റെ വീട്ടിലെ നിത്യ സന്ദർശയായി.

ഇന്നലെ ക്ലാസു കഴിഞ്ഞ് ഞാൻ വീട്ടിലേക്ക് കയറുന്ന സമയത്ത് രോഗിയായ ഒരു കുഞ്ഞിനെയുമെടുത്ത് കരഞ്ഞ് ഒരമ്മ എന്റെ വീട്ടിൽ നിന്നും ഇറങ്ങി വരുന്നതു കണ്ടു കാര്യമന്വേഷിച്ചപ്പോൾ ഒരു മകൾക്ക് അച്ഛനെക്കുറിച്ച് പറയാൻ കൊള്ളാവുന്ന വാക്കുകളല്ല ആ സ്ത്രീ എന്നോട് പറഞ്ഞത്. അവളുടെ മനസ്സിൽ അമർഷം നുരഞ്ഞു പൊന്തി തൊണ്ടയിൽ വാക്കുകൾ കുരുങ്ങി. പ്രയാസത്തോടെ വാക്കുകൾക്ക് വേണ്ടി അവളൊന്നു പുളഞ്ഞു.

അവർ പറഞ്ഞു. കുറേനേരമായി ഡോക്ടറെ കാത്തിരിക്കുന്നു. പക്ഷേ അദ്ദേഹം അകത്ത് ആ ലേഡി ഡോക്ടറുമായി കിന്നാരം പറഞ്ഞിരിക്കാ. ഇനിയും ഇവിടെ നിന്നാൽ എനിക്കെന്റെ കുട്ടി നഷ്ടപ്പെടും.

അച്ഛനോടുള്ള വിദ്വേഷം ഉള്ളിലൊതുക്കി വീട്ടിലെത്തിയ എന്നെ കണ്ടപാടെ എന്തോ ഒളിക്കുന്ന പോലെ അച്ഛനൊരു പരുങ്ങൽ. എന്റെ മുഖത്തെ അനിഷ്ടം കണ്ടിട്ടാവാം ആ സ്ത്രീ അപ്പോൾ തന്നെ അവിടെ നിന്നും ഇറങ്ങിപ്പോയി. അപ്പോൾ ഒരു കുറ്റവാളിയെ പോലെ മുഖത്തു നോക്കാതെ അച്ഛനെന്നോടു പറഞ്ഞു.

നിനക്ക് ഇംഗ്ലണ്ടിൽ പോവാനുള്ള എല്ലാ എറേഞ്ച്മെന്റും ചെയ്തിട്ടുണ്ട്. അതിനാൽ നാളെ തന്നെ പോവാൻ തയാറായി കൊള്ളൂ.

ഞാനെവിടേക്കും പോണില്ല. എന്നെയാരും പറഞ്ഞയക്കുകയും വേണ്ട.

അത് നീയല്ല തീരുമാനിക്കേണ്ടത്. ഞാനാണ്. നിന്നെയിനീ ഇവിടെ നിറുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ഇതുവരെ കാണാത്ത ഒരു ഭാവത്തോടെയാണ് അച്ഛൻ അപ്പോൾ സംസാരിച്ചിരുന്നത്. അത് കണ്ടപ്പോൾ അമർഷത്തോടെ എനിക്കും പറയേണ്ടി വന്നു.

ഓ അതു ശരി. അപ്പോൾ എന്നെ പറഞ്ഞയച്ച് ഇവിടെ നിന്ന് ഇപ്പോൾ ഇറങ്ങിപ്പോയ ആ സ്ത്രീയെ കൂടെ പൊറുപ്പിക്കാനാവും ഉദ്ദേശ്യം.

അതെ അതു തന്നെയാണ് ഉദ്ദേശ്യം. ഇത്രയും കാലം ഞാൻ നിനക്കു വേണ്ടി ജീവിച്ചു. ഇനിയെങ്കിലും എനിക്കൊന്നു ജീവിക്കണം. തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനുള്ളിൽ വെച്ചു വളർത്തും. എന്നാൽ പ്രായമായിക്കഴിഞ്ഞാൽ കോഴി തന്നെ കുഞ്ഞുങ്ങളെ കൊത്തിപ്പറത്തും. അതേ പോലെ നിനക്കു പ്രായപൂർത്തിയായി. ഇനി നിന്റെ കാര്യങ്ങൾ നീ തന്നെ നോക്കണം. നീ ഇംഗ്ലണ്ടിൽ പോയാലും ഞാനിവിടെ തനിച്ചാവില്ല. നാളെ മുതൽ ആ ഡോക്ടറിവിടെ താമസം തുടങ്ങുകയാണ്. അതിനാൽ നാളെ തന്നെ പോവാൻ തയാറായിക്കൊള്ളൂ എന്ന് പറഞ്ഞ് അച്ഛൻ ഇറങ്ങിപ്പോയി.

അന്നു രാത്രി മുഴുവൻ ഞാൻ ഉറങ്ങിയില്ല. മനസ്സിൽ ദുഃഖത്തിന്റെ ഓളങ്ങളായിരുന്നു. ചിന്തകളുടെ പെരുമഴയായിരുന്നു. എത്ര ശ്രമിച്ചിട്ടും ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഒരു തീരുമാനമെടുത്തു. ഞാൻ മൂലം അച്ഛന് പുതിയൊരു ജീവിതമില്ലാതാവരുത് അതിന് ഞാൻ തന്നെ ഇല്ലാതാവുന്നതാണ് നല്ലതെന്ന്.

ഉള്ളിലെ ദുഃഖത്തിന്റെ ബാഹ്യകാഴ്ചയായ കണ്ണുനീർ തുടച്ചു കൊണ്ട് അവൾ പറഞ്ഞു നിറുത്തി.

അപ്പോൾ അയാൾ അവളെഴുതിയ കടലാസ് പല തുണ്ടാക്കി എറിഞ്ഞുകൊണ്ട് സ്നേഹത്തോടെ അവളുടെ അരികിലേക്ക് ഒന്നു കൂടെ ചേർന്നുകൊണ്ടു പറഞ്ഞു.

നോക്കു കുട്ടി, ആ തോട്ടത്തിലേക്ക്. നിറയെ മൊട്ടിട്ടു നിൽക്കുന്ന ആ പൂമൊട്ടുകൾ കണ്ടോ?. അതു വിരിയുന്നതും കാത്ത് വട്ടമിട്ടു പറക്കുന്ന പൂമ്പാറ്റകളെ നോക്കൂ. ഇപ്പോൾ പോയി ആ മൊട്ടുകൾ ഒടിച്ചു കളയുന്ന ക്രൂരതയൊന്നോർത്തു നോക്കൂ. അതേ പോലെ വിടരാൻ പോവുന്ന പൂമൊട്ടാണ് നീയും. നീയൊരു വലിയ ഡോക്ടറാവേണ്ടത് അച്ഛനു വേണ്ടിയല്ല ഈ സമൂഹത്തിന് വേണ്ടിയാണ്. വിശന്നു വരുന്ന വണ്ടിനും പാറ്റക്കും കുഞ്ഞിക്കിളികൾക്കും തേൻ കൊടുക്കുന്ന പൂവിനെ പോലെ ചികിത്സ തേടിയെത്തുന്ന പാവപ്പെട്ടവർക്കു തേനാകുന്ന മരുന്നു നല്കി നീയവരെ ജീവിതത്തിലേക്ക് കൊണ്ടുവരണം. അതിനാൽ മനസ്സിലെ വേണ്ടാത്ത ചിന്തകളെല്ലാം മാറ്റി പോയി മിടുക്കിയായി

മടങ്ങി വരൂ. അച്ഛൻ നിന്നെ ഉപേക്ഷിച്ചെങ്കിലും നിനക്ക് ഈ ഏട്ടനുണ്ട്. എന്റെ കൂടെ വീട്ടിലേക്ക് വരൂ. അവിടെ സ്നേഹിക്കാൻ മാത്രമറിയുന്ന ഡോക്ടറായ എന്റെ അമ്മയുണ്ട്. ഞങ്ങൾക്ക് നഷ്ടപ്പെട്ട ഞങ്ങളുടെ ചിന്നുമോളെ പോലെ നിനക്കവിടെ കഴിയാം.

അനുസരണയുള്ള അനുജത്തിയെ പോലെ അയാളുടെ കൂടെ വീട്ടിലേക്ക് കയറുമ്പോൾ അവളുടെ മനസ്സിൽ ദുഃഖങ്ങളെല്ലാം ഒഴിഞ്ഞ് ഒരു പുതിയ വെളിച്ചമായിരുന്നു.

വീട്ടിലെത്തിയ അയാൾ അമ്മയെ നീട്ടി വിളിച്ചു. പക്ഷേ മറുപടി വരാഞ്ഞ് അയാൾ അകത്തു കയറി നോക്കി അവിടെയും അമ്മയെ കാണാഞ്ഞ് അയാൾ ചിന്തിച്ചു. തന്നോടു പറയാതെ ഒരിടത്തും പോവാത്തതാണ് അമ്മ. പിന്നിത് എവിടെപ്പോവാനാണ്. പെട്ടന്ന് അയാളുടെ കണ്ണുകൾ മേശപ്പുറത്തിരിക്കുന്ന എഴുത്തു കണ്ടു. ഉടനെ അതെടുത്ത് വായിച്ച് സ്തംഭിച്ചു നിൽക്കുന്ന അയാളുടെ അരികിൽ വന്ന് അവൾ കാര്യം തിരക്കി. അപ്പോൾ ഒരു യന്ത്രത്തെ പോലെ അയാൾ ആ എഴുത്ത് അവൾക്കു നേരെ നീട്ടി. അവളതു വാങ്ങി വായിച്ചു.

ഉണ്ണിക്കുട്ടന്... അമ്മ കുറച്ചു ദിവസത്തേക്ക് ഡോക്ടർ ശേഖർദാസിന്റെ വീട്ടിലേക്ക് താമസം മാറ്റുകയാണ്. നിന്നോട് എല്ലാം തുറന്ന് പറഞ്ഞ് പോവണമെന്നാണ് കരുതിയത്. പക്ഷേ പെട്ടന്ന് തന്നെ പോവേണ്ടി വന്നു. അതുകൊണ്ടാണ് ഇങ്ങനെ ഒരെഴുത്തെഴുതുന്നത്. ശേഖർദാസിനെക്കുറിച്ച് ആർക്കും അറിയാത്ത സ്വന്തം മകൾക്കു പോലും അറിയാത്ത ഒരു രഹസ്യമുണ്ട്. മരണം കാത്തു കഴിയുന്ന ഒരു രോഗിയാണ് അദ്ദേഹമെന്ന സത്യം. ഇന്ന് അദ്ദേഹം ആകെ വിഷമത്തിലാണ്. മരിക്കുന്നതിന് മുമ്പ് മകൾ ഒരു ഉയർന്ന നിലയിലെത്തണമെന്ന് അദ്ദേഹത്തിന് അതിയായ ആഗ്രഹമുണ്ട്. അതുകൊണ്ടാണ് തന്റെ മകൾക്ക് ഇംഗ്ലണ്ടിൽ നിന്നും കിട്ടിയ സ്കോളർഷിപ്പിന് അവളെ പറഞ്ഞയക്കാൻ അദ്ദേഹം പുറപ്പെടുന്നത്. തന്റെ രോഗ വിവരമറിഞ്ഞാൽ ഒരിക്കലും അച്ഛനെ വിട്ട് മകൾ ഇംഗ്ലണ്ടിലേക്ക് പോവില്ലെന്ന് അദ്ദേഹം ഭയക്കുന്നു. അതിനാലാണ് അവളിൽ നിന്നും തന്റെ രോഗ വിവരം ഡോക്ടർ മറച്ചുവെച്ചത്. ജീവിതത്തിൽ എന്തിനേക്കാളാരെ സ്വന്തം മകളെ സ്നേഹിക്കുന്ന അദ്ദേഹത്തിന് മകളുടെ ഉയർച്ചക്ക് തന്റെ രോഗം തടസ്സമാവരുതെന്ന് നിർബന്ധമുണ്ട്. അതുകൊണ്ടാണ് അവളെ പറഞ്ഞയക്കാൻ ഡോക്ടർ ഇങ്ങനെയൊരു വളഞ്ഞ വഴി സ്വീകരിച്ചത്.

ഞങ്ങളുടെ ബന്ധം പവിത്രമാണെങ്കിലും ഞങ്ങളെക്കുറിച്ച് പലർക്കും തെറ്റിധാരണയുണ്ട്. അദ്ദേഹത്തിന്റെ മകൾക്കടക്കം. അവളുടെ ആ തെറ്റിധാരണ തന്നെ അവളെ പറഞ്ഞയക്കാനുള്ള ഒരായുധമായി അദ്ദേഹം ഉപയോഗിക്കുകയാണ്. അതുകൊണ്ടാണ് കുറച്ചു ദിവസത്തേക്ക് ഡോക്ടർ എന്നോട് അദ്ദേഹത്തിന്റെ വീട്ടിൽ നിൽക്കാൻ ആവശ്യപ്പെട്ടത്. അങ്ങിനെ അദ്ദേഹത്തെ വെറുത്തെങ്കിലും അവൾ ഇംഗ്ലണ്ടിലേക്ക് പോവുമെന്ന് അദ്ദേഹം കരുതുന്നു.

അതുകൊണ്ട് ആളുകൾ കരുതുന്നതുപോലെ അദ്ദേഹത്തിന്റെ ഭാര്യയായല്ല അമ്മ പോവുന്നത്. ഏതാനും നാളുകൾ മാത്രം ജീവൻ വിധിക്കപ്പെട്ട മരണത്തിന്റെ കാലൊച്ച കാതോർത്തു കഴിയുന്ന സ്നേഹനിധിയായ ആ അച്ഛന്റെ മകളെക്കുറിച്ചുള്ള അന്ത്യാഭിലാഷം നിറവേറ്റാനുള്ള ഒരു നിമിത്തമായാണ് അമ്മ പോവുന്നത്. ബാക്കിയെല്ലാം നേരിട്ടു പറയാം. നിറുത്തട്ടെ.

എഴുത്തു വായിച്ച് തന്നെ ഇത്രയേറെ സ്നേഹിച്ച അച്ഛനെ വെറുത്തതിലുള്ള കുറ്റബോധത്താലും അച്ഛനെ മരണം മാടിവിളിക്കുകയാണെന്ന സത്യം മനസ്സിലാക്കിയും ഒരു കൊച്ചുകുട്ടിയെ പോലെ പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ അയാളുടെ മാറിലേക്ക് വീണു. അവളുടെ കണ്ണിൽ നിന്നു വീണ കണ്ണീർ ചാലുകൾ ഒരു പുഴ പോലെ അയാളെ നെഞ്ചിലേക്കൊഴുകുമ്പോൾ ഒരു ജ്യേഷ്ഠന്റെ വാത്സല്യത്തോടെ അയാളവളുടെ തലയിൽ തലോടി.

ഒടുവിൽ തേങ്ങിക്കൊണ്ടവൾ പറഞ്ഞു. അമ്മേ, അമ്മ ചെയ്തതാണ് ശരി. നിങ്ങളുടെ വലിയ മനസ്സിന് മുമ്പിൽ ഞാനാരുമല്ല. നിങ്ങളെ വെറുത്തതിന് എന്നോടു പൊറുക്കണം. ഞാനും എന്റെ ഏട്ടനും കൂടി ഉടനെ തന്നെ അവിടേക്ക് വരുന്നുണ്ട്. എന്റെ അച്ഛന്റെ ആഗ്രഹം നിറവേറ്റാനായി ആ പാദങ്ങൾ തൊട്ട് അനുഗ്രഹം വാങ്ങി മനസ്സിൽ ഒരായിരം മുള്ളുകൾ കുത്തിയിറങ്ങുന്ന വേദനയിലും എന്റെ അച്ഛൻ അമ്മയുടെയും ഏട്ടന്റെയും കൈകളിൽ സുരക്ഷിതമാണെന്ന വിശ്വാസത്തിൽ ഈ മകൾ നാളെ തന്നെ ഇംഗ്ലണ്ടിലേക്ക് യാത്ര തിരിക്കും.

കണ്ണിൽ നിന്നൊഴുകുന്ന അവളുടെ കണ്ണുനീർ തുടച്ചുകൊണ്ട് അയാൾ അവളുടെ കൈപിടിച്ച് കാറിൽ കയറി. ആ കാർ ഡോക്ടർ ശേഖർദാസിന്റെ വീട് ലക്ഷ്യമാക്കി പാഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരു സാന്ത്വനം പോലെ ഒരു കുളിർകാറ്റ് അവരെ തലോടുന്നുണ്ടായിരുന്നു.


*വായിച്ചാസ്വാദിക്കുക ...*
*തുടർന്ന് വായിക്കുക....*

**നക്ഷത്രരാജ്യം**
**മാസിക**


ജോബിച്ചേട്ടാ ഇന്നെന്റെ ബെർത്ത് ഡേ ആണ്.
അപ്പോൾ ചെലവുണ്ട്.
ബെർത്ത് ഡേ ആയിട്ട് നീയെനിക്ക് എന്ത് സമ്മാനമാ തരാൻ പോകുന്നത്?
സമ്മാനം എനിക്കല്ലേ തരേണ്ടത്?
അതൊക്കെ ഔട്ട് ഓഫ് ഫാഷൻ അല്ലേ ശ്രീയേ..
മൊത്തത്തിൽ സാമ്പത്തിക പ്രതിസന്ധിയാണ് ചേട്ടാ...
ശരിയാ ഷീലീ.. ഞാനും കേട്ടു.
പ്രതിസന്ധിയിടെ വക നീ എനിക്ക് ചെലവ് ചെയ്യണ്ടേ പപ്പൂ...
ഇന്നത്തെ കാലത്ത് മാന്യമായി പ്രേമിക്കാൻ എന്തുമാത്രം കാശ് വേണം അല്ലേ?
അതെ, കാമുകിക്ക്!
അടുത്ത ദിവസം.
ഇതാ.. എന്റെ പിറന്നാളായിട്ട് ചേട്ടനുള്ള സമ്മാനം!
കലക്കി! ഇതിന് ചെലവുണ്ട്.. നിന്റെ വക!